# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 സെപ്റ്റംബർ 17 | ദീപം 53 | നാളം 19 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com


## ഖരമാലിന്യസംസ്കരണത്തിന് 2100 കോടി

# വെടിപ്പാകുമോ കേരളം?






ഇഗ്നേഷ്യസ് കലയന്താനി


**പ**രിസരശുചിത്വം വ്യക്തികളുടെ പൗരബോധത്തിന്റെ അടയാളമാണ്. അതിലുപരി അത് ഒരു നാടിന്റെ സംസ്കാരമാണ്. ആ സംസ്കാരം കാണണമെങ്കിൽ സിങ്കപ്പൂരിലോ ജപ്പാനിലോ പോകണം. അവിടെ രാജ്യത്തിന്റെ ഏതു കോണിൽ ചെന്നാലും മാലിന്യമുക്തറോഡുകളും മൈതാനങ്ങളും പൊതുസ്ഥലങ്ങളുമൊക്കെയാണ് കാണാൻ കഴിയുക. റോഡിൽ ഒരു കടലാസ് ഇടാൻപോലും ആരും ധൈര്യപ്പെടില്ല. കൊച്ചുന്നാൾമുതൽ കുട്ടികളെ പരിസരശുചിത്വത്തിന്റെ പ്രാധാന്യം പഠിപ്പിക്കുകയും ശീലിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് അത് ഒരു സംസ്കാരമായി അവരിൽ വളർന്നുവന്നു. ജനങ്ങളുടെ ആരോഗ്യരക്ഷയിൽ ശ്രദ്ധ ചെലുത്തുന്ന സർക്കാരും പരിസരശുചിത്വത്തിനും വ്യക്തിശുചിത്വത്തിനും മാലിന്യനിർമാർജനത്തിനും മുൻഗണന നൽകി.

ഇനി നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയൊന്നാലോചിച്ചുനോക്കൂ. മാലിന്യക്കൂമ്പാരത്താൽ വീർപ്പുമുട്ടുകയാണ് ഇന്ത്യ. അന്താരാഷ്ട്രഖരമാലിന്യ അസോസിയേഷന്റെ കണക്കുകൾപ്രകാരം, ഖരമാലിന്യം ഏറ്റവുമധികം ഉത്പാദിപ്പിക്കുന്ന രാഷ്ട്രങ്ങളിൽ ചൈനയ്ക്കും അമേരിക്കയ്ക്കും തൊട്ടുപിന്നിലാണ് ഇന്ത്യ. രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ പാതിയോളം മാത്രമേ ഇപ്പോൾ ശേഖരിച്ചു സംസ്കരിക്കപ്പെടുന്നുള്ളൂ. 2031 ആകുമ്പോഴേക്കും മൊത്തം ഖരമാലിന്യ ഉത്പാദനം 1.65 കോടി ടണ്ണായി മാറുമെന്നും 2050 ആകുമ്പോഴേക്കും അത് 4.36 കോടി ടണ്ണായി മാറുമെന്നുമാണ് കണക്കാക്കപ്പെടുന്നത്. വികസിതരാഷ്ട്രങ്ങൾ പലതും ഖരമാലിന്യത്തിൽനിന്ന് ഊർജോത്പാദനം നടത്തുമ്പോൾ ഇന്ത്യ ഇക്കാര്യത്തിൽ ബഹുദൂരം പിന്നിലാണ്. മികച്ച മാലിന്യനിർമാർജനസംവിധാനങ്ങൾ ഉണ്ടായാൽ ഇന്ത്യയിൽനിന്ന് 22 രോഗങ്ങളെ അകറ്റിനിറുത്താൻ കഴിയുമെന്നാണ് ലോകാരോഗ്യസംഘടന പറയുന്നത്.

ഇന്ത്യയിൽ ഒരു പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടാൽ നിമിഷനേരം മതി പതിനായിരങ്ങളിലേക്കു പടരാൻ. ഒരുദിവസം ഒരുലക്ഷം രോഗികൾ എന്ന റെക്കോർഡിട്ട് കൊവിഡ്വ്യാപനത്തിൽ നമ്മൾ ലോകത്ത് ഒന്നാം സ്ഥാനത്തെത്തിക്കഴിഞ്ഞു. ലോക്ഡൗണിലൂടെ തുടക്കത്തിൽ കൊറോണയെ പിടിച്ചുകെട്ടിയവരാണ് നമ്മൾ എന്നോർക്കുക. വ്യക്തിശുചിത്വത്തിനും ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശങ്ങൾക്കും ചിലരെങ്കിലും പുല്ലുവില കല്പിച്ചതുകൊണ്ടാണ് രാജ്യം ഈ ദുരവസ്ഥയിലേക്ക് എത്തിച്ചേർന്നത്. ഇത് അപകടകരമായ പോക്കാണെന്നു പറയാതെ വയ്യ.

**മാലിന്യക്കൂമ്പാരത്താൽ വീർപ്പുമുട്ടുകയാണ് ഇന്ത്യ. അന്താരാഷ്ട്രഖരമാലിന്യ അസോസിയേഷന്റെ കണക്കുകൾപ്രകാരം, ഖരമാലിന്യം ഏറ്റവുമധികം ഉത്പാദിപ്പിക്കുന്ന രാഷ്ട്രങ്ങളിൽ ചൈനയ്ക്കും അമേരിക്കയ്ക്കും തൊട്ടുപിന്നിലാണ് ഇന്ത്യ. രാജ്യത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ പാതിയോളം മാത്രമേ ഇപ്പോൾ ശേഖരിച്ചു സംസ്കരിക്കപ്പെടുന്നുള്ളൂ. 2031 ആകുമ്പോഴേക്കും മൊത്തം ഖരമാലിന്യ ഉത്പാദനം 1.65 കോടി ടണ്ണായി മാറുമെന്നും 2050 ആകുമ്പോഴേക്കും അത് 4.36 കോടി ടണ്ണായി മാറുമെന്നുമാണ് കണക്കാക്കപ്പെടുന്നത്.**

മാലിന്യത്തിന്റെ കാര്യത്തിൽ ദൈവത്തിന്റെ സ്വന്തം നാടായ കേരളവും വ്യത്യസ്തമല്ല. വീടുകളിൽ, പറമ്പുകളിൽ, റോഡുകളിൽ, ജലാശയങ്ങളിൽ എന്നുവേണ്ട എല്ലായിടത്തും മാലിന്യക്കൂമ്പാരമാണ്. ആളനക്കം കുറഞ്ഞ ഇടവഴികളിൽമുതൽ മെയിൻ റോഡിന്റെ അരികുകളിൽവരെ മാലിന്യം കുമിഞ്ഞുകൂടി കിടക്കുന്നു. മാലിന്യം സംസ്കരിക്കാൻ വീടുകളിൽ സൗകര്യമുള്ളവർപോലും അതു ചെയ്യാതെ പ്ലാസ്റ്റിക് കൂടുകളിൽ ശേഖരിച്ച് പൊതുസ്ഥലത്തു തള്ളുന്നതാണു കാണുന്നത്. “ഇവിടെ മാലിന്യം നിക്ഷേപിക്കരുത്”, “നിങ്ങൾ ക്യാമറയുടെ നിരീക്ഷണത്തിലാണ്” എന്നൊക്കെയുള്ള ബോർഡുകൾ ചില റോഡരികുകളിൽ കാണാം. അതിന്റെ ചുവട്ടിലും ടൺ കണക്കിനു മാലിന്യം.

റോഡിനിരുവശവും പ്ലാസ്റ്റിക് കൂടുകളിൽ മാലിന്യം കുമിഞ്ഞുകൂടി കിടക്കുന്ന കാഴ്ച എത്ര അരോചകമാണ്! അറപ്പും വെറുപ്പും ഉളവാക്കുന്ന ദൃശ്യങ്ങളല്ലേ നടക്കാനിറങ്ങുന്നവരും പള്ളിയിൽ പോകുന്നവരുമൊക്കെ കാണുന്നത്? ദുർഗന്ധംമൂലം മൂക്ക് പൊത്തിപ്പിടിച്ചു നടക്കേണ്ട അവസ്ഥ.

രാത്രിയിൽ വാഹനങ്ങളിൽ കൊണ്ടുവന്നു വലിച്ചെറിഞ്ഞിട്ടു പോകുന്നതാണ് ഇതെല്ലാം. ഇതാണ് രണ്ടുനേരം കുളിക്കുന്ന, വൃത്തിയുണ്ടെന്ന് അഹങ്കരിക്കുന്ന മലയാളിയുടെ സ്വഭാവം. സ്വന്തം വീടുപോലെ പൊതുസ്ഥലവും ശുചിത്വമായെങ്കിലേ രാജ്യം ശുചിത്വമാവൂ എന്ന പൗരബോധം മലയാളിക്ക് ഇല്ലാതെ പോയതെന്തേ?

പൊതുസ്ഥലത്തു മാലിന്യം ഇടുന്നത് സംസ്കാരമുള്ളവർക്കു ചേർന്നതല്ലെന്നും കുറ്റകരമാണെന്നും അറിയാവുന്നവർതന്നെയാണ് ഈ പണി ചെയ്യുന്നത്. സമൂഹത്തിലെ ഉന്നതരും ഉദ്യോഗസ്ഥരുമൊക്കെയുണ്ട് ഇക്കൂട്ടത്തിൽ. തങ്ങൾ കൊണ്ടിടുന്ന മാലിന്യം രോഗത്തിന്റെ രൂപത്തിൽ തങ്ങളുടെ വീട്ടിലേക്കുതന്നെ തിരിച്ചെത്തുമെന്ന് അറിയാഞ്ഞിട്ടല്ല അവർ അതു ചെയ്യുന്നത്. ശരിയായ ഒരു മാലിന്യസംസ്കരണനയം നമുക്കില്ലാത്തതും നിയമലംഘകരെ ശിക്ഷിക്കാനുള്ള ഇച്ഛാശക്തി സർക്കാരിനില്ലാത്തതുമൊക്കെയാണ് കാരണം.

ഹോട്ടലുകൾ, ആശുപത്രികൾ, ഫാക്ടറികൾ, കശാപ്പുശാലകൾ എന്നിവിടങ്ങളിൽനിന്നുള്ള മാലിന്യത്തിന്റെ കാര്യം പറയേണ്ടതുണ്ടോ? ഭൂരിപക്ഷം വ്യവസായസ്ഥാപനങ്ങളിലും മാലിന്യസംസ്കരണസംവിധാനം ഇല്ല. അവിടെനിന്നുള്ള മാലിന്യങ്ങൾ ഓടകളിലേക്കും തോടുകളിലേക്കുമാണ് ഒഴുക്കിവിടുന്നത്. അവ എത്തിച്ചേരുന്നതോ, നമ്മുടെ കിണറ്റിലെ കുടിവെള്ളത്തിലും.


12



സാമൂഹിക അകലം പാലിച്ചുകൊണ്ട് ഏറ്റവും വലിയ ഷോപ്പിംഗ് അനുഭവത്തിനായി
തൊടുപുഴ സിൽക്ക് യാൺസിന്റെ വിശാലതയിലേക്ക് സ്വാഗതം

JMJ
Silk Yarns
ORIGIN OF SILKS
KSRTC Jn. THODUPUZHA | Customer Care: 6238775240, 9605632255 | Follows: | silkyarns.com

# പ്രഭാവവാനായ പ്രണബ്ജി

## ഈയിടെ അന്തരിച്ച മുൻരാഷ്ട്രപതി പ്രണബ് മുഖർജിയെക്കുറിച്ച് ഒരനുസ്മരണം



**സെബിൻ എസ്. കൊട്ടാരം**

**പ**ശ്ചിമബംഗാളിലെ കൊച്ചുഗ്രാമത്തിൽനിന്ന് ഇന്ദ്രപ്രസ്ഥത്തിലേക്കുള്ള പ്രണബ് മുഖർജിയുടെ യാത്രയിലെ സംഭവവികാസങ്ങൾ മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥ പോലെയായിരുന്നില്ല. പ്രതീക്ഷിക്കാത്ത സമയത്ത് കൈപിടിച്ചുയർത്തപ്പെട്ടു. അതേസമയം ഏറ്റവും പ്രതീക്ഷിച്ചിരുന്നത് കപ്പിനും ചുണ്ടിനുമിടയിൽ നഷ്ടപ്പെട്ടതിനും അദ്ദേഹത്തിന്റെ ജീവിതം സാക്ഷ്യംവഹിച്ചു.

1935 ഡിസംബർ 11 ന് പശ്ചിമ ബംഗാളിലെ ഒരു ഗ്രാമത്തിലായിരുന്നു പ്രണബിന്റെ ജനനം. പിതാവ് കമദ കിൻകർ മുഖർജിയും മാതാവ് രാജ്‌ലക്ഷ്മിയും സ്വാതന്ത്ര്യസമരസേനാനികളും സജീവ കോൺഗ്രസ് പ്രവർത്തകരുമായിരുന്നു. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ പ്രണബിന്റെ പിതാവിന് പലതവണ ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

സ്കൂൾവിദ്യാഭ്യാസാനന്തരം സുരി വിദ്യാസാഗർ കോളജിൽനിന്ന് പൊളിറ്റിക്കൽ സയൻസിലും ഹിസ്റ്ററിയിലും ബിരുദാനന്തരബിരുദം നേടി. തുടർന്ന് കൽക്കട്ട യൂണിവേഴ്സിറ്റിയിൽനിന്ന് നിയമബിരുദമെടുത്തു. പഠനാനന്തരം 1963 മുതൽ വിദ്യാസാഗർ കോളജിലെ പൊളിറ്റിക്കൽ സയൻസ് അധ്യാപകനായി കരിയർ ആരംഭിച്ചു. ഇന്ദിരാഗാന്ധിയാണ് പ്രണബിനെ രാഷ്ട്രീയത്തിലേക്കു കൈപിടിച്ചുയർത്തിയത്.

1969 ൽ കോൺഗ്രസ് ടിക്കറ്റിൽ രാജ്യസഭാംഗമായി. തന്റെ മന്ത്രിസഭയിൽ ഇന്ദിര പ്രണബിനെ ഉൾപ്പെടുത്തി. 1973 വരെ കേന്ദ്രമന്ത്രിയായി തുടർന്നു. അടിയന്തരാവസ്ഥക്കാലത്ത് ചില പഴികൾ കേൾക്കേണ്ടിവന്നെങ്കിലും 1982 ൽ ധനമന്ത്രാലയത്തിന്റെ ചുമതല ഇന്ദിര പ്രണബിനു നൽകി. 1984 വരെ കേന്ദ്രമന്ത്രിയായിരുന്നു. 1980 മുതൽ 84 വരെ രാജ്യസഭാനേതാവായിരുന്നു പ്രണബ് മുഖർജി.

പക്ഷേ, ഇന്ദിരയുടെ മരണത്തോടെ കോൺഗ്രസിൽ പ്രണബ് ഒറ്റപ്പെട്ടു. അസംതൃപ്തിയുടെ ഒടുവിൽ കോൺഗ്രസ് വിട്ട് പുതിയ പാർട്ടി രൂപീകരിക്കാൻ പ്രണബ് തീരുമാനിച്ചു. അങ്ങനെ 'രാഷ്ട്രീയസമാജ് വാദി കോൺഗ്രസ്' രൂപീകരിച്ചു. 1989 ൽ താൻ രൂപീകരിച്ച പാർട്ടിയെ കോൺഗ്രസിൽ ലയിപ്പിച്ചുകൊണ്ട് പ്രണബ് മാതൃസംഘടനയിലേക്കു മടങ്ങിവന്നു.

രാജീവ് ഗാന്ധിയുടെ മരണത്തോടെ പി.വി. നരസിംഹറാവു പാർട്ടിയിലും ഭരണത്തിലും ശക്തനായി. അത്, പ്രണബിന്റെ തിരിച്ചുവരവുകൂടിയായി. പ്ലാനിംഗ് കമ്മീഷൻ അധ്യക്ഷനായി 1991 ൽ റാവു പ്രണബിനെ നിയമിച്ചു. 1995 ൽ വിദേശകാര്യമന്ത്രിയായി ഉയർത്തി. അതോടെ ഭരണ



ത്തിലും കരുത്തനായി മാറിയ പ്രണബ് രാഷ്ട്രീയകരുനീക്കങ്ങളിലും അതീവജാഗ്രത കാണിച്ചു. 1998 ൽ രാജീവ് ഗാന്ധിയുടെ പത്നി സോണിയ ഗാന്ധിയെ കോൺഗ്രസ് അധ്യക്ഷയായി കൊണ്ടുവരുന്നതിൽ നിർണായക പങ്കുവഹിച്ചത് പ്രണബ് മുഖർജിയായിരുന്നു.

കോൺഗ്രസ് നയിച്ച ഐക്യ പുരോഗമനസഖ്യം (യുപിഎ) 2004 ൽ വിജയിച്ചപ്പോൾ ലോക്സഭയിലേക്കും പ്രണബ് മികച്ച വിജയം സ്വന്തമാക്കി. അന്നുമുതൽ 2012 ൽ രാജിവയ്ക്കുന്നതുവരെ മൻമോഹൻ സർക്കാരിലെ രണ്ടാമനായിരുന്നു പ്രണബ് മുഖർജി. ഇക്കാലയളവിൽ വിവിധ സുപ്രധാനവകുപ്പുകൾ കൈകാര്യം ചെയ്തത് പാർട്ടിയിലെയും ഭരണത്തിലെയും സീനിയറായ പ്രണബ് മുഖർജിയാണ്; പ്രതിരോധം (2004-06), വിദേശകാര്യം (2006-09), ധനകാര്യം (2009-12).

രണ്ടാമതും യുപിഎ അധികാരത്തിൽ വന്നപ്പോൾ പാർട്ടിയിലും ഭരണത്തിലും സീനിയറായ, അനുഭവസമ്പത്തുള്ള തന്നെ പ്രധാനമന്ത്രിയാക്കുമെന്ന് പ്രണബ് പ്രതീക്ഷിച്ചു. പക്ഷേ, സോണിയ മൻമോഹന് വീണ്ടും അവസരം നൽകി. ഒടുവിൽ സജീവരാഷ്ട്രീയം ഉപേക്ഷിക്കാനുള്ള താത്പര്യം പ്രകടിപ്പിച്ച സമയത്താണ് 2012 ൽ പ്രണബ് ഇന്ത്യയുടെ 13-ാമത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്.

കോൺഗ്രസ് നയിച്ച യുപിഎ സ്ഥാനാർത്ഥിയായാണ് പ്രസിഡന്റായതെങ്കിലും പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ബിജെപി നയിച്ച കേന്ദ്രസർക്കാരുമായും നല്ല ബന്ധമാണ് തന്റെ കാലയളവിൽ പ്രണബ് കാത്തുസൂക്ഷിച്ചത്.

പ്രസിഡന്റ് പദവിയെന്നത് വെറും ആലങ്കാരികമാണെന്ന പൊതുധാരണയെ തിരുത്തിക്കൊണ്ട് ഒട്ടേറെ നിർണായക ഓർഡിനൻസുകളിലും തീരുമാനങ്ങളിലും തന്റെ കാലയളവിൽ പ്രണബ് ഒപ്പുവച്ചു. രാഷ്ട്രപതിഭവനിലേക്കു പൊതുജനങ്ങൾക്കു പ്രവേശിക്കാനുള്ള കടുത്ത നിയന്ത്രണങ്ങൾക്ക് ഇളവു വരുത്തിയത് അതിലൊന്നാണ്. തലസ്ഥാനത്ത് രാഷ്ട്രപതി പങ്കെടുക്കുന്ന ചടങ്ങുകൾ ഭൂരിഭാഗവും രാഷ്ട്രപതിഭവനിലാക്കിയതാണ് മറ്റൊന്ന്. തലസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കുന്ന ചടങ്ങുകൾ നടക്കുമ്പോൾ ഗതാഗതനിയന്ത്രണവും മറ്റുംമൂലം പൊതുജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായിരുന്നു ഈ തീരുമാനം. രാഷ്ട്രപതിയായിരിക്കെത്തന്നെ അധ്യാപകന്റെ വേഷവും അദ്ദേഹം അണിഞ്ഞു. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി രാജ്യത്തലവൻ രാഷ്ട്രപതിഭവൻ പരിസരത്ത് കുട്ടികൾക്കു ക്ലാസ്സെടുത്തു. 11, 12 ക്ലാസ്സുകളിലെ 80 വിദ്യാർത്ഥികൾക്കാണ് പ്രസിഡന്റ് എസ്റ്റേറ്റിലുള്ള 'രാജേന്ദ്രപ്രസാദ് സർവോദയ വിദ്യാലയയിൽ' അദ്ദേഹം പാഠങ്ങൾ പറഞ്ഞുകൊടുത്തത്.

ഏഴിനും പതിനഞ്ചിനും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടെ സർവതോമുഖമായ വികസനത്തിനായി 'സംസ്കൃതി' എന്ന പേരിൽ പെയിന്റിംഗ്, യോഗ, കഥപറച്ചിൽ, ക്ലേ മോഡലിംഗ്, സംഗീതക്ലാസുകൾ എന്നിവ രാഷ്ട്രപതി ഭവനിലെ പ്രണബ് മുഖർജി പബ്ലിക് ലൈബ്രറിയിൽ അദ്ദേഹം ക്രമീകരിച്ചു. വയോധികരുടെ ഉല്ലാസത്തിനും ഒത്തുചേരലിനുമായി 'സമാഗമം' എന്ന പേരിൽ തിങ്കൾമുതൽ വെള്ളി വരെ യോഗ, കൗൺസെലിംഗ്, സൗജന്യവൈദ്യപരിശോധന, കളികൾ എന്നിവയും രാഷ്ട്രപതിഭവനിൽ ക്രമീകരിച്ചിരുന്നു. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി 'സ്പാർഷ്' എന്ന പ്രോഗ്രാമും പ്രണബ് മുഖർജിയുടെ കാലത്ത് രൂപംകൊടുത്തതാണ്.

ഇന്ത്യയിലെ പ്രഥമ വിശുദ്ധയായി ഉയർത്തപ്പെട്ട അൽഫോൻസാമ്മയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് 2009 ഓഗസ്റ്റ് 23 ന് ഭരണങ്ങാനത്ത് വിശുദ്ധയുടെ ചിത്രം ആലേഖനം ചെയ്ത നാണയം പ്രണബ് മുഖർജി പുറത്തിറക്കി. എല്ലാ മതങ്ങളെയും സമഭാവനയോടെ കാണുകയും തികഞ്ഞ മതസൗഹാർദ്ദം പുലർത്തുകയും ചെയ്ത ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം.

"ഇന്ത്യക്കാരായ നാം കഴിഞ്ഞ കാലത്തിൽനിന്ന് പാഠം ഉൾക്കൊള്ളണം. അതേസമയം ഭാവിയെ ലക്ഷ്യംവച്ച് പ്രവർത്തിക്കുകയും വേണം. ഇന്ത്യയെ അടുത്ത സുവർണഘട്ടത്തിലേക്കു നയിക്കാൻ തക്കശേഷിയുള്ള ആയുധം വിദ്യാഭ്യാസമാണ്." 2008 ൽ പദ്മവിഭൂഷണും ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന 2019 ലും നല്കി രാഷ്ട്രം ആദരിച്ച പ്രണബ് മുഖർജിയുടെ വാക്കുകളാണിത്. 'സഞ്ചരിക്കുന്ന വിജ്ഞാനഗ്രന്ഥ'മെന്ന് അറിയപ്പെട്ടിരുന്ന ഇന്ത്യ കണ്ട മികച്ച ഭരണാധികാരികളിലൊരാളായ പ്രണബ് മുഖർജിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

---

## ഫാ. ജോർജ് കുരിശുംമൂട്ടിൽ കോട്ടയം അതിരൂപത സഹായമെത്രാൻ



കോട്ടയം: ഫാ. ജോർജ് കുരിശുംമൂട്ടിലിനെ (59) കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഗീവർഗീസ് മാർ അപ്രേം എന്ന പേരു സ്വീകരിച്ചിരിക്കുന്ന നിയുക്തമെത്രാന്റെ മെത്രാഭിഷേക ത്തീയതി പിന്നീട് തീരുമാനിക്കും.

അതിരൂപതയിലെ ക്നാനായ മലങ്കര സമൂഹത്തിന്റെ വികാരി ജനറാളായി 2019 മുതൽ ശുശ്രൂഷ ചെയ്യുകയായിരുന്ന ഫാ. ജോർജ് കുരിശുംമൂട്ടിൽ, പത്തനംതിട്ട ജില്ലയിലെ കറ്റോട് സെന്റ് മേരീസ് മലങ്കര ക്നാനായ കത്തോലിക്കാ ഇടവകാംഗമാണ്. കുരിശുംമൂട്ടിൽ പരേതരായ അലക്സാണ്ടർ-അച്ചാമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി 1961 ഓഗസ്റ്റ് ഒമ്പതിനാണു ജനനം. സ്കൂൾ വിദ്യാഭ്യാസാനന്തരം എസ്.എച്ച്. മൗണ്ട് സെന്റ് സ്റ്റനിസ്ലാവൂസ് മൈനർ സെമിനാരി, മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരി എന്നിവിടങ്ങളിൽ വൈദികപഠനം പൂർത്തിയാക്കി.

1987 ഡിസംബർ 28 ന് ആർച്ചുബിഷപ് മാർ കുര്യാക്കോസ് കുന്നശ്ശേരിയിൽനിന്നു പൗരോഹിത്യം സ്വീകരിച്ച നിയുക്തമെത്രാൻ കോട്ടയം അതിരൂപത മൈനർ സെമിനാരി വൈസ് റെക്ടർ, ബംഗളൂരു ഗുരുകുലം വൈസ് റെക്ടർ, വിവിധ ഇടവകകളിൽ വികാരി, ഹാദൂസ ക്രൈസ്തവകലാകേന്ദ്രത്തിന്റെ ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ലെബനനിലെ മാറോനൈറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് ഐക്കണോഗ്രാഫിയിൽ മാസ്റ്റർ ബിരുദം നേടി.

കോട്ടയം അതിരൂപതയിലെ മലങ്കരസമൂഹത്തിന്റെ മുൻവികാരി ജനറാൾ പരേതനായ ഫാ. തോമസ് കുരിശുംമൂട്ടിൽ പിതൃസഹോദരനാണ്.

# ദേശീയത പുനർനിർവ്വചിക്കപ്പെടുമ്പോൾ



പ്രഫ. സിജു ജോസഫ്

എന്താണു രാഷ്ട്രം എന്ന പ്രബന്ധത്തിൽ ഫ്രഞ്ച് ചരിത്രകാരനായ ഏണസ്റ്റ് റെനൻ രാഷ്ട്രത്തെ കാണുന്നത് ഒരു ആത്മാവും ആദ്ധ്യാത്മികതത്ത്വവുമായാണ്. ഓർമ്മകളുടേതായ ഒരു ശോഭനഭൂതകാലവും ഒരുമിച്ചു നില്ക്കുന്നതിനുള്ള സമകാലികമായ ആഗ്രഹവുമാണ് ദേശീയതയുടെ പ്രധാനപ്പെട്ട രണ്ടു ഘടകങ്ങളായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. സ്വാതന്ത്ര്യത്തിനു വേണ്ടി തന്റെ രാജ്യം നടത്തിയിട്ടുള്ള ഐതിഹാസികമായ പോരാട്ടങ്ങളും അവയ്ക്കു നേതൃത്വം നൽകിയ ആദർശധീരരായ നായകരും രക്തസാക്ഷികളുമുൾപ്പെടെ അനേകായിരങ്ങൾ സഹിച്ച ത്യാഗങ്ങളും ഒരു പൗരന്റെ സാമൂഹികമൂലധനമായാണ് കണക്കാക്കുന്നത്.

"സർവ്വേ ഭവന്തു സുഖിനഃ സർവ്വേ സന്തു നിരാമയഃ എന്നു പ്രാർത്ഥിച്ച, വസുധൈവകുടുംബകം എന്ന മഹത്തായ സങ്കല്പം ലോകത്തിനു സമ്മാനിച്ച ഇന്ത്യയുടെ രാഷ്ട്രസങ്കല്പം സഹിഷ്ണുതയിലാണ് വേരൂന്നിയിരുന്നത്. ഈ രാഷ്ട്രസത്തയുടെ ഊർജ്ജം പൂർണ്ണമായി ഉൾക്കൊണ്ടു പ്രവർത്തിച്ച നേതാവായിരുന്നു ഗാന്ധിജി. ബ്രിട്ടീഷ് വിരുദ്ധമുന്നേറ്റങ്ങൾക്കു ശക്തമായ നേതൃത്വം നല്കുമ്പോഴും പ്രകോപനങ്ങളുടെയും പ്രലോഭനങ്ങളുടെയും സന്ദർഭങ്ങളിൽ തന്നോടുതന്നെ പോരാടി ജയിക്കാനുള്ള ധാർമ്മികബലം ഗാന്ധിജിക്കുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ഇത്രമാത്രം ആദർശശോഭ കൈവന്നതും ഗാന്ധി മഹാത്മാവായി മനുഷ്യമനസ്സുകളിൽ ഇന്നും ജീവിക്കുന്നതും.

ഗാന്ധിജിയെ മഹാത്മാവാക്കിയത് അണികളോ മാധ്യമങ്ങളോ ആയിരുന്നില്ല, തന്നോടു തന്നെ നടത്തിയ ധർമ്മയുദ്ധങ്ങളും ആത്മപരീക്ഷണങ്ങളുമായിരുന്നു. അതു കണ്ടു കൊതിച്ചിട്ടാണ് സമ്പത്തും ഉദ്യോഗവും പഠിപ്പുമെല്ലാം ഉപേക്ഷിച്ച് ഇന്ത്യയ്ക്കു വേണ്ടി ജീവിക്കാനും മരിക്കാനും തയ്യാറായി അനേകമാളുകൾ ഇറങ്ങിപ്പുറപ്പെട്ടത്. ആ ചരിത്രവും കഥകളും ആദർശങ്ങളുമായിരിക്കണം ഈ മണ്ണിൽ ഇന്നു പിറന്നുവീഴുന്ന ഓരോ കുഞ്ഞിന്റെയും സാമൂഹികമൂലധനം എന്നാഗ്രഹിക്കാവുന്ന ദേശീയതയുടെ പരിസരമാണോ ഇന്നു നിലനില്ക്കുന്നത് എന്ന് ആത്മശോധന നടത്തേണ്ട കാലമാണ്.

പഠിച്ചും പഠിപ്പിച്ചും വന്നിരുന്ന ചരിത്രങ്ങളിൽ പലതും പെട്ടെന്നൊരു ദിവസം പുസ്തകത്താളുകളിൽനിന്ന് അപ്രത്യക്ഷമാകുന്നു. പകരം പുതിയ ചരിത്രപാഠങ്ങൾ വച്ചു നീട്ടപ്പെടുന്നു. ഗാന്ധിവധം പുനരാവിഷ്കരിക്കപ്പെടുന്നു. ഗാന്ധിവധത്തിന്റെ ന്യായാന്യായങ്ങളെക്കുറിച്ച് വാദിക്കാൻ മടിയില്ലാത്ത ഭാരതീയർ പ്രത്യക്ഷപ്പെടുന്നു. ഭാഷയുടെ പേരിലും ഭക്ഷണത്തിന്റെ പേരിലും വിശ്വാസത്തിന്റെ പേരിലുമുണ്ടാകുന്ന, അല്ലെങ്കിൽ ഉണ്ടാക്കുന്ന കോലാഹലങ്ങളിൽ 'ഞങ്ങളുടെ ശരി'കളാണ് അന്തിമവിധിയെന്ന് കൊന്നും നാടുകടത്തിയും ഒറ്റപ്പെടുത്തിയും പരിഹസിച്ചും മാപ്പുപറയിച്ചും പ്രഖ്യാപിക്കുന്ന 'പുതിയ ദേശസ്നേഹം' പ്രബലമാകുന്നു. മതാത്മകമെന്നോ സങ്കുചിതമെന്നോ വിശേഷിപ്പിക്കാവുന്ന ഒരു ദേശീയതയുടെ സവിശേഷ നിർമ്മിതിയിലേക്കു തങ്ങൾ നയിക്കപ്പെടുകയാണോ എന്ന് ആശങ്കയോടെ ചിന്തിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം കൂടുന്നു.

"എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം ഗീത ജീവിതചര്യയിൽ തെറ്റാത്തൊരു വഴികാട്ടിയായി മാറി. അത് എനിക്കു നിത്യവും നോക്കേണ്ട നിഘണ്ടു പോലെ ആയിത്തീർന്നു. എനിക്കു മനസ്സിലാകാത്ത ഇംഗ്ലീഷ് പദങ്ങളുടെ അർത്ഥമറിയാൻ ഇംഗ്ലീഷ് നിഘണ്ടു നോക്കുന്നതുപോലെ അസ്വസ്ഥതകളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ പരിഹാരത്തിനായി ഈ ധാർമ്മികനിഘണ്ടു ഞാൻ നോക്കും." ഇതിഹാസപുരാണങ്ങളിലേക്കും മതഗ്രന്ഥങ്ങളിലേക്കും ആഴത്തിൽ നോട്ടമയച്ച് സ്വയം ക്രമപ്പെടുത്തുകയും ശുദ്ധി ചെയ്തെടുക്കുകയും ചെയ്ത ഒരു നേതാവിന്റെ ചിത്രമാണ് 'എന്റെ സത്യാന്വേഷണപരീക്ഷണകഥ'യിലെ ഈ വാക്യങ്ങളിൽ നാം കാണുന്നത്.

ഇതിഹാസപുരാണങ്ങളുടെ ആന്തരികചൈതന്യത്തെ തൊടാതെ അവയുടെ ബാഹ്യചിഹ്നങ്ങളെ വൈകാരികമായി കുറിക്കുകൊള്ളുന്നവിധം ഉപയോഗിച്ച് ദേശീയതയെ പുനർനിർവ്വചിക്കാനുള്ള ശ്രമങ്ങൾ ഏതു ഭാഗത്തുനിന്നുണ്ടായാലും ആശങ്കാജനകമാണ്.

എന്റെ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ എന്ന് രാഷ്ട്രത്തെ നോക്കി ഒരു ഭരണാധികാരി അഭിസംബോധന ചെയ്യുമ്പോൾ ആ വിളി എനിക്കുവേണ്ടിക്കൂടിയുള്ളതാണ് എന്ന് വിവിധ മതങ്ങളിലും വിശ്വാസങ്ങളിലും ഭാഷകളിലും വംശങ്ങളിലും ഉൾപ്പെട്ട ഓരോ പൗരനും സംശയലേശമില്ലാതെ ഉറപ്പിക്കാൻ കഴിയുന്നിടത്താണ് നമ്മുടെ ദേശീയത ശുദ്ധവും സുതാര്യവുമാകുന്നത്.

അമ്മ എന്ന ഓർമ്മക്കുറിപ്പിൽ വൈക്കം മുഹമ്മദ് ബഷീർ ഹൃദ്യമായ ഒരനുഭവം പങ്കുവയ്ക്കുന്നു. "വൈക്കം ബോട്ടുജട്ടിയിലും കായലോരത്തും നല്ല തിരക്ക്. തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിനിടയിലൂടെ കാർ സത്യഗ്രഹപന്തലിലേക്കു പോയി. കാറിന്റെ സൈഡിൽ തൂങ്ങിനിന്ന ഒരാൾ ഞാനായിരുന്നു. ഗാന്ധിജിയെ തൊട്ടില്ലെങ്കിൽ മരിച്ചുപോയേക്കുമെന്നു തോന്നി. എല്ലാം മറന്ന് ഗാന്ധിജിയുടെ വലതുതോളിൽ തൊട്ടു." ഗാന്ധിജിയെ തൊട്ട കാര്യം വീട്ടിൽചെന്നു പറയുമ്പോൾ ഉമ്മയിൽ നിന്നുണ്ടാകുന്ന 'ഹൌ! എന്റെ മകനേ' എന്ന പ്രതികരണത്തിലൂടെ ഇന്ത്യയിലെ എല്ലാ അമ്മമാരുടെയും സ്വരമാണ് ബഷീർ കേൾപ്പിച്ചത്.

ഭാരതത്തിന്റെ സ്വാതന്ത്ര്യം ആത്യന്തികലക്ഷ്യമായിരുന്ന കാലത്തുണ്ടായ ദേശീയതയുടെ ചിഹ്നങ്ങളാണ് ഈയടുത്തകാലം വരെ നമുക്ക് പരിചിതമായിരുന്നത്. അധികാരം ആത്യന്തികലക്ഷ്യമാകുന്ന വർത്തമാനകാലത്ത് പുതിയ സ്ഥലങ്ങളും പുതിയ വ്യക്തികളും പുത്തൻ മുദ്രാവാക്യങ്ങളും ദേശീയതയുടെ ചിഹ്നങ്ങളായി നിർമ്മിക്കപ്പെടുമ്പോൾ ഉള്ളിലുയരുന്ന ചോദ്യങ്ങളെ എത്രകാലമാണ് നമുക്ക് കേട്ടില്ലെന്നു വയ്ക്കാനാവുക!

ഹിന്ദു, മുസ്ലീം, സിഖ് തുടങ്ങിയ ഇന്ത്യയിലെ വ്യത്യസ്ത വിഭാഗങ്ങളുടെ ആശയസംഹിതകളുടെ സമന്വയത്തിലൂടെ മാത്രമേ ദേശീയത രൂപപ്പെടുകയുള്ളൂ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു പ്രഖ്യാപിച്ച നെഹ്റുവിനും 'ഇന്ത്യയെ കണ്ടെത്തൽ' പോലെയുള്ള കൃതികൾക്കും വർത്തമാനകലാദേശീയതയിൽ ഇടം എവിടെയാണ്?

ദേശീയതയെ സംബന്ധിച്ച് ഏണസ്റ്റ് റെനൻ സൂചിപ്പിച്ച രണ്ടാമത്തെ ഘടകം ഒരുമിച്ചു നില്ക്കുന്നതിനുള്ള സമകാലികമായ ആഗ്രഹമാണ്. ആ ഊർജ്ജവും ആഗ്രഹവും പ്രസരിക്കേണ്ടത് രാഷ്ട്രത്തിന്റെ നേതൃനിരയിൽ നിന്നാണ്. ഏതെങ്കിലും ഒരു വിഭാഗത്തിന്റേതുമാത്രമായി അതു പരിമിതമാക്കപ്പെടരുത്. കാരണം, രാജ്യത്തിലെ മുഴുവൻ ജനങ്ങളുടെയും സന്തോഷമായിരിക്കണം ഭരണകർത്താവിന്റെ സന്തോഷം.

"പ്രജാസുഖേസുഖം രാജ്ഞഃ
പ്രജാനാം ച ഹിതേ ഹിതം
ന ആത്മപ്രിയം ഹിതം രാജ്ഞ
പ്രജനാം തു പ്രിയം ഹിതം"

പാർലമെന്റ് മന്ദിരത്തിൽ കൗടില്യന്റെ അർത്ഥശാസ്ത്രത്തിലെ ഈ വരികൾ എഴുതി വച്ചിരിക്കുന്നത് പൊതുജനങ്ങൾക്കു മാത്രമായല്ലല്ലോ.

സഹിഷ്ണുതയിലൂന്നിയ ദേശീയതയായിരുന്നു ഭാരതത്തിന്റെ പൈതൃകം. മുഖങ്ങൾ മാറ്റിയും ചിഹ്നങ്ങൾ മാറ്റിയും മുദ്രാവാക്യങ്ങൾ മാറ്റിയും പുതിയ പലതും നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ മാഞ്ഞുപോകുന്നത് ഇതേ പൈതൃകമാണെന്നു വിസ്മരിക്കരുത്. ■



---

കവിത

ഫാ. തോമസ് പാട്ടത്തിൽചിറ

## കൈക്കല്ല്

കല്ലെറിഞ്ഞാചാരമുറപോലൊരുവളെ,
കൊല്ലാനവർ കൈകളോങ്ങിനില്ക്കേ-
തെല്ലുംകളങ്കമെഴാത്തവരാദ്യമായ്
നല്ലോണമെറിയുവാനോതി, നാഥൻ.
ചില്ലുമുനപോലെയുള്ളിൽതറഞ്ഞതാം,
ചൊല്ലതുകേട്ടോരോരുത്തരായി,
വല്ലാത്ത കുറ്റബോധത്തിനാൽ കല്ലുകൾ
മെല്ലെ നിലത്തിട്ടകന്നുപോയി.
അല്ലലാർന്നാകെ ഭയപ്പെട്ടു,കല്മഷ-
യല്ലിൽ കഴിഞ്ഞൊരാസ്ത്രീയെ,ദയാ-
കല്ലോലിനിയായ നസ്രായനുംവിധി-
ച്ചില്ല; ക്ഷമിച്ചു പറഞ്ഞയച്ചു.
എല്ലാരുമന്നുപേക്ഷിച്ചകൽച്ചീളുകൾ
ഉല്ലാസമോടെ പെറുക്കി ഹൃത്തിൻ-
ചെല്ലത്തിലിട്ടിന്നും സൂക്ഷിക്കയാണു ഞാൻ
ചില്ലറയായി പ്രയോഗിച്ചിടാൻ.
കല്ലനാമെൻ ഹൃദം പാതകത്തിന്റെയീ-
റ്റില്ലമായങ്ങു തുടരുമ്പോഴും,
വല്ലവിധത്തിലുമന്യരെകല്ലെറി-
ഞ്ഞില്ലായ്മചെയ്യുന്നതാണെൻ ഹരം!
ചെല്ലക്കോപ്പുകളായിഞാൻ കരുതുന്നകൈ-
ക്കല്ലുകളേറ്റം പ്രിയമെനിക്ക്.
'അല്ലയോ മൂഢാ, കളയരുതേ,യവ-
യില്ലെങ്കിൽ നാശ'മെന്നുൾശങ്കയും!
കല്ലറയോളം ഞാൻ കാത്തുനിൽക്കേണ്ടതാ-
യില്ലമൃതരെ പുകഴ്ത്തിയോതാൻ.
പല്ലുമെല്ലും ചലിക്കുന്ന കാലത്തവർ
ചില്ലി നൽവാക്കുകൾ കേട്ടിടട്ടെ.
നല്ലതുകണ്ടു,കുറ്റാരോപണമതിൻ-
കല്ലുകളൊന്നായ്വെടിയണം ഞാൻ.
അല്ലെങ്കിലാകില്ല ക്രിസ്ത്യാനി ഞാനെനി-
ക്കില്ലാതെ പോയിടും ക്രിസ്തുഭാവം.

## പാറേമ്മാക്കൽ ഗോവർണദോർ

# സുറിയാനിസഭയുടെ സ്വാതന്ത്ര്യസമരനേതാവ്

**വിളക്കുമരങ്ങൾ**



ഡോ. സിറിയക് തോമസ്

**ആ**റു പതിറ്റാണ്ടുമാത്രം ജീവിച്ച് ആത്മീയനായും സഭൈക്യശ്രമങ്ങളുടെ സൂത്രധാരനായും സാഹസികനായ സഞ്ചാരിയായും ഭാഷാപണ്ഡിതനായും മലയാളത്തിലെ സഞ്ചാരസാഹിത്യശാഖയുടെ പിതാവായും സുറിയാനിക്കത്തോലിക്കരുടെ അവകാശസംരക്ഷകനായും അവരുടെ കാനോനികാധികാരിയായും ചരിത്രത്തിൽ ഇടംനേടിയ മഹാപ്രതിഭയായിരുന്നു പാറേമ്മാക്കൽ ഗോവർണദോർ എന്നറിയപ്പെട്ട പാറേമ്മാക്കലച്ചൻ. പാറേമ്മാക്കൽ തോമ്മാക്കത്തനാർ എന്നായിരുന്നു ജനങ്ങൾ അദ്ദേഹത്തെ വിളിച്ചത്. സമർത്ഥനും ധീരനും സാഹസികനുമായിരുന്നു അച്ചൻ.

1736 സെപ്റ്റംബർ 10 നായിരുന്നു അച്ചന്റെ ജനനം. കടനാട് ഇടവക പാറേമ്മാക്കൽ കുരുവിള-അന്ന ദമ്പതികളുടെ നാലാമത്തെ സന്താനമായിരുന്നു അച്ചൻ. പ്രാഥമികപഠനങ്ങളൊക്കെ ആശാൻകളരിയിൽ. പന്ത്രണ്ടാം വയസ്സിൽ മീനച്ചിൽ ശങ്കരൻ കർത്താവിന്റെ ശിഷ്യനായി പഠിച്ചു സംസ്കൃതത്തിൽ വ്യുത്പത്തി നേടി. കാനാട്ട് ഐപ്പു മല്പാനായിരുന്നു അച്ചനെ സുറിയാനി പഠിപ്പിച്ചത്. ആലങ്ങാട്ട് സെമിനാരിയിൽ വൈദികപരിശീലനം. 1761 ൽ അന്നത്തെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായിൽനിന്ന് വൈദികപട്ടം സ്വീകരിച്ച അദ്ദേഹം ഏതാനും ഇടവകകളിൽ വികാരിയായി. 1768 ലാണ് കടനാടുപള്ളിയുടെ വികാരിയായത്.

സുറിയാനി സഭാവിശ്വാസികൾ പാശ്ചാത്യമിഷനറിമാരുടെ ആത്മീയാധികാരത്തിലും മേൽക്കോയ്മയിലും വല്ലാതെ മനസ്സു മുറിപ്പെട്ടു ജീവിച്ച ഒരു കാലത്താണ് തോമ്മാക്കത്തനാർ അതിനെതിരേ ശക്തമായ എതിർപ്പുയർത്തിയത്. 'മട്ടാഞ്ചേരി വിപ്ലവവും' 'കൂനൻകുരിശുസത്യ'വുമൊക്കെ സുറിയാനിക്കാരുടെ അതിജീവനസമരത്തിന്റെ ഭാഗമായിരുന്നു. കൽദായ സുറിയാനിസഭയുമായി കൈകോർത്തവരെ 'പുത്തൻകൂറ്റു'കാർ എന്നും റോമാസഭയ്ക്കു കീഴിൽ നിന്നവരെ 'പഴയ കൂറ്റു'കാർ എന്നും ജനങ്ങൾ രണ്ടായി കണ്ടു. അങ്ങനെ തന്നെ വ്യത്യസ്തമായി വിളിക്കുകയും ചെയ്തു. പുത്തൻകൂറ്റു വിഭാഗത്തിന്റെ മെത്രാപ്പോലീത്തയായിത്തീർന്ന ആറാം മാർത്തോമ്മാ റോമുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിനാഗ്രഹിച്ച് ചില പരിശ്രമങ്ങൾ ആവഴി നടത്തിയെങ്കിലും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയോ പാശ്ചാത്യകർമ്മലീത്താമിഷനറിമാരോ അതിൽ വലിയ താത്പര്യം കാണിച്ചില്ല. അപ്പോൾ ആറാം മാർത്തോമ്മായ്ക്കു പിന്തുണ നൽകാൻ ധൈര്യം കാണിച്ചു മുന്നോട്ടുവന്നത് സുറിയാനിമല്പാനായിരുന്ന കരിയാറ്റി യൗസേപ്പു കത്തനാരാണ്. എങ്ങനെയും, ഇനി റോമിൽപോയി മാർപാപ്പായെ കണ്ടിട്ടായാലും ഇക്കാര്യത്തിൽ താൻ കൂടെയുണ്ടാകുമെന്ന് കരിയാറ്റി മെത്രാൻ ആറാം മാർത്തോമ്മായ്ക്കു വാക്കു കൊടുത്തു. ഇക്കാര്യത്തിൽ മല്പാനെ സഹായിക്കുവാൻ സാഹസികമായി മുന്നോട്ടുവന്നത് കടനാടു പള്ളി വികാരിയായിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരായിരുന്നു. കർമ്മലീത്താസന്ന്യാസിമാരുടെ സുറിയാനി അധിനിവേശത്തെ ചെറുക്കണമെന്ന കടുത്ത വാശിക്കാരനായിരുന്നു പാറേമ്മാക്കലച്ചൻ. മലബാർ (കേരളമെന്നർത്ഥം) സുറിയാനി കത്തോലിക്കാവിശ്വാസികൾക്ക് അവരുടെ പാരമ്പര്യങ്ങളും വിശ്വാസപൈതൃകങ്ങളും നഷ്ടപ്പെടാതെ റോമാമാർപാപ്പായ്ക്കു കീഴിൽത്തന്നെ തുടരാനാവശ്യമായ ഇടപെടലുകൾക്കായി കരിയാറ്റി മല്പാനും പാറേമ്മാക്കലച്ചനും റോമിലേക്കു തുടർച്ചയായ നിവേദനങ്ങളും കത്തുകളും അയച്ചുകൊണ്ടിരുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ സുറിയാനിക്കത്തോലിക്കരുടെ തീവ്രവികാരങ്ങളെക്കുറിച്ച് റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിനു നല്ല ബോധ്യവുമുണ്ടായിരുന്നു. എന്നാൽ, റോമിലെ തിരുസംഘത്തിൽ സ്പെയിൻകാരായ കർമ്മലീത്താമിഷണറിമാർക്കുണ്ടായിരുന്ന വലിയ സ്വാധീനവും അവർക്കവിടെയുണ്ടായിരുന്ന ശക്തമായ പിന്തുണയും മൂലം സുറിയാനിക്കാരുടെ കത്തുകൾക്കോ നിവേദനങ്ങൾക്കോ അർഹിക്കുന്ന പരിഗണന കിട്ടിയില്ല. അങ്ങനെയാണ് നേരിട്ടൊരു റോമായാത്രകൊണ്ടല്ലാതെ കാര്യങ്ങൾക്കു കാര്യമായ നീക്കമൊന്നുമുണ്ടാവുകയില്ലെന്ന ചിന്ത സുറിയാനിക്കാർക്കിടയിൽ ശക്തമായത്. തദ്ഫലമായി കരിയാറ്റി മല്പാനും പാറേമ്മാക്കലച്ചനുംകൂടി റോമിനു പോകണമെന്ന ശക്തമായ നിർദ്ദേശമുണ്ടായി. മറ്റൊരു വൈദികനും കൂടെച്ചെല്ലാമെന്നു പറഞ്ഞു മുന്നോട്ടുവന്നു.

നിവേദകസംഘത്തിന് റോമായാത്രയ്ക്ക് ഒട്ടേറെ തടസ്സങ്ങളുണ്ടായി. ആവശ്യമായ യാത്രാരേഖകൾ മാത്രമല്ല, കപ്പൽച്ചെലവും കണ്ടെത്തേണ്ടിയിരുന്നു. യാത്രാസൗകര്യങ്ങൾ തീരെ പരിമിതമായിരുന്ന കാലം. ഭാഷയുടെ പ്രയാസം. പോരാത്തതിനു സാമ്പത്തികപ്രയാസങ്ങളും. പക്ഷേ, ഇതൊന്നും കരിയാറ്റിലച്ചനെയോ പാറേമ്മാക്കൽ കത്തനാരെയോ അവരുടെ ദൃഢനിശ്ചയത്തിൽ നിന്നു പിന്തിരിപ്പിച്ചതുമില്ല. അവർ നാട്ടിലെ പള്ളികൾതോറും സഞ്ചരിച്ചു വിശ്വാസികളെയും വൈദികരെയും കാര്യങ്ങൾ ബോധ്യപ്പെടുത്തി പണം ശേഖരിക്കുകയും റോമിൽ നൽകേണ്ട രേഖകൾ തയ്യാറാക്കുകയും ചെയ്തു. ലത്തീൻപണ്ഡിതരായിരുന്ന ചില സുറിയാനി അച്ചന്മാരും രേഖകൾ തയ്യാറാക്കുന്നതിൽ അവരെ സഹായിച്ചു. എന്നാൽ, ഇത്തരമൊരു റോമാദൗത്യത്തിനു സുറിയാനിക്കാർക്കു സാധിക്കുമെന്ന ചിന്ത വരാപ്പുഴയിലെയോ കൊടുങ്ങല്ലൂരെയോ അന്നത്തെ ലത്തീൻ മിഷണറി അച്ചന്മാർക്കുണ്ടായിരുന്നില്ല.



പാറേമ്മാക്കൽ ഗോവർണദോർ

യാത്രയ്ക്കുള്ള പണം തികയാതെ വന്നപ്പോൾ പാലാ വലിയ പള്ളി യോഗം, ആവശ്യമായിരുന്ന ബാക്കി പണത്തിനായി പള്ളിവക വെള്ളിക്കുരിശ് വിറ്റ് ആയിരം വെള്ളിരൂപ സംഭാവന ചെയ്തത്. എന്നാൽ, കാളവണ്ടിയിലും വള്ളത്തിലും കാൽനടയായും കുതിരവണ്ടിയിലുമൊക്കെ യാത്ര ചെയ്തു ബോംബെയിലെത്തിയപ്പോഴാണ് മൂന്നുപേരുടെ യാത്രയ്ക്കുള്ള പണം മതിയാകില്ലെന്നു മനസ്സിലാകുന്നത്. അതോടെ മറ്റേ അച്ചൻ മടങ്ങിപ്പോരാൻ തയ്യാറായി. കരിയാറ്റി മല്പാനും പാറേമ്മാക്കലച്ചനും ബോംബെയിൽനിന്നു കപ്പൽകയറുകയും ചെയ്തു. കടലിലെ കാറ്റും കടുത്ത തണുപ്പും ആദ്യകപ്പൽയാത്രയുടെ പരിചയക്കുറവുമൊക്കെ നേരിട്ടാണ് അവർ റോമിനു പോയത്. കാറ്റിൽപ്പെട്ടു വഴിതെറ്റി ആദ്യം തെക്കേ അമേരിക്കയിലാണത്രേ അവർ എത്തിപ്പെട്ടത്. എന്നാൽ, അവിടത്തെ കോളനികൾ സ്പെയിൻകാരുടെയും പോർച്ചുഗീസുകാരുടെയും സ്വാധീനത്തിലായിരുന്നതുകൊണ്ട് അവരുടെ സഹായത്തോടെ പോർച്ചുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ എത്തി. അവിടത്തെ താമസത്തിനിടെ ആരുടെയൊക്കെയോ ഇടപെടലിന്റെ ഫലമായി പോർച്ചുഗീസു രാജ്ഞിയായിരുന്ന ഡോണാ മരിയയെ സന്ദർശിച്ച് അവരുടെ യാത്രോദ്ദേശ്യം അറിയിച്ചു. തൊട്ടയൽരാജ്യമായിരുന്ന സ്പെയിനിലെ രാജാവുമായി പോർച്ചുഗീസ് രാജ്ഞിക്കുണ്ടായിരുന്ന 'ശീതസമരം' കരിയാറ്റിക്കും പാറേമ്മാക്കലിനും തുണയായി. കേരളസഭയിലെ സ്പാനീഷ്മിഷനറിമാരുടെ അധിനിവേശത്തിനും ആധിപത്യത്തിനുമെതിരേ ചെറുത്തുനില്ക്കുന്നവരാണവരെന്നു തിരിച്ചറിഞ്ഞതോടെ രാജ്ഞി അവർക്കാവശ്യമായ പിന്തുണയും സഹായവും വാഗ്ദാനം ചെയ്തു. സാമ്പത്തികമായും അവരെ സഹായിച്ചത്രെ. റോമിലെത്താനുള്ള സൗകര്യം മാത്രമല്ല, അവിടെ മാർപാപ്പായുമായി കൂടിക്കാഴ്ചയ്ക്കുള്ള ഏർപ്പാടും രാജ്ഞിതന്നെ സൗകര്യപ്പെടുത്തി. റോമിലെ പോർച്ചുഗീസ് മിഷനറി വൈദികർവഴിയാകാം സ്പാനീഷ് കർമ്മലീത്താവൈദികരുടെ മലബാർമേധാവിത്വത്തിനെതിരായ കരുനീക്കങ്ങൾക്കു രാജ്ഞി ശക്തി പകർന്നത്.

റോമിൽ അവർ ആറാം പീയൂസ് മാർപാപ്പായെയും പ്രൊപ്പഗാന്താതിരുസംഘത്തിന്റെ തലവനായിരുന്ന കർദ്ദിനാൾ കസ്തേവ്സ്കിയെയും സന്ദർശിച്ചു. ആറാം മാർത്തോമ്മായുടെ വിശ്വാസപ്രഖ്യാപനരേഖയും മലങ്കരയിലെ 72 പള്ളികൾ ചേർന്നു തയ്യാറാക്കിയ നിവേദനവും സമർപ്പിക്കുകയും ചെയ്തു. മടക്കവഴിയിൽ ലിസ്ബണിലെത്തി മാസങ്ങളോളം താമസിച്ചു. അപ്പോഴേക്കും റോമിൽനിന്നു കാത്തിരുന്ന കല്പനയും എത്തി. കരിയാറ്റിൽ യൗസേപ്പു മല്പാനെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള ബൂളായും (കല്പന) ആറാം മാർത്തോമ്മായെ തിരിയെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുവാനുള്ള അനുമതിയും മാർപാപ്പാ മാർ കരിയാറ്റിക്കു നൽകി. 1786 സെപ്റ്റംബർ 9 നാണ് കരിയാറ്റിയുടെ ദുരൂഹമരണം സംഭവിക്കുന്നത്. മാർ കരിയാറ്റിയെ ഗോവയിൽത്തന്നെ കബറടക്കുകയായിരുന്നു. ഗോവയിൽ അകപ്പെട്ടുപോയ പാറേമ്മാക്കലച്ചനെ നാട്ടിലെത്തിക്കുവാനുള്ള ഏർപ്പാടുകൾക്കു മുൻകൈയെടുത്തത് തച്ചിൽ മാത്തുത്തരകനാണ്. പാറേമ്മാക്കലച്ചൻ മലബാറിൽ മടങ്ങിയെത്തി കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണദോർ സ്ഥാനമേറ്റെടുത്തു.

അങ്കമാലി ആസ്ഥാനമാക്കിക്കൊണ്ട് 13 വർഷത്തോളം പാറേമ്മാക്കലച്ചൻ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണച്ചുമതല നിർവ്വഹിക്കുകയുണ്ടായി. പഴയ കൂറ്റുകാരായ മുഴുവൻ സുറിയാനി വിശ്വാസികളും അവരുടെ പള്ളികളും ഗോവർണദോരുടെ അധികാരത്തെ അംഗീകരിക്കുകയും ചെയ്തു.

ഗോവർണദോരും ശക്തമായ ഭരണനടപടികൾക്കു തുടക്കംകുറിക്കുവാൻ തയ്യാറായി. 1787 ഫെബ്രുവരിയിൽ അങ്കമാലിയിൽ വിളിച്ചുകൂട്ടിയ 84 പള്ളികളുടെ പ്രതിപുരുഷയോഗം ഒരു പടിയോല എഴുതി ഉണ്ടാക്കിയെന്നു മാത്രമല്ല, പാറേമ്മാക്കലച്ചനെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിക്കണമെന്നാവശ്യപ്പെടുന്ന നിശ്ചയവും പാസ്സാക്കി. പടിയോലയ്ക്കെതിരേ മിഷനറിമാർ തിരുവിതാംകൂർ മഹാരാജാവിനോടു പരാതിപ്പെട്ടെങ്കിലും ഫലമുണ്ടായില്ല.

രണ്ടു ദിവസമായിച്ചേർന്ന പള്ളി പ്രതിപുരുഷയോഗം പണ്ടുമുതൽ മലങ്കരസഭയിൽ നിലനിന്നിരുന്ന 'അർക്കദിയാക്കോൻ' പദവി പുനഃസ്ഥാപിക്കാനും 12 വൈദികരടങ്ങുന്ന ഒരു കാനോനിസ്റ്റ് കൗൺസിലിനു രൂപം നൽകാനും തീരുമാനമെടുത്തു. ഏതെങ്കിലും സാഹചര്യത്തിൽ ഗോവർണദോർ പദവിയിൽ ഒഴിവു വന്നാൽ കാനോനിസ്റ്റ് കൗൺസിലിലെ ഒരു വൈദികൻ ആ സ്ഥാനത്തിന്റെ ചുമതലകൾ നിർവ്വഹിക്കണമെന്നും തീരുമാനമായി. എന്നാൽ, പാറേമ്മാക്കലച്ചനെ മെത്രാപ്പോലീത്തായാക്കാനുള്ള സർവ്വശ്രമങ്ങൾക്കും അന്നത്തെ വരാപ്പുഴ മിഷണറിമാർ സമർത്ഥമായി തടയിടുകയാണുണ്ടായത്.

ശേഷം 10 പേജിൽ

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**വിശുദ്ധ സ്വർഗത്തിൽനിന്ന്, അങ്ങയുടെ മഹത്ത്വത്തിന്റെ സിംഹാസനത്തിൽനിന്ന്, ജ്ഞാനത്തെ അയച്ചുതരണമേ. അവൾ എന്നോടൊത്തു വസിക്കുകയും അധ്വാനിക്കുകയും ചെയ്യട്ടെ! അങ്ങനെ അങ്ങയുടെ ഹിതം ഞാൻ മനസ്സിലാക്കട്ടെ!**

**ജ്ഞാനം 9:10**

**എഡിറ്റോറിയൽ**

# സാക്ഷരകേരളം ലജ്ജിക്കുന്നു!

**കൊ**വിഡിനെതിരേയുള്ള പ്രതിരോധപ്രവർത്തനങ്ങളുടെയും ഫലപ്രദമായ ഇടപെടലുകളുടെയും പേരിൽ ഏറെ പ്രകീർത്തിക്കപ്പെട്ട നാടാണ് കേരളം. ആരോഗ്യപ്രവർത്തകരും പൊലീസ് സേനയും സർക്കാർസംവിധാനങ്ങളുമൊക്കെ അതിന്റെ മുൻനിരയിലുണ്ടുതാനും. എന്നാൽ, കൊറോണയ്ക്കെതിരേ ജീവൻ പണയംവച്ചും കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ആരോഗ്യപ്രവർത്തകരുടെ മാനം കെടുത്തുന്ന ക്രൂരകൃത്യങ്ങൾക്ക് കേരളം ഈയിടെ സാക്ഷിയായിരിക്കുന്നു. സാക്ഷരകേരളത്തിന് ഇതു തീരാക്കളങ്കമാണ്.

കൊവിഡ് രോഗിയായ ദളിത് യുവതിയെ ചികിത്സാകേന്ദ്രത്തിലേക്കു കൊണ്ടുപോകുംവഴി ആംബുലൻസ് ഡ്രൈവർ മാനഭംഗപ്പെടുത്തിയ സംഭവം കേരളത്തിന്റെ ധാർമികമനഃസാക്ഷിയെ നടുക്കിയിരിക്കുകയാണ്. ഇക്കഴിഞ്ഞ ദിവസം അർദ്ധരാത്രിയോടെ ആറന്മുള - കിടങ്ങൂർ റോഡിൽ നാൽക്കാലിക്കൽ ആയുർവേദാശുപത്രിക്ക് എതിർവശത്തുള്ള കടയുടെ പിന്നിൽ ആംബുലൻസ് നിർത്തിയിട്ടശേഷം ഡ്രൈവർ കൊവിഡ് രോഗിണിയെ പീഡിപ്പിച്ചുവെന്നാണു കേസ്. കൊല്ലംജില്ലയിലെ ഒരു കൊവിഡ് ചികിത്സാകേന്ദ്രത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന നഴ്സിനെ പീഡിപ്പിക്കാൻ ശ്രമിച്ചതിന് ആംബുലൻസ് ഡ്രൈവർ പിടിയിലായത് ആഴ്ചകൾക്കുമുമ്പാണ്. കേരളത്തിന്റെ ധാർമ്മികമനഃസാക്ഷിയെ പിടിച്ചുലച്ച ഇത്തരം ക്രൂരകൃത്യങ്ങൾക്കു തൊട്ടുപിന്നാലെയാണ്, കൊവിഡ് നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന യുവതിയെ ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർ അതിനീചമായി പീഡിപ്പിച്ചെന്നുള്ള നാണംകെട്ട വാർത്തകൂടി പുറത്തുവന്നിരിക്കുന്നത്. കൊവിഡ് നിരീക്ഷണത്തിലായിരുന്ന യുവതി നടത്തിയ മെഡിക്കൽപരിശോധനയെത്തുടർന്ന് കൊവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റിനായി ഹെൽത്ത് ഇൻസ്പെക്ടറെ സമീപിച്ചപ്പോഴാണ് ആ നരാധമൻ യുവതിയെ കട്ടിലിൽ കെട്ടിയിട്ട് വായിൽ തുണി തിരുകി മണിക്കൂറുകളോളം പീഡിപ്പിച്ചത്.

മഹാമാരിയുടെ ഭീതിക്കിടയിൽ നേരിടേണ്ടി വന്ന അപമാനഭയവും ലജ്ജയും ആ സഹോദരിമാരെ എത്രമാത്രം തകർത്തിട്ടുണ്ടാവും....? അവരുടെയും ഉറ്റവരുടെയും മനസ്സിന് എത്ര ആഴത്തിലായിരിക്കും മുറിവേറ്റിട്ടുള്ളത്? സ്ത്രീസുരക്ഷയെക്കുറിച്ച് സാക്ഷരകേരളം സവിസ്തരം വീൺവാക്കു വിളമ്പുമ്പോഴും, സ്ത്രീകൾക്കു നേരേയുള്ള അതിക്രമങ്ങൾ ആവർത്തിക്കുന്നത് നമ്മുടെ നിയമസംവിധാനങ്ങളെയും സുരക്ഷാക്രമീകരണങ്ങളെയും സംശയത്തിന്റെ മുൾമുനയിൽ നിർത്തുന്നുവെന്ന വസ്തുതയും നിഷേധിക്കാനാവില്ല.

കൊവിഡ് ഭീതിയിൽ കഴിയുന്ന രോഗികളോടുപോലും ദയ കാണിക്കാനോ നീതി പുലർത്താനോ നമ്മുടെ സർക്കാർ സംവിധാനങ്ങൾക്കാവുന്നില്ലെങ്കിൽ, ഉണർന്നുപ്രവർത്തിക്കേണ്ടത് പൊതുജനമാണ്; നന്മ ഉള്ളിൽ സൂക്ഷിക്കുന്ന ഓരോ മനുഷ്യജീവിയുമാണ്. കൊവിഡ് രോഗികളായ സ്ത്രീകൾക്കു നേരേയുള്ള അതിക്രമം ഒറ്റപ്പെട്ട സംഭവമാണെന്നു പറഞ്ഞു നിസ്സാരവത്കരിക്കാനോ തമസ്കരിക്കാനോ ഒക്കെയുള്ള 'പ്രലോഭനം' പൊതുസമൂഹത്തിൽനിന്നുണ്ടാവുന്നത് അത്യന്തം ലജ്ജാകരമാണ്. ഇത് കേരളസമൂഹത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയുടെ അടയാളപ്പെടുത്തലുകളാണ്.

സെക്സും ക്രൈമും സമൂഹമാധ്യമങ്ങളിലുൾപ്പെടെ കൂടക്കൂടെ കാണാനും കേൾക്കാനും വിധിക്കപ്പെട്ടിരിക്കുന്ന 'സൈബർ അടിമകളാ'യ നമ്മുടെ ചെറുപ്പക്കാർക്കുമുമ്പിൽ ധാർമ്മികപ്രബോധകരാകാനും തിരുത്തൽവാദികളാവാനും ഇച്ഛാശക്തിയുള്ള കുറെ നല്ല മനുഷ്യരുണ്ടായേ പറ്റൂ. നേരും നെറിയുമുള്ള ഒരു തലമുറയെ പടുത്തുയർത്താൻ കടപ്പെട്ടിരിക്കുന്നവർ, അവർ മാതാപിതാക്കളോ അധ്യാപകരോ ആത്മീയനേതാക്കളോ സാംസ്കാരികബുദ്ധിജീവികളോ ആരുമായിക്കൊള്ളട്ടെ, ഇക്കാര്യത്തിൽ വലിയ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ അപചയത്തെക്കുറിച്ചു പരിതപിച്ചിട്ടോ പരിഭവിച്ചിട്ടോ കാര്യമില്ല; മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ദേവചൈതന്യത്തെ അപഹരിക്കുന്ന, അവന്റെ ഉൾക്കരുത്തു കവർന്നെടുക്കുന്ന ഛിദ്രശക്തികൾക്കെതിരേ ഒന്നിച്ചു പോരാടാനുള്ള ആർജ്ജവമാണു വേണ്ടത്. ഇക്കാര്യത്തിൽ സർക്കാരിനും പൊതുസമൂഹത്തിനും വലിയ ഉത്തരവാദിത്വമുണ്ട്.

□

# അഗസ്ത്യായനം ഗംഭീരംതന്നെ

ദീപനാളത്തിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചുവന്ന അഗസ്ത്യായനം എന്ന നോവൽ ഗംഭീരമായി. തേവർപറമ്പിൽ കുഞ്ഞച്ചൻ എന്ന യേശുവിന്റെ പ്രതിനിധിയെ അനാവരണം ചെയ്യുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഉറച്ചവിശ്വാസവും കഠിനതപസ്സും അദ്ഭുതം പ്രവർത്തിക്കാനുള്ള കഴിവും എടുത്തുപറയേണ്ടതുതന്നെ. തന്റെ പ്രിയപ്പെട്ട ദളിത് സഹോദരർക്കുവേണ്ടി ഉഴിഞ്ഞുവച്ചതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അവരുടെ ചെറ്റക്കുടിലുകൾ കയറിയിറങ്ങി നാണയത്തുട്ടുകളും അരിയും കൊടുക്കുവാനുള്ള എളിമയും അദ്ദേഹത്തിനുമാത്രം അവകാശപ്പെട്ടത്. രാമപുരം ഇടവകയെയും പ്രാന്തപ്രദേശങ്ങളെയും, വള്ളംകോട്ടച്ചനെയും കച്ചിറമറ്റത്തിലച്ചനെയും വരെ അവതരിപ്പിക്കുവാൻ നോവലിസ്റ്റിനു കഴിഞ്ഞു. ചുരുങ്ങിയകാലം കൊണ്ട് ആറായിരത്തിലധികം ദളിതരെ ഈശ്വരവിശ്വാസികളാക്കുവാൻ കുഞ്ഞച്ചന്റെ എളിയമനസ്സും ത്യാഗവും ഉപകരിച്ചു.

അന്നത്തെ അദ്ദേഹത്തിന്റെ എളിമ ലോകം ഇന്ന് അംഗീകരിച്ചിരിക്കുന്നു. ലോകം അദ്ദേഹത്തെ ബഹുമാനിക്കുന്നു. അഗസ്ത്യായനം ഒരു നോവൽ എന്നതിലുപരി ഒരു ചരിത്രവും കൂടിയാണ്. ഇത് എത്രയുംവേഗം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണം. പുതിയ തലമുറയ്ക്കും വളരെ പ്രയോജനകരമായിരിക്കും.

നോവലിസ്റ്റ് ഗിരീഷ് കെ. ശാന്തിപുരത്തിനും ദീപനാളത്തിനും ആശംസകൾ.

**അഗസ്റ്റിൻ കുറുമണ്ണ്, ഇടുക്കി**



**പ്രതികരണം**

# ലേഖനം വിജ്ഞാനപ്രദം

ദീപനാളം 2020 ഓഗസ്റ്റ് 13-ലക്കം ഡോ. കുര്യാസ് കുമ്പളക്കുഴി എഴുതിയ 'രാമായണവും ഇന്ത്യൻ സംസ്കാരവും' എന്ന ലേഖനം വിജ്ഞാനപ്രദമായി. അതുപോലെ തന്നെ സത്യൻ താന്നിപ്പുഴ എഴുതുന്ന ബാലകഥകൾ 'കഥയും കാര്യവും' നന്നാവുന്നുണ്ട്. ഇരുവർക്കും ദീപനാളത്തിനും അനുമോദനങ്ങൾ.

**ഷാജി മാലിപ്പാറ,**
**ആലുവ-1**

# നിയമവിദ്യാഭ്യാസം നിർബന്ധമാക്കണം

നമ്മുടെ നാട്ടിലെ ഏറ്റവുമൊടുവിൽ കാണുന്ന സാമൂഹികജീവിതചുറ്റുപാടുകൾ വച്ച് പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും സാമാന്യനിയമവിദ്യാഭ്യാസം കൂടിയേ തീരൂ എന്ന അവസ്ഥ വന്നിട്ടുണ്ട്

ഒരു മനുഷ്യവ്യക്തി ജനിക്കുന്നതിനു മുമ്പും അവന്റെ മരണശേഷവും നാട്ടിലെ ബഹുവിധ നിയമങ്ങളുമായി അവൻ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

Man is born free,
but he is in chain everywhere.

എന്നു റൂസോ പറഞ്ഞത് ഈ നിയമത്തിന്റെ നീരാളിപ്പിടിത്തത്തെപ്പറ്റിത്തന്നെയാണ്.

സാമൂഹികജീവിതംകൊണ്ടുമാത്രം സ്വയമേ പഠിച്ചെടുക്കേണ്ട ധാരാളം നൈസർഗിക നിയമങ്ങളുണ്ട്.

പ്രായക്കൂടുതൽ ഉള്ളവരെ ബഹുമാനിക്കുക എന്നത് അത്തരമൊരു നിയമമാണ്

എന്നാൽ, സെക്കണ്ടറി തല സ്കൂൾ വിദ്യാഭ്യാസ കാലത്തു CPC, IPC, Cr. PC തുടങ്ങിയ നിയമങ്ങളുടെയും അവയുടെ ലംഘനങ്ങളുടെ ശിക്ഷകളുടേയും പ്രാഥമികപാഠങ്ങൾ എല്ലാ പൗരന്മാരും പഠിച്ചിരിക്കേണ്ടത് അത്യാവശ്യമെന്ന നില ഇന്നു വന്നിട്ടുണ്ട്.

മനുഷ്യന്റെ സ്വകാര്യ കുടുംബജീവിതം തന്നെയിപ്പോൾ, നിയമങ്ങൾക്കു സമ്പൂർണ്ണമായി വിധേയപ്പെട്ടിരിക്കുകയാണ്.

എവിടെ തിരിഞ്ഞു നോക്കിയാലും നിയമസാംഗത്യമില്ലാത്ത ഒരു കാര്യവും മനുഷ്യജീവിതത്തിൽ ഇല്ലാത്ത സ്ഥിതിയാണ് ഇന്നത്തേത്. തുമ്മുന്നതും തുപ്പുന്നതും കാണുന്നതും കേൾക്കുന്നതുമെല്ലാം നിയമപരമായിരിക്കണം. അവിടെയൊക്കെ നിയമലംഘനമുണ്ടായാൽ ശിക്ഷ വാങ്ങിയേ പറ്റൂ.

പോരാഞ്ഞിട്ട്, Ignorance of law is not an excuse എന്നതു സുവിദിതമായ ഒരു ലീഗൽ മാക്സിം തന്നെയാണ്. മേൽപശ്ചാത്തലത്തിൽ ഹയർ സെക്കണ്ടറി തലം വിടുന്നതിനു മുമ്പു സാമാന്യ നിയമ വിദ്യാഭ്യാസം നിർബന്ധമാക്കണം
.

നിയമവിദ്യാഭ്യാസമില്ലായ്മ ഇന്നത്തെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യനിരക്കിനൊരു പ്രമുഖ കാരണം തന്നെ.

# ജീവന്റെ വില കുഞ്ഞുങ്ങളെ പറഞ്ഞു പഠിപ്പിക്കണം

ജീവന്റെ വില ഇന്ന് അധികമാർക്കും അറിഞ്ഞു കൂടാത്തതുകൊണ്ട് മനുഷ്യനു മരണ ഭീതി തീരെയില്ലാതായി.

ഒരു മരണവും ആരെയും ആഴത്തിൽ വേദനപ്പിക്കാത്ത അവസ്ഥ.

മരണവീടുകൾ കണ്ടാൽ എന്തോ സന്തോഷം നടക്കുന്നിടം എന്ന തോന്നൽ വരുത്തുന്നു. ഈ നൂറ്റാണ്ടിലെ കുഞ്ഞുങ്ങൾ ജീവനും മരണവും തമ്മിലുള്ള വ്യത്യാസം പഠിക്കാത്തവരെന്ന ഒരവസ്ഥ !

എന്നും കൊലയുടെ വാർത്തകൾ! വെറും പത്രവിശേഷമായി വായിച്ചു വിടുന്നു. ചാനലുകൾ അതു പറ്റിയ പരസ്യവേളകളാക്കി പണം കൊയ്യുന്നു. അരുംകൊലകളുടെ സിസീടി വി ദൃശ്യങ്ങൾ മുറിച്ച് ഇടവേളകൾ വരുന്നു!

ഹോ! ഭയാനകം! ജീവന്റെ വില ആരും ആരെയും എങ്ങും പഠിപ്പിക്കുന്നില്ല. ആ നില മാറണം. അഹിംസ എന്ന സിദ്ധാന്തം പുതുക്കിസ്ഥാപിക്കണം.

സ്വയം മരിക്കാനും ആരെയും കൊല്ലാനുമല്ല മനുഷ്യന് ഒരു ജീവിതം കിട്ടിയിരിക്കുന്നതെന്നു പാഠ്യപദ്ധതിയിൽ വിഷയമാക്കി പഠിപ്പിക്കേണ്ട സമയം വൈകിയിരിക്കുന്നു.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# അഴലിന്റെ നിഴൽ വീണ അഭ്രലോകം





**വിനു ആനന്ദ്**

**ലോ**ക്ഡൗൺ കാലത്ത് എല്ലാ സ്ഥാപനങ്ങളും അടച്ചുപൂട്ടപ്പെട്ടു. ജനം വീടിനു വെളിയിലിറങ്ങാതായി. സർക്കാരിന്റെ സൗജന്യങ്ങൾ പറ്റിക്കൊണ്ട് കുറച്ചു ദിവസങ്ങളൊക്കെ ആളുകൾ കഴിഞ്ഞു. ബാങ്കുകൾ മൂന്നുമാസത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. അതിനുപിന്നിലുള്ള കുരുക്കറിയാത്ത സാധാരണക്കാർ രണ്ടുകൈയും നീട്ടി മോറട്ടോറിയം സ്വീകരിച്ചു. എന്തൊക്കെ വന്നാലും ജീവിതം തുടരുകതന്നെ വേണമല്ലോ. ജനം നിയന്ത്രണങ്ങൾക്കു വിധേയമായി സാധാരണ ജീവിതത്തിലേക്കു തിരിച്ചുവന്നു. പക്ഷേ, നാടകവും സിനിമയുമടങ്ങിയ കലാലോകം ആ തിരിച്ചുവരവിൽ പുറന്തള്ളപ്പെട്ടു. പ്രത്യേകിച്ച് സിനിമാരംഗം. ആയിരക്കണക്കിനാളുകൾ ജോലിചെയ്യുന്ന ഒരു മേഖലയാണത്; താരങ്ങളെ മാത്രമേ നമുക്കു പരിചയമുള്ളുവെങ്കിലും. സിനിമയിലുമുണ്ട് ദിവസവേതനക്കാർ. കൊവിഡ് സിനിമാരംഗത്തെ നിശ്ചലമാക്കിയപ്പോൾ അന്നംമുട്ടിപ്പോയ നിരവധിയാളുകൾ. പോസ്റ്ററൊട്ടിക്കുന്ന ആൾവരെ സിനിമയുടെ ഭാഗമാണ്.

മറ്റുള്ള തൊഴിൽരംഗങ്ങൾ പോലെയല്ല സിനിമ. സിനിമയിൽ ജോലി ചെയ്തിരുന്നവർക്ക് മറ്റൊരു മേഖലയിലേക്കു കടന്നുവരികയെന്നത് അത്ര എളുപ്പമല്ല. പണക്കൊഴുപ്പിന്റെ ലോകമെന്ന് പൊതുജനം സിനിമയെ കാണുന്നു എന്നതാണ് പ്രധാന കാരണം. സിനിമാപ്രവർത്തകർ – അഭിനേതാക്കളാണെങ്കിലും അണിയറപ്രവർത്തകരാണെങ്കിലും – അത്രയേറെ സിനിമയെ തങ്ങളുടെ ജീവിതവുമായി ചേർത്തുവെച്ചവരാണ്.

ഭീമമായ പ്രതിഫലം പറ്റുന്ന സൂപ്പർസ്റ്റാറുകളുണ്ട്. അവർ പ്രളയംപോലുള്ള ദുരന്തങ്ങൾ നേരിട്ടവർക്കു സഹായഹസ്തം നീട്ടുന്നതു കണ്ടിട്ടുണ്ട്. ചിലരൊക്കെ ചാരിറ്റബിൾ സൊസൈറ്റികളുടെ തലപ്പത്തിരിക്കുന്നവരുമാണ്. എന്നിട്ടും തങ്ങളുടെ സ്വന്തം പ്രവൃത്തിമണ്ഡലത്തിൽ കഷ്ടതയനുഭവിക്കുന്നവരെ ഇവർ കാണുന്നില്ലെന്നു തോന്നുന്നു.

സിനിമാതിയേറ്ററുകളുടെ കാര്യംമുതൽ പറയാം. കോടിക്കണക്കിനു രൂപ മുടക്കിയാണ് ഓരോ തിയേറ്ററും രൂപപ്പെടുത്തിയിരിക്കുന്നത്. പ്രോജക്ടറുകൾ, സൗണ്ട് സിസ്റ്റം മുതലായ ഉപകരണങ്ങൾ എല്ലാ ദിവസവും പ്രവർത്തിപ്പിക്കണം. അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും വേണം. ഇല്ലെങ്കിൽ അവയെല്ലാം ഉപയോഗശൂന്യമായിപ്പോകും. വരുമാനമുണ്ടെങ്കിലും ഇല്ലെങ്കിലും അടയ്ക്കേണ്ടിവരുന്ന വൈദ്യുതി ചാർജ്ജ്, തിയേറ്റർജീവനക്കാരുടെ വേതനം തുടങ്ങി വലിയ ഒരു തുകതന്നെ തിയേറ്ററുടമയ്ക്ക് ഈ സമയത്തും ഓരോ മാസവും ചെലവാകുന്നു.

ഇനി, നിർമ്മാതാവിന്റെ കാര്യമെടുത്താൽ മിക്കവാറും പേർ വലിയ പലിശയ്ക്കു ലോണെടുത്തോ കിടപ്പാടം പണയപ്പെടുത്തിയോ ആവും സിനിമ നിർമ്മിക്കാനിറങ്ങുന്നത്. വായ്പയുടെ തവണമുടങ്ങിയാൽ ഉണ്ടാകാവുന്ന അവസ്ഥ ഭയാനകമാണ്. നിർമ്മാണം പൂർത്തിയായതും പാതിവഴിയിലെത്തിനിൽക്കുന്നതുമായ നിരവധി സിനിമകൾ ഈ വർഷം തിയേറ്ററിലെത്താനുണ്ട്. ഇവരുടെ പ്രതീക്ഷകളും നഷ്ടങ്ങളും നമ്മുടെ ചിന്തകൾക്കുമപ്പുറമാണ്.

സിനിമാരംഗത്ത് നിരവധി സംവിധായകരുണ്ട്. ചെറിയ ബാനറുകളിൽ നിർമ്മിക്കപ്പെടുന്ന സിനിമകൾ ചിത്രീകരണത്തിന്റെ അവസാനഭാഗമെത്തുമ്പോഴേക്കും സാമ്പത്തികമായി ബുദ്ധിമുട്ടിലാവും. സിനിമ എപ്പോഴും സംവിധായകന്റെ കലയായതുകൊണ്ട് അയാൾ വിട്ടുവീഴ്ച ചെയ്യാൻ സ്വാഭാവികമായും തയ്യാറാവും. നിശ്ചയിച്ചിരിക്കുന്ന പ്രതിഫലത്തിന്റെ ഒരു ചെറിയ ശതമാനം മാത്രമേ ഒരുപക്ഷേ, സംവിധായകനു കിട്ടിക്കാണുകയുള്ളൂ. പുറത്തിറക്കിയ സിനിമ നഷ്ടത്തിലാണെങ്കിൽപ്പിന്നെ അയാൾ ബാക്കി പ്രതിഫലത്തെക്കുറിച്ചു ചിന്തിക്കുകയേ വേണ്ട. ഇതാണ് എല്ലാക്കാലത്തെയും സിനിമയുടെ അവസ്ഥ.

സിനിമയുമായി ബന്ധപ്പെട്ടുള്ള അനുബന്ധപ്രവർത്തനങ്ങൾ അനവധിയാണ്. പ്രധാനപ്പെട്ട സിനിമാകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പല സ്ഥാപനങ്ങളുമുണ്ട്. സംഗീതം, നൃത്തം മുതലായവ അഭ്യസിപ്പിക്കുന്നവർ, ബ്യൂട്ടിപാർലറുകൾ, വസ്ത്രനിർമ്മാണം, എക്സ്ട്രാ ആർട്ടിസ്റ്റുകൾ, കാറ്ററിംഗ്, ഡ്രൈവർമാർ, ടാക്സികൾ, അങ്ങനെ പലതും. ലക്ഷക്കണക്കിനു രൂപയുടെ മുതൽമുടക്കുണ്ട് ഇവയ്ക്കു പിന്നിൽ.

നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾപോലെ സിനിമയും ഇന്ന് ഓൺലൈൻ പ്ലാറ്റ്ഫോമിലേക്കു കടന്നിരിക്കുന്നു. പൂർത്തിയായിരിക്കുന്ന സിനിമകൾ സാമൂഹികമാധ്യമങ്ങൾവഴി റിലീസ് ചെയ്യുന്നതിനെക്കുറിച്ച് നിർമ്മാതാക്കൾ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. അവർക്ക് ഒരുതരത്തിലുമുള്ള ബുദ്ധിമുട്ടുകളില്ലാതെ സിനിമ പുറത്തിറക്കാൻ സാധിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. 'സൂഫിയും സുജാതയും' ഇപ്രകാരം റിലീസ് ചെയ്ത് വിജയകരമാക്കിയ ഒരു സിനിമയാണ്. തിയേറ്ററുകൾ ഇനിയും അടഞ്ഞുകിടക്കുകയും സിനിമകൾ പുറത്തിറക്കാൻ കഴിയാതെവരികയും ചെയ്താൽ ഒരുപക്ഷേ, നിർമ്മാതാക്കൾ കാര്യമായിത്തന്നെ ആ വഴിക്കു ചിന്തിച്ചുകൂടായ്കയില്ല. അങ്ങനെ വന്നാൽ സിനിമാവിതരണമേഖലകൊണ്ട് ഉപജീവനം കഴിക്കുന്ന ആയിരക്കണക്കിനു തൊഴിലാളികളുടെ സ്ഥിതി പരുങ്ങലിലാവും.

മറ്റെല്ലാ മേഖലയിലുമെന്നപോലെ സിനിമാപ്രവർത്തകർക്കും അസോസിയേഷനുകളുണ്ട്. അവർ അധികം പരാതികിടയില്ലാത്തവിധം പ്രവർത്തിക്കുന്നുമുണ്ട്. എന്നിരുന്നാലും എല്ലാ അംഗങ്ങളെയും സാമ്പത്തികമായി എല്ലാക്കാലത്തും സഹായിക്കുകയെന്നത് ഒരു സംഘടനയ്ക്കും സാധ്യമല്ല. ഒരാളുടെ ചികിത്സയ്ക്കോ വീടുവയ്ക്കുന്നതിനോ കുട്ടിയുടെ വിദ്യാഭ്യാസാവശ്യത്തിനോ സഹായിക്കുന്നതുപോലെയല്ല, നിരന്തരം സാമ്പത്തികസഹായം നല്കുകയെന്നത്. തൊഴിൽ ലഭ്യമാക്കുകയെന്നതുമാത്രമാണ് അതിനുള്ള പരിഹാരം.

നാടകകലാകാരന്മാരുടെ ജീവിതമാണ് വളരെ കഷ്ടത്തിലായിരിക്കുന്നത്. വർഷത്തിൽ മൂന്നോ നാലോ മാസം മാത്രമാണ് സാധാരണഗതിയിൽ അവർക്കു തൊഴിലുണ്ടാവുക. കൂടിച്ചേരലുകൾ ഒഴിവാക്കപ്പെടുന്ന കൊവിഡ്കാലത്ത് നാടകം അവതരിപ്പിക്കാനാവില്ല. അവരുടെ ആകെയുള്ള വരുമാനവും നിലയ്ക്കുന്നു. ജീവിതത്തിന്റെ നാല്ക്കവലയിൽ വഴിമുട്ടിനിൽക്കുന്ന നാടകകലാകാരന്മാർ സമൂഹത്തിനു മുന്നിൽ ചോദ്യചിഹ്നമായിത്തീരുന്നു. നിരവധി നാടകകലാകാരന്മാർക്ക് സിനിമയിൽ അവസരങ്ങൾ നല്കി ഉയർത്തിക്കൊണ്ടുവരാൻ ചില സിനിമാപ്രവർത്തകർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടെന്നത് സ്മരണാർഹമാണ്.

ഈ കൊവിഡ് കാലത്ത് ആരവങ്ങളും ആഘോഷങ്ങളുമില്ലാതെ മറ്റൊരു ഓണക്കാലംകൂടി കടന്നുപോയിരിക്കുന്നു. സിനിമ എന്ന വ്യവസായത്തിന്, കലയ്ക്ക്, ഈ സമയത്തുണ്ടായിരിക്കുന്ന നഷ്ടം വളരെ വലുതാണ്. ഇനിയും തിയേറ്ററുകൾ തുറന്ന് പ്രദർശനങ്ങൾ ആരംഭിച്ചാൽപ്പോലും ആളുകൾ വരാനും തീയേറ്ററുകൾ ലാഭകരമായി നടത്തിക്കൊണ്ടുപോകാനും എത്രനാൾ കാത്തിരിക്കണമെന്നറിയില്ല.

സിനിമാനിർമ്മാണത്തിന് പണച്ചെലവേറുന്നതിന്റെ ഒരു പ്രധാന കാരണം സൂപ്പർ സ്റ്റാറുകളുടെ ഭീമമായ പ്രതിഫലമാണ്. അവരുടെ പ്രതിഫലം ഏകീകരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ പുരോഗമിക്കുന്ന ഈ അവസരത്തിൽ ഇനി വരുന്ന സിനിമകളെങ്കിലും സിനിമയുടെ താഴേത്തട്ടിൽ ജോലിയെടുക്കുന്ന ആളുകൾക്ക് ജീവിതനിലവാരവർദ്ധനയ്ക്കുതകുന്ന വരുമാനം ലഭ്യമാക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം. സിനിമാരംഗത്തെ രക്ഷിക്കാൻ, ആയിരക്കണക്കിനാളുകളുടെ തൊഴിൽ സംരക്ഷിക്കാൻ, വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമെന്നു പ്രത്യാശിക്കാം. □

**കഥയും കാര്യവും** **സത്യൻ താന്നിപ്പുഴ**

## ടാറിൽ മുങ്ങിയ നായക്കുട്ടികൾ

**റ**ബ്ബർതോട്ടത്തിന്റെ കവാടത്തിൽ ഒരു ചെറിയ കെട്ടിടമുണ്ട്. തൊഴിലാളികളുടെ വസ്ത്രം മാറിവയ്ക്കുന്നതിനും റബ്ബർപാലും പണിയായുധങ്ങളും ശേഖരിച്ചുവയ്ക്കുന്നതിനുംവേണ്ടിയുള്ള ആ കെട്ടിടത്തിന്റെ ഒരു മൂലയിൽ ഒരു തെരുവുനായ പ്രസവിച്ചുകിടന്നു. നാലു കുഞ്ഞുങ്ങളുണ്ട്.

റബ്ബർതോട്ടത്തിന്റെ മുൻവശത്ത് ഒരു ഇറച്ചിക്കടയുണ്ട്. അവിടെനിന്ന് നായയ്ക്ക് മാംസത്തിന്റെ അവശിഷ്ടങ്ങൾ ഇഷ്ടംപോലെ തിന്നാൻ കിട്ടും. നായ തീറ്റ കഴിഞ്ഞ് കുഞ്ഞുങ്ങളുടെ അരികിൽ വന്നു കിടക്കും. കുഞ്ഞുങ്ങൾ മുല കുടിച്ചു വളർന്നു. അവർ നാലുപേരും മഹാവികൃതികളായിരുന്നു. അമ്മ പറഞ്ഞത് അനുസരിക്കുകയില്ല. തോന്നിയപോലെ റോഡിലേക്കു പോകും.

അമ്മ മക്കളെ ഉപദേശിക്കും: "മക്കളേ, നിങ്ങൾ റോഡിലേക്കു പോകരുത്. വികൃതിപ്പിള്ളേർ കണ്ടാൽ കല്ലു വലിച്ചെറിയും. അമ്മയുടെ അടുത്തുനിന്നു പോകരുത്. അമ്മ തീറ്റിതേടിപ്പോകുമ്പോൾ നിങ്ങൾ നമ്മുടെ വീട്ടിൽ ഇരിക്കണം. കളിക്കാനും ഇറങ്ങരുത്."

ഒരുദിവസം അമ്മ ഇറച്ചിക്കടയിൽ പോയി തീറ്റ തിന്നു. പോരുന്ന വഴി ഇറച്ചിക്കടയിൽനിന്നു കിട്ടിയ ഇറച്ചിക്കഷണം കുഞ്ഞുങ്ങൾക്കു കൊടുത്തു. വയറുനിറഞ്ഞ അമ്മയും മക്കളും വീടിന്റെ ഉമ്മറത്തു വർത്തമാനം പറഞ്ഞു കിടന്നു.

അമ്മ വേഗം ഉറങ്ങിപ്പോയി. അമ്മയുടെ കൂർക്കംവലി കേട്ടപ്പോൾ മക്കൾ നാലുപേരും കൂടി പുറത്തുപോകാൻ തീരുമാനിച്ചു.

അവർ റോഡിലൂടെ ഓടിക്കളിച്ചുനടന്നു. റോഡുപണിക്ക് കൊണ്ടുവന്ന ടാർവീപ്പ മറിഞ്ഞ് റോഡിൽ കിടന്നിരുന്നു. നായക്കുട്ടികൾ ഓടിക്കളിച്ചു നടന്ന് ടാറിൽ വീണു. മേലാകെ ടാറിൽ മുങ്ങി. അനങ്ങാനും നടക്കാനും വയ്യാതായി.

ട്രാഫിക് പോലീസ്, നായക്കുട്ടികൾ ടാറിൽ മുങ്ങി ജീവന്മരണ പോരാട്ടം നടത്തുന്നതു കണ്ടു. മൃഗസംരക്ഷണസംഘടനയായ 'ദയ'യുടെ ഭാരവാഹികളെ പോലീസ് വിവരമറിയിച്ചു. ഉടൻതന്നെ



ദയയുടെ പ്രവർത്തകൻ വാഹനത്തിൽവന്ന് നായക്കുട്ടികളെ ടാറിൽനിന്നു മോചിപ്പിച്ചു. അവയുടെ ശരീരത്തിൽനിന്ന് ടാർ പൂർണമായി നീക്കം ചെയ്തു. അവയ്ക്കു പാലും നല്കി. ക്ഷീണം മാറിയപ്പോൾ തള്ളപ്പട്ടിയുടെ അടുത്തേക്കു കുഞ്ഞുങ്ങളെ എത്തിച്ചു.

മക്കളെ അന്വേഷിച്ചുനടന്ന തള്ളപ്പട്ടി മക്കളെ കണ്ടപ്പോൾ ഓടിച്ചെന്നു ചോദിച്ചു: "മക്കളേ, നിങ്ങൾ എവിടെയായിരുന്നു. ഞാൻ നിങ്ങളെ അന്വേഷിച്ച് എവിടെയെല്ലാം പോയി?"

മക്കൾ ഉണ്ടായ സംഭവമെല്ലാം പറഞ്ഞു. അതുകേട്ടപ്പോൾ അമ്മ ചോദിച്ചു: "അമ്മ പറയുന്നത് അനുസരിക്കാതെ മേലിൽ പുറത്തു പോകുമോ?"

"ഇല്ല അമ്മേ, ഇല്ല. മേലിൽ അമ്മ പറയുന്നത് അനുസരിച്ചു കൊള്ളാം." നാലുമക്കളും ഒരുമിച്ചുപറഞ്ഞു.

□






ഡോ. കുര്യാസ് കുമ്പളക്കുഴി

# കോൺഗ്രസിനെ ആരു രക്ഷിക്കും!

ഇന്ത്യൻ ജനാധിപത്യം ഇന്നു നേരിടുന്ന ഏറ്റവും വലിയ ഭീഷണി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ തകർച്ചയാണ്. 135 വർഷം പ്രായമുള്ള ഒരു രാഷ്ട്രീയപ്രസ്ഥാനം ഇത്തരത്തിൽ ദുർബലമായത്, ഇന്ത്യയുടെ മതേതര മുഖച്ഛായ മാത്രമല്ല, ജനാധിപത്യസ്വഭാവംതന്നെ മാറ്റിക്കളയുമെന്നു ഭയപ്പെടേണ്ട രാഷ്ട്രീയസാഹചര്യമാണു സൃഷ്ടിച്ചിരിക്കുന്നത്.

ഒരർത്ഥത്തിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്നു നിലവിലില്ല എന്നു പറയാവുന്നതാണ്. 1969 മുതൽ അത് ഇന്ദിരാ കോൺഗ്രസാണ്. ആ വർഷം നടന്ന രാഷ്ട്രപതിതിരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ ഔദ്യോഗികസ്ഥാനാർത്ഥി സഞ്ജീവറെഡ്ഡിക്കു പകരം, പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി പിന്തുണ നല്കിയത് സ്വതന്ത്രസ്ഥാനാർത്ഥി വി.വി. ഗിരിക്കായിരുന്നു. ഗിരി വിജയിച്ചു. അന്നത്തെ കോൺഗ്രസ് പ്രസിഡന്റ് നിജലിംഗപ്പ ഇന്ദിരാഗാന്ധിയെ കോൺഗ്രസിൽനിന്നു പുറത്താക്കി.

അതോടെ കോൺഗ്രസ് നെടുകെ പിളർന്നു. തിരഞ്ഞെടുപ്പു കമ്മീഷൻ ഇന്ദിരാപക്ഷത്തെ യഥാർത്ഥ കോൺഗ്രസായി അംഗീകരിച്ചു. മറ്റു വിഭാഗം സംഘടനാ കോൺഗ്രസ് എന്നറിയപ്പെട്ടു.

അതുവരെയുണ്ടായിരുന്ന പാർട്ടിചിഹ്നം 'നുകംവച്ച കാള' ഇരുകൂട്ടർക്കും നഷ്ടപ്പെട്ടു. ഇന്ദിരാകോൺഗ്രസ് 'പശുവും കിടാവും' സംഘടനാ കോൺഗ്രസ് 'ചർക്കയും സ്ത്രീയും' ചിഹ്നങ്ങളായി സ്വീകരിച്ചു.

1977 ൽ സംഘടനാ കോൺഗ്രസ് ജനതാപാർട്ടിയിൽ ലയിച്ചു. ആ വർഷത്തെ തിരഞ്ഞെടുപ്പു പരാജയത്തെ തുടർന്ന് ഇന്ദിരാ കോൺഗ്രസ് വീണ്ടും പിളർന്നു. അതോടെ ഇന്ദിരാ കോൺഗ്രസിന് പശുവും കിടാവും ചിഹ്നം നഷ്ടപ്പെട്ടു. പകരം 'കൈപ്പത്തി' ലഭിച്ചു. ഇതാണ് ഇന്നു നിലവിലുള്ള കോൺഗ്രസ്.

ചരിത്രം പരിശോധിക്കുമ്പോൾ ഒരു വസ്തുത നമ്മൾ തിരിച്ചറിയേണ്ടിരിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപമെടുത്തത് ഒരു രാഷ്ട്രീയ പ്രസ്ഥാനമായിട്ടല്ല. അതുകൊണ്ടാണ് ബ്രിട്ടീഷ് പൗരനായിരുന്ന എ.ഒ.ഹ്യൂം അതിന്റെ സ്ഥാപക പിതാവായത്. 'ഇന്ത്യൻ ജനതയുടെ മാനസികവും ധാർമ്മികവും രാഷ്ട്രീയവുമായ പുനരുജ്ജീവന'മാണ് കോൺഗ്രസിന്റെ ലക്ഷ്യമെന്ന് ഹ്യൂം തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 1885 മുതൽ 22 വർഷക്കാലം അദ്ദേഹംതന്നെയായിരുന്നു സംഘടനയുടെ സെക്രട്ടറി.

1906 ൽ കൊൽക്കത്തയിൽ ചേർന്ന കോൺഗ്രസ്സമ്മേളനത്തിലാണ് ഇതിനു മാറ്റം വരുന്നത്. അധ്യക്ഷനായിരുന്ന ദാദാബായ് നവറോജി കോൺഗ്രസിന്റെ ലക്ഷ്യം 'സ്വരാജ്' ആണെന്നു പ്രഖ്യാപിച്ചു. ഗാന്ധിജി നേതൃത്വം ഏറ്റെടുത്തതിനെത്തുടർന്ന് 1920 ൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ്സമ്മേളനം സ്വരാജ് കോൺഗ്രസിന്റെ ലക്ഷ്യമാണെന്ന് ഭരണഘടനയിൽ എഴുതിച്ചേർത്തു. വീണ്ടും ഒമ്പതുവർഷങ്ങൾക്കുശേഷം 1929 ൽ കോൺഗ്രസിന്റെ ലാഹോർ സമ്മേളനം സ്വരാജ് എന്നതിനർത്ഥം 'പൂർണസ്വാതന്ത്ര്യം' ആണെന്നു പ്രഖ്യാപിച്ചതോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എല്ലാ അർത്ഥത്തിലും ഒരു സ്വാതന്ത്ര്യസമരപ്രസ്ഥാനമായി മാറി.

അപ്പോഴും കോൺഗ്രസ് ഒരു രാഷ്ട്രീയപ്പാർട്ടി ആയി മാറിയിരുന്നില്ല. അതുണ്ടായത് 1936 ലാണ്. ആ വർഷം സംസ്ഥാനനിയമസഭകളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വന്തം സ്ഥാനാർത്ഥികളെ നിർത്തി ജനവിധി തേടി. 11 സംസ്ഥാനനിയമസഭകളിലെ 1585 സ്ഥാനങ്ങളിൽ 911 എണ്ണം കോൺഗ്രസ് നേടി.

ഇതിനിടയിൽ മഹാത്മാഗാന്ധിയുടെ ഭാഗത്തുനിന്നു നാടകീയമായ ഒരു നീക്കം ഉണ്ടായതും ശ്രദ്ധിക്കേണ്ടതാണ്. 1934 ൽ ബോംബെയിൽ ചേർന്ന വാർഷികസമ്മേളനത്തിൽ വച്ച് അദ്ദേഹം കോൺഗ്രസ് അംഗത്വം രാജിവച്ചിരുന്നു.

ഇതോടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നല്കുന്നതിനിടയിൽത്തന്നെ, ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികളിലൊന്നു മാത്രമായി പരിണമിക്കുകയും ചെയ്തു. 1947 ൽ ബ്രിട്ടീഷുകാരിൽനിന്നു രാഷ്ട്രത്തിന്റെ ഭരണാധികാരം കൈമാറിവാങ്ങിയത് കോൺഗ്രസാണല്ലോ.

തുടർന്ന് ഇന്ത്യ ഒരു റിപ്പബ്ലിക്കായി. ബഹുകക്ഷിജനാധിപത്യം നിലവിൽ വന്ന 1952 ൽ ആദ്യത്തെ പൊതു തിരഞ്ഞെടുപ്പ്. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ കോൺഗ്രസ് തിരഞ്ഞെടുപ്പുരംഗത്തിറങ്ങി. വൻവിജയമാണു ജനങ്ങൾ കോൺഗ്രസിനു സമ്മാനിച്ചത്. ലോകസഭയിൽ ആകെയുള്ള 489 ൽ 364 സീറ്റും കോൺഗ്രസിന്.

1991 വരെ നടന്ന അഞ്ചു തിരഞ്ഞെടുപ്പുകളിലും സീറ്റുകളുടെ എണ്ണത്തിലും വോട്ടുശതമാനത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടായെങ്കിലും കോൺഗ്രസ് അതിന്റെ ആധിപത്യം നിലനിർത്തി. 1977 ൽ ആദ്യമായി അടിതെറ്റി. അടിയന്തരാവസ്ഥയ്ക്കുശേഷം നടന്ന തിരഞ്ഞെടുപ്പിൽ പ്രതിപക്ഷകക്ഷികളുടെ സംയുക്തസംരംഭമായ ജനതാപാർട്ടി കോൺഗ്രസിന്റെ ഇടം പ്രതിപക്ഷബഞ്ചിലാക്കി. 542 ൽ 154 സീറ്റേ കോൺഗ്രസിനു ജനങ്ങൾ നല്കിയുള്ളൂ.

പക്ഷേ, 1980 ലും 1984 ലും ചിത്രം മാറി. രണ്ടു തിരഞ്ഞെടുപ്പുകളിലും കോൺഗ്രസ് ചരിത്രവിജയം നേടി. ജനതാപാർട്ടിയുടെ ദയനീയമായ ഭരണപരാജയമാണ് 1980 ൽ കോൺഗ്രസിനെ തിരികെവിളിക്കാൻ ജനങ്ങളെ നിർബന്ധിതരാക്കിയത്. അതും മൂന്നിൽ രണ്ടു ഭൂരിപക്ഷം നല്കിക്കൊണ്ട്.

1984 ലെ വിജയം ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വത്തിനു ലഭിച്ച വിലയായിരുന്നു. 542 ൽ 404 സീറ്റും സമ്മാനിച്ചുകൊണ്ടുള്ള അത്യപൂർവ്വജനവിധി. അതുപക്ഷേ, അണയാൻപോകുന്ന ദീപത്തിന്റെ ആളിക്കത്തലായിരുന്നു. പിന്നെയുണ്ടായത് ഇറക്കത്തിന്റെ തുടർക്കഥകൾ. 1989 ൽ 197 സീറ്റുമാത്രം മനസ്സില്ലാമനസ്സോടെ വിട്ടുകൊടുത്തുകൊണ്ടു ജനങ്ങൾ കോൺഗ്രസിനെ അധികാരത്തിനു പുറത്താക്കി.



1991 ലെ രാജീവ്ഗാന്ധിയുടെ രക്തസാക്ഷിത്വത്തിനുപോലും ഇന്ത്യൻ ജനതയുടെ മനസ്സിൽ കോൺഗ്രസ് സൗഹൃദം പുനഃസ്ഥാപിക്കാൻ കഴിഞ്ഞില്ല. കഷ്ടിച്ച് 232 സീറ്റ് നേടാനേ അന്നും പാർട്ടിക്കു കഴിഞ്ഞുള്ളൂ. അതും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ഔദാര്യത്തിൽ.

തന്ത്രശാലിയായ പി.വി. നരസിംഹറാവു പ്രധാനമന്ത്രിപദത്തിൽ അഞ്ചുവർഷം തികച്ചെങ്കിലും 1996 മുതൽ കോൺഗ്രസ് ഇന്ത്യൻജനതയുടെ ഹൃദയത്തിൽനിന്നു പടിയിറങ്ങുന്ന ദയനീയസാക്ഷ്യങ്ങളാണ് ഓരോ തിരഞ്ഞെടുപ്പിലും അടയാളപ്പെടുത്തിയത്. 2009 ൽ 206 സീറ്റു കിട്ടിയതൊഴിച്ചാൽ, ബാക്കി 2019 വരെയുള്ള ആറു തിരഞ്ഞെടുപ്പുകളിലും 150 ൽ താഴെയാണു കോൺഗ്രസ് എം.പി.മാരുടെ സംഖ്യ. 2014 ൽ അത് 44 ആയി. 2019 ൽ 52 ഉം!

1952 മുതൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേടിയ വിജയം ഒരു രാഷ്ട്രീയപ്പാർട്ടിയുടെ ജനപിന്തുണയുടെ മാനദണ്ഡമായി പരിഗണിക്കാൻ നിർവ്വാഹമില്ല. മഹാത്മാഗാന്ധി സമ്മാനിച്ച പൈതൃകവും ജവഹർലാൽ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും വ്യക്തിപ്രഭാവവും നിർണായകഘടകങ്ങളായിരുന്നു. 1984 ലെ വൻവിജയത്തോടെ ഈ ഘടകങ്ങൾക്കു വിരാമമായി.

ഒരുദാഹരണം പറയാം. 1971 ലെ തിരഞ്ഞെടുപ്പ്. ബാങ്കുദേശസാത്കരണം, പ്രിവിപേഴ്സ് നിരോധനം, ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം എന്നിവയുടെ പിൻബലത്തിലാണ് ഇന്ദിരാഗാന്ധി ജനവിധി നേടിയത്. ഇന്ത്യൻ യുവത്വവും പുരോഗമനചിന്താഗതിക്കാരും ഇന്ദിരയ്ക്കൊപ്പമായിരുന്നു. ഒറീസയിൽ നിയമസഭാതിരഞ്ഞെടുപ്പുംകൂടി നടന്നു. അന്നത്തെ മുതിർന്ന നേതാവ് ബിജു പട്നായിക്ക് ഇന്ദിരയുടെ എതിർപക്ഷത്തായിരുന്നു. ഇടതുപക്ഷചിന്താഗതിക്കാരിയും പുരോഗമനവാദിയുമായ നന്ദിനി സത്പതിയായിരുന്നു ഇന്ദിരയുടെ പടക്കുതിര. ബിജു പട്നായിക് മത്സരിച്ചത് നാലു നിയമസഭാസീറ്റുകളിലും ഒരു പാർലമെന്റുസീറ്റിലും. ഫലം വന്നപ്പോൾ അഞ്ചിടത്തും പട്നായിക് തോറ്റു! ഇന്ദിരാതരംഗത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും സിൻഡിക്കേറ്റ് കോൺഗ്രസ് ഒഴുകിപ്പോയപ്പോൾ ഒറീസയിലും അനുഭവം മറിച്ചായിരുന്നില്ല.

ഈ പാരമ്പര്യംകൂടി മനസ്സിലുണ്ടായിരുന്നതുകൊണ്ടാണ് 1984 ലെ സഹതാപതരംഗത്തിൽ രാജീവ് ഗാന്ധിക്ക് ഇന്ത്യൻ ജനത ചരിത്രവിജയം സമ്മാനിച്ചത്. പക്ഷേ, അദ്ദേഹത്തിനു രാഷ്ട്രീയതന്ത്രം വശമുണ്ടായിരുന്നില്ല. നിരാശരായ ഇന്ത്യൻ ജനത പിന്നീടൊരിക്കലും തിരിച്ചുനടക്കാൻ കൂട്ടാക്കിയിട്ടില്ല. അതാണ് നെഹ്റുകുടുംബത്തിലെ ഇങ്ങേയറ്റത്തെ കണ്ണിയായ രാഹുൽ ഗാന്ധി നേരിടുന്ന വലിയ വെല്ലുവിളി.

ഒരുകണക്കിന്, രാഹുൽഗാന്ധിയെ കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല. അദ്ദേഹത്തിന്റെ ചുറ്റും വൃദ്ധനേതാക്കൾ ഇരുമ്പുവലയം തീർത്തിരിക്കുകയാണ്. അതു തകർക്കാൻ, 1969 ൽ ഇന്ദിരാഗാന്ധിക്കുയുണ്ടായിരുന്നതുപോലെ അദ്ദേഹത്തിന്റെ കൈവശം അധികാരമില്ലാതെയും പോയി. അതിനദ്ദേഹം കണ്ട പ്രതിവിധിയായിരുന്നു സ്വന്തം രാജി.

പക്ഷേ, വൃദ്ധനേതാക്കൾ പെട്ടെന്നു പരിഹാരം കണ്ടെത്തി. രാഹുൽ ഇട്ടിട്ടുപോയ കസേരയിൽ അവർ സോണിയഗാന്ധിയെ പുനഃപ്രതിഷ്ഠിച്ചു! വട്ടംകൂടിയിരുന്ന് പഴയ സ്തുതിപ്പുകൾ പാടിത്തുടങ്ങുകയും ചെയ്തു. അതിപ്പോഴും തുടരുന്നു. ചെറുപ്പക്കാർക്ക് അവിടേക്കു പ്രവേശനമില്ല. അവർ ഒന്നൊന്നായി ബി.ജെ.പി.യിലേക്കും സഖ്യകക്ഷികളിലേക്കും രക്ഷപ്പെടുകയാണ്.

അന്ന് സിൻഡിക്കേറ്റിനെ ഇന്ദിരാഗാന്ധി ചവിട്ടിപ്പുറത്താക്കി. ഇന്നവർ അകത്താണ്. പുറത്ത് നരേന്ദ്രമോദിയുടെ ജൈത്രയാത്ര സുരക്ഷിതമായി തുടരുന്നു. അവരുടെ കണ്ണുകൾക്ക് അതു കാണാൻ കഴിയുന്നില്ല, ചെവികൾക്കു കേൾക്കാനും!

ഇന്ത്യൻജനത നെടുവീർപ്പിടുന്നുണ്ട് - ഈ കോൺഗ്രസിനെ ആരു രക്ഷിക്കും; ഇന്ത്യൻ ജനാധിപത്യത്തെയും!

## സ്ഥലം വില്പനയ്ക്ക്

**പാലാ ളാലം പുത്തൻ പള്ളിയിൽനിന്ന് 1 കി.മീറ്റർ. ആശാനിലയം കോൺവെന്റ് റോഡിൽ 30 സെന്റ്. സെന്റിന് 2.25 ലക്ഷം രൂപ. കറന്റ്, കിണർ സൗകര്യം.**

**9495805242**

# ജീവിതസുരക്ഷയില്ലെങ്കിൽ പിന്നെന്തു പെൻഷൻ?



റ്റോം ജോസ് തഴുവംകുന്ന്

സ്വാതന്ത്ര്യം ലഭിച്ചിട്ട് എഴുപത്തിമൂന്നു വർഷമാകുമ്പോഴും ദാരിദ്ര്യം നമ്മുടെ കൂടപ്പിറപ്പാണ്. നാലു നിറമുള്ള റേഷൻകാർഡുള്ള നമ്മുടെ രാജ്യത്ത് "വൺ ഇന്ത്യ വൺ പെൻഷൻ" എന്നതു കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? 'നാലുനിറമുള്ള' മനുഷ്യർ ഇന്ത്യയിൽ ഉണ്ടെന്നത് യാഥാർത്ഥ്യമല്ലേ? റേഷൻകാർഡെന്നത് രാജ്യത്തെ ജനങ്ങളുടെ സർവ്വസാധാരണരേഖയാണല്ലോ. ഈ രേഖയിലെ 'നിറവ്യത്യാസം' സാമ്പത്തികമായ ജീവിതരേഖയെയല്ലേ സൂചിപ്പിക്കുന്നത്? ഈ അടിസ്ഥാനവ്യത്യാസം നിലനില്ക്കുന്ന നമുക്കിടയിൽ 'വൺ ഇന്ത്യ' എന്ന സങ്കല്പം നല്ലതുതന്നെ. പക്ഷേ, വൺ ലൈഫ് പ്രായോഗികമല്ലല്ലോ! പിന്നെ സാധ്യമാകുന്നത് ഭാരതത്തിന്റെ ഐക്യം നിലനിർത്തിക്കൊണ്ടുതന്നെ സാധാരണക്കാരുടെ ജീവിതത്തെ സംതൃപ്തമായ ഒരു ജീവിതതലത്തിലേക്ക് ഉയർത്തിയെടുക്കുകയെന്നതാണ്. 'വൺ ഇന്ത്യ – വിൻ ഇന്ത്യ' എന്നതായിരിക്കും നമുക്കുചിതം. 'ഐക്യഭാരതം വിജയഭാരതം' എന്നതിലൂടെ സാമൂഹികനീതി ഉറപ്പുവരുത്തണം. എല്ലാവർക്കും തനതുതലത്തിൽനിന്നുകൊണ്ടുള്ള ഒരു സുസ്ഥിരജീവിതം സാധ്യമാകണം. ലോകകോടീശ്വരന്മാരുടെ തലത്തിലേക്കെത്തുകയെന്നതിലുപരി പ്രാഥമികസൗകര്യങ്ങളുടെ കാര്യത്തിലെങ്കിലും ഒരു സാമൂഹികനീതിയുണ്ടാകണം. സാമൂഹികസുരക്ഷ ഉറപ്പാകും വിധമുള്ള ജീവിതസമുദ്ധാരണം സാധാരണക്കാരെ സംതൃപ്തമാക്കണം. നീതിയോടു ചേർത്തുവയ്ക്കാവുന്ന ഒരു പങ്കുവയ്ക്കലിലൂടെ ഉറപ്പാകുന്ന ജീവിതത്തിന്റെ സംതൃപ്തിയുണ്ടല്ലോ– അതാണ് ഇന്നാവശ്യം.



നമ്മുടെ രാജ്യത്ത് പാർപ്പിടം, വസ്ത്രം, വെള്ളം, വൈദ്യുതി, ചികിത്സാസൗകര്യങ്ങൾ തുടങ്ങി ഒരു മനുഷ്യന്റെ സാമൂഹികസുരക്ഷയ്ക്കാവശ്യമായ ഒരു സാമ്പത്തികക്രമീകരണമാണാവശ്യം. അറുപതു കിലോമീറ്ററിനു ശേഷമുള്ള യാത്ര സൗജന്യമാണെന്നു പറയുമ്പോൾ മറ്റനേകം ചോദ്യങ്ങൾ പിന്നാലെയുണ്ടാകില്ലേ? അറുപതു കിലോമീറ്റർ വരെ പോകാനാകുമോ? ആകുമെങ്കിൽത്തന്നെ അറുപതുകിലോമീറ്റർ സഞ്ചരിക്കേണ്ടതിനാവശ്യമായത് എങ്ങനെയുണ്ടാകും? പത്തു കിലോമീറ്ററിലും ഇരുപതു കിലോമീറ്ററിലും യാത്ര അവസാനിപ്പിക്കേണ്ടിവരുമോ? മനുഷ്യർക്ക് ആകാവുന്ന കാലത്ത് പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിട്ട് എന്തിനാണു പെൻഷൻ? അഥവാ ദുരിതങ്ങളുടെ 'പ്രളയം' നീന്തിക്കടന്നെത്തിയാലും കൈവശമൊന്നുമില്ലാത്തവർക്ക് 'പതിനായിരം' ജീവിക്കാനാകുമോ? ഭൂരിഭാഗമാളുകളും കൃഷിക്കാരായ ഭാരതത്തിലിന്നു കർഷകർക്ക് എന്തു വിലയുണ്ട്? വെറും ചുമടുതാങ്ങികളായ കർഷകർ ഓടിയും കിതച്ചും രക്തം വിയർപ്പാക്കി അറുപതിലെത്തുമ്പോഴേക്കും അവന്റെ സമ്പാദ്യം 'മണ്ണിൽവീണ വിയർപ്പ്' മാത്രമായിരിക്കും. ഒരുതരത്തിലും മിച്ചം വയ്ക്കാനാകാതെ ജീവിതം പടവെട്ടിത്തീർത്ത കർഷകർക്ക് പതിനായിരം എന്തിനുപകരിക്കും?

'നാളെയാണ് നാളെയാണ്...' എന്ന് ഭാഗ്യക്കുറിവില്പനക്കാർ വിളിച്ചുപറയുന്നതുപോലെ 'വൺ ഇന്ത്യ വൺപെൻഷൻ' എന്ന മുദ്രാവാക്യം കേൾക്കുമ്പോൾ ഒരു സുഖം കണ്ടേക്കാം. പക്ഷേ, ഇത്രമാത്രം സാമ്പത്തികഭദ്രതയില്ലാത്ത സാമൂഹികാവസ്ഥ നിലനിൽക്കുമ്പോൾ ഉച്ചനീചത്വങ്ങളെ മനുഷ്യരുടെ ജീവിതത്തിന്റെ സാമാന്യതകളിലേക്കു നീതിപൂർവ്വം ക്രമീകരിക്കുന്നില്ലെങ്കിൽ എന്തുഫലം? എല്ലാവരും മനുഷ്യരാണ്, എല്ലാവർക്കും ജീവിക്കണം. അടിച്ചുപൊളിച്ചില്ലെങ്കിലും അന്നന്നുവേണ്ടുന്നതിനു മുട്ടില്ലാത്ത മനുഷ്യരുടെ നാടായി ഭാരതം മാറേണ്ടേ? പദ്ധതികളാസൂത്രണം ചെയ്ത് ഖജനാവിലെ പണം പുറത്തേക്കൊഴുക്കുന്നതിനൊപ്പം സർക്കാർ ചിന്തിക്കേണ്ട പ്രധാന വസ്തുത, മുടക്കുന്ന പണത്തിനു സമാനമായ 'ജനക്ഷേമം' സാധ്യമാകുന്നുണ്ടോ യെന്നതാണ്. ഒരു രാജ്യത്തിന്റെ വികസനത്തിനാധാരം പ്രശ്നങ്ങളെ കാലാനുസൃതം മറികടക്കാനുള്ള ഇച്ഛാശക്തിയാണ്; അതിനു പ്രധാനമായും വേണ്ടത് ജനങ്ങൾക്കു ജീവിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയെന്നതാണ്. സൗജന്യങ്ങളെക്കാൾ നമുക്കാവശ്യമായിട്ടുള്ളത് അർഹിക്കുന്നത് അർഹിക്കുന്ന കാലത്ത് ജനങ്ങൾക്കു നൽകുകയെന്നതാണ്. ജീവിതത്തിന്റെ നല്ല കാലത്ത് ജനങ്ങൾക്ക് 'ക്ഷേമം' ലഭിക്കണം, അല്ലാതെ മരണാസന്നമാകുമ്പോൾ മരുന്നുവാങ്ങാനും ആറടി മണ്ണുതേടാനുമല്ല പണം ലഭിക്കേണ്ടത്. 'വൺ ഇന്ത്യ വൺ പെൻഷൻ' പദ്ധതിക്ക് ഏത് ഉച്ചനീചത്വങ്ങളെയും സമാനതകളിലേക്കോ സമത്വസുന്ദരമായ നീതിബോധത്തിലേക്കോ പ്രായോഗികമാക്കാനാകുമോ? മുഖ്യധാരയും പാർശ്വധാരയും ഒരുമിക്കുമോ? എല്ലാവർക്കും പെൻഷൻ എന്നതിനെക്കാൾ അർഹിക്കുന്നവർക്ക് അർഹിക്കുന്നതു നൽകി കൈപിടിച്ചുയർത്താനാകുന്ന ഒരു സാമ്പത്തിക കാര്യവൈദഗ്ധ്യമുണ്ടാകണം. നൊമ്പരമേറുന്നവരെ 'വൺ ഇന്ത്യ' തിരിച്ചറിഞ്ഞു സാന്ത്വനിപ്പിക്കണം. ജനക്ഷേമം കടലാസിലും പ്രസംഗത്തിലുമാകരുത്, കൺമുമ്പിലെ പ്രായോഗികതയാകണം. ഓരോ മിഷനും വിഷനും മുദ്രാവാക്യങ്ങളും അഴിമതിയിലേക്കും സ്വജനപക്ഷപാതത്തിലേക്കും ചൂണ്ടുപലകയാകുന്നുണ്ടോയെന്നും പഠിക്കണം. എന്തിലും ഏതിലും രാഷ്ട്രീയം കലർത്താതെ ഉള്ളതു പറയുന്ന ഹൃദയാത്മകതയും പ്രായോഗികതയോടു ചേരുന്ന ആത്മാർത്ഥതയും ഉണ്ടാകണം.

'വൺ ഇന്ത്യ വൺ പെൻഷൻ' എന്നത് 'വൺ ഇന്ത്യ വിൻ ഇന്ത്യ' എന്നാകണം. സാമാന്യജനങ്ങളുടെ സമുദ്ധാരണം സാധ്യമാകുന്ന 'സമത്വം' ഉണ്ടാകണം. അടിസ്ഥാന ഐഡന്റിറ്റിയുടെ 'നിറം' മനുഷ്യത്വമാകണം. മാനവികതയിൽ വേരൂന്നുന്ന ജനക്ഷേമം ഉറപ്പുവരുത്തണം. 'ജീവന്റെ വിലയുള്ള ജാഗ്രത' യുടെ നാളുകളിൽ മനുഷ്യജീവന്റെ വില തിരിച്ചറിയുന്നു. ജീവിക്കാനായി പാടുപെടുന്നവരെ പാടുപീഢകളുടെ നാളുകളിൽത്തന്നെ നമുക്കു തിരിച്ചറിയാം. എല്ലാവർക്കും നന്മയും ആയുരാരോഗ്യവും ഉന്നതിയും ഉണ്ടാകട്ടെ. ഐക്യഭാരതം ലോകത്തിന്റെ മുമ്പിൽ വിജയഭാരതമായി മാറട്ടെ. ■

പ്രണയപാഠാവലി (53)



ഡോ. ആന്റണി ജോസ്

# വട്ടം ചുറ്റിയ ശരിതെറ്റുകൾ

കുടുംബജീവിതം പ്രഭാപൂരമണിയുന്നത് പുതിയ ചുവടുവയ്പുകളിലൂടെയാണല്ലോ. സ്വപ്നങ്ങളുടെ ഒരു നീണ്ട നിര തന്നെ ദമ്പതിമാർക്കു മുമ്പിലുണ്ടാകും. തനിച്ചായിരുന്നപ്പോൾ സഫലീകരിക്കാത്ത മോഹങ്ങളും അതിൽപ്പെടാം. എന്തുതന്നെയായാലും ഒരുവന്റെ സ്വപ്നസാക്ഷാത്കാരത്തിന് പങ്കാളിയുടെ സന്നദ്ധതയും സഹകരണവും കൂടിയേ തീരൂ. ഓരോരുത്തരും അതു പ്രതീക്ഷിക്കുന്നു.

ഭർത്താവും ഭാര്യയും രൂപപ്പെടുത്തുന്ന ശരിതെറ്റ് സങ്കല്പം ഒരു വൃത്തത്തിനു സമാനമാണ്. അതാണ് അവരുടെ 'ഞാൻ ലോകം'. പരിധിയും പരിമിതിയും ഉള്ളതും സങ്കുചിതവുമാണ് ഈ വൃത്തം. അതിൽ മിന്നിമറയുന്നവർക്ക്, സാർവ്വത്രികത്വം കല്പിച്ചു കൊടുക്കുന്നു എന്നതാണ് വിരോധാഭാസം. ഫലമോ! ഞാൻ ശരി, നീ തെറ്റ് എന്നു വിളിച്ചു പറഞ്ഞ് പരിഹാസ്യനാകുക.

'ഞാൻ ലോക'ത്തിന് പുറത്ത് യഥാർത്ഥലോകം വളരെ വിസ്തൃതിയിൽ നിലനില്ക്കുന്നുണ്ട്. അവിടെ സമസ്തവിഷയങ്ങൾക്കുമുള്ള വിജ്ഞാനകോശങ്ങൾ അടുക്കിവച്ചിരിക്കുന്നു. എന്നാൽ, 'ഞാൻ ലോകം' ഭേദിച്ച് അവിടേക്കു പ്രവേശിക്കാനും, അറിവിന്റെ വൈവിധ്യമാർന്ന ഉറവിടങ്ങളെ സ്വാംശീകരിക്കാനും സാധിക്കുന്നില്ല. പുതിയ അറിവുകളെ അഹം ഭയപ്പെടുന്നു.

ചില വിഷയങ്ങൾ പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. പുതിയ വീട്, വാഹനം, സൗഹൃദങ്ങൾ, വിനോദയാത്ര, ബന്ധുവീട് സന്ദർശനം, വീട്ടുസാമാനങ്ങൾ വാങ്ങൽ, പാചകം, ആഹാരരീതികൾ, കുടുംബത്തിലെ മറ്റംഗങ്ങളുമായുള്ള ബന്ധം, ഫാമിലി പ്ലാനിംഗ്, കുട്ടികളുടെ ജനനം, അവരുടെ വിദ്യാഭ്യാസം, ബിസിനസ്, ജോലി, ആദ്ധ്യാത്മികത – തുടങ്ങിയ നിരവധി കാര്യങ്ങളിൽ ഭാര്യാഭർത്താക്കന്മാർ ഇടപെടേണ്ടതുണ്ട്. എല്ലാ കാര്യങ്ങളിലും അഭിപ്രായസാരൂപ്യം ഉണ്ടാകണമെന്നില്ല. ചിലതിലെല്ലാം അഭിപ്രായഭിന്നതകളും ഉണ്ടാകും. പരിഹരിക്കപ്പെടാത്ത ഭിന്നതകൾ കലഹത്തിനു വഴിമരുന്നിടുന്നു.

കുട്ടികളെ വളർത്തിയെടുക്കുന്ന കാര്യം തന്നെയെടുക്കാം. കുഞ്ഞുങ്ങൾ തെറ്റു ചെയ്യുമ്പോൾ ശകാരിക്കാൻ പോകാതെ, ലാളിക്കുകയും സ്നേഹം വാരിക്കോരി നൽകുകയും ചെയ്യുന്നതാണ് ഭർത്താവിന്റെയിഷ്ടം. ഭാര്യയുടെ നിലപാട് നേരേ മറിച്ചാണ്. തല്ലും പിച്ചുമൊഴിഞ്ഞൊരു നേരമില്ല, ആക്രോശവും വിരട്ടലുമൊക്കെയാണ് അനുബന്ധസ്ട്രാറ്റെജികൾ. മക്കളെ ലാളിച്ചു വഷളാക്കുന്നതിൽ ഭാര്യയും ദണ്ഡിക്കുന്നതിൽ ഭർത്താവും അങ്ങേയറ്റം ദുഃഖിതരാണ്. ക്രമേണ അവർ തമ്മിൽ വഴക്കായി വക്കാണമായി.

ഓരോ വ്യക്തിയിലും പച്ചപിടിച്ചു നിൽക്കുന്ന ശരിതെറ്റ് സങ്കല്പമാണ് ഇത്തരം ഭിന്നിപ്പുകളുടെ മുഖ്യകാരണം. തികച്ചും വ്യക്തിനിഷ്ഠമാണത്. ജീവിതാനുഭവങ്ങൾ, വളർന്നു വന്ന സാഹചര്യങ്ങൾ, റോൾ മോഡലുകൾ – ഇവയുടെയൊക്കെ സംഭാവന, ശരിതെറ്റ് സങ്കല്പത്തിൽ അന്തർഭവിച്ചിട്ടുണ്ടാകും. കുട്ടിയെ നിഷ്കരുണം ശിക്ഷിക്കണമെന്ന ശരിയും ലാളനയെന്ന തെറ്റും – അമ്മയിൽ മുദ്രണം ചെയ്യുന്നതിന്റെ രീതിശാസ്ത്രമിതാണ്. അച്ഛനിൽ സംഭവിച്ചിട്ടുള്ളതും മറ്റൊന്നല്ല. ഇരുസങ്കല്പങ്ങളും അനിതരസാധാരണമായ പരാക്രമത്തോടെ പരസ്പരം ഏറ്റുമുട്ടുന്നു.

മറ്റൊന്ന് പരസ്പരം ശ്രദ്ധിക്കലും പഠനവുമാണ്. പങ്കാളിയുടെ സ്വരത്തിലെ ഭിന്നതയിൽ എന്തെങ്കിലും പൊരുളടങ്ങിയിരിക്കുമോ? ഈയൊരു ജിജ്ഞാസ ഓരോ പങ്കാളിയും വച്ചുപുലർത്തേണ്ടതുണ്ട്! പക്ഷേ, അവിടെയും തടസ്സം അഹം ഉയർത്തുന്ന പ്രതിരോധമാണ്. മറ്റൊരാളുടെ ശരി, തന്റെ തെറ്റിലേക്കു തുറിച്ചു നോക്കുന്ന അനുഭവം, അഹത്തിന് അത്യന്തം വ്യാകുലകാരണമായി മാറും. അതിനെ പല്ലും നഖവുമുപയോഗിച്ചെ തീർത്തിരിക്കും.

ന്യൂനതകളെ തിരിച്ചറിയുകയും അപരന്റെ ശരിയെ സ്വാഗതം ചെയ്യുകയും ചെയ്യുമ്പോഴാണല്ലോ വിരുദ്ധധ്രുവങ്ങളിൽ നിന്നു സമവായത്തിന്റെ മദ്ധ്യസ്ഥലികളിലേക്കെടുക്കുക. ഇടങ്ങളുള്ളതും വളർന്നുകൊണ്ടിരിക്കുന്നതുമായ അഹംബോധം ഇതിനാവശ്യമാകുന്നു. (അതൊരു രഹസ്യമായിരുന്നുകൊള്ളട്ടെ!)

ഇടങ്ങൾ പുതിയ അറിവുകളാൽ നിറയപ്പെടാനുള്ളതാണ്. അറിവ് വിജയവും ആത്മവിശ്വാസവും ഉറപ്പാക്കുകയും പൂർണ്ണതയിലേക്കു നയിക്കുകയും ചെയ്യുന്നു. അതിനെ നിരാകരിക്കുന്നത് (പൊള്ളയായ അഹത്തെ പ്രതി) സ്വയം കുഴിതോണ്ടലാണ്; ശുദ്ധ വങ്കത്തരമാണ്. പിടിവാശിയും മർക്കടമുഷ്ടിയുമൊക്കെ ഇടങ്ങളില്ലാതെ വാർത്തെടുക്കപ്പെട്ട അഹത്തിന്റെ പേടിച്ചരണ്ട നിലവിളികളാണ്. അല്ലെങ്കിൽ വളർച്ചമുരടിപ്പിന്റെ നേർക്കാഴ്ചയാണ്.

സ്വന്തം നിലപാടിൽനിന്ന് തിരിച്ചടി കിട്ടിയാലും അത്, തിരുത്താൻ മിനക്കെടാതെ പഴയതിൽ കടിച്ചുതൂങ്ങുന്ന പ്രകൃതത്തിനു കാരണവും മറ്റൊന്നല്ല.

അപ്ഡേറ്റ് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന 'അഹം' ബഹുസ്വരതയെ മാനിക്കുന്നു. സമവായത്തിന് മുന്നിട്ടിറങ്ങുന്നു. കുടുംബജീവിതം ഭദ്രമാക്കുന്നു. പ്രണയം നൂറുമേനി വിളയുകയും ചെയ്യുന്നു. ■

# കഥകളുറങ്ങുന്ന കൊളോസിയം



സാംസൺ പാലാ

യാത്ര

**വി**നോദോപാധികൾക്കായി പുരാതന വാസ്തുശില്പഭംഗിയോടെ റോമാസാമ്രാജ്യത്തിന്റെ ഹൃദയഭാഗത്തു നിലവിലിരുന്ന ഒരു വലിയ തിയേറ്ററാണ് കൊളോസിയം എന്നറിയപ്പെടുന്ന ഫ്ളാവിയൻ ആംഫി തിയേറ്റർ. ഇതു പുരാതന റോമിലെ ഏറ്റവും വലിയ ഉല്ലാസകേന്ദ്രമായിരുന്നു. എ.ഡി.72-ൽ വെസ്പാനിയൻ ചക്രവർത്തി തുടങ്ങിവച്ച നിർമ്മാണം അദ്ദേഹത്തിന്റെ പുത്രൻ ടൈറ്റസ് എ.ഡി. 80-ൽ പൂർത്തിയാക്കി. പിന്നീട് ഡൊമിനീഷ്യൻ ചക്രവർത്തിയുടെ കാലത്ത് കുറെയേറെ മിനുക്കുപണികളും നടത്തി. റോമിലെ പ്രൊഫഷണൽ ശില്പകലാകാരന്മാർ, ചിത്രകാരന്മാർ, നിർമ്മാതാക്കൾ എൻജിനീയർമാർ എന്നിവർ ഉൾപ്പെട്ട ഒരു വലിയ ടീമാണ് ഇതു നിർമ്മിച്ചത്. ചുണ്ണാമ്പുകല്ല് ടഫ് (അഗ്നിപർവ്വതപാറ) മോർട്ടാർ, കടുപ്പമേറിയ കരിങ്കല്ല്, വലിയ മാർബിൾ ശിലകൾ, സിമന്റ് (സിമന്റ് കണ്ടുപിടിച്ചത് ഇറ്റലിയാണ്) എന്നിവ നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്നു.

65000-ൽപരം കാണികളെ ഒരേസമയം ഉൾക്കൊള്ളാനുള്ള സൗകര്യം ഈ തിയേറ്ററിനുണ്ടായിരുന്നു. 50 മീറ്ററോളം ഉയരവും 188 മീറ്റർ നീളവും 156 മീറ്റർ വീതിയുമുള്ള വൃത്താകൃതിയിലുള്ള ഒരു വമ്പൻ സ്റ്റേഡിയമാണിത്. മൂന്നു നിലകളിലായി 240 ഓളം വാതിലുകൾ. നടുഭാഗത്തു വേദിയും ചുറ്റിലും ഇരിപ്പിടങ്ങളുമുള്ള ഈ തിയേറ്ററിനു മേൽക്കൂരയില്ല. മല്ലയുദ്ധങ്ങൾക്കു യോജിച്ച രീതിയിലാണ് ഇതിന്റെ നിർമ്മാണം. ഇതിലെ ഗ്യാലറിയുടെ ഏറ്റവും പിറകിൽ സാധാരണക്കാർക്കും അതിനു മുമ്പിൽ പൗരപ്രമാണിമാർക്കും ഏറ്റവും മുകളിൽ ഭരണാധിപന്മാർക്കുമായി ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരിക്കുന്നു. നാടകങ്ങൾക്കും മറ്റു വിനോദപരിപാടികൾക്കുമായി നിർമ്മിച്ച ഈ കൊളോസിയം ക്രമേണ പ്രഭുക്കന്മാർ, ചക്രവർത്തിമാർ എന്നിവരുടെ ക്രൂരവിനോദങ്ങൾക്കുള്ള ഒരു വേദിയായി മാറി. എണ്ണമറ്റ മനുഷ്യരുടെയും മൃഗങ്ങളുടെയും രക്തക്കറപുരണ്ട ചാവുനിലം. റോമിലെ ഭരണാധിപനായിരുന്ന നീറോയുടെ ഭീമാകാരമായ പ്രതിമ സ്ഥാപിച്ചിരിക്കുന്ന അതേ സ്ഥലത്തുതന്നെയാണ് കൊളോസിയം പണിതുയർത്തിയിരിക്കുന്നത്. കൊളോസിയം എന്ന വാക്കിനർത്ഥം ഭീമാകാരമെന്നാണ്. പേരിനു യോജിച്ച രീതിയിൽത്തന്നെ കൊളോസിയം നിലകൊള്ളുന്നു.

സ്റ്റേഡിയത്തിനു നടുവിലായി സജ്ജീകരിച്ചിരിക്കുന്ന സ്ഥലത്ത് അടിമകളും മറ്റു കുറ്റവാളികളും, സിംഹം, കടുവ, പുലി തുടങ്ങിയ ജന്തുക്കളുമൊത്ത് ഏറ്റുമുട്ടും. ശക്തന്മാരായ മല്ലന്മാർ ചിലപ്പോൾ മണിക്കൂറുകളോളം പോരാടും. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരും ഇക്കൂട്ടത്തിലുണ്ടാവും. ആയിരക്കണക്കിനടിമകൾ ഇങ്ങനെ ദിവസവും മരിക്കുന്നു. വിജയിക്കുന്നവർക്ക് രാജകീയസ്വീകരണം നൽകി ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും സൈന്യത്തിൽ ചേർക്കുകയും ചെയ്തിരുന്നു. രംഗസജ്ജീകരണങ്ങൾ യഥാർത്ഥമായി തോന്നുവാൻ വൻവൃക്ഷങ്ങൾ പിഴുതെടുത്ത് കൊളോസിയത്തിനുള്ളിൽ നട്ട് ഘോരവനത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു.

കൊളോസിയത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചു നടത്തിയ 123 ദിവസത്തെ ആഘോഷപരിപാടികൾ ചരിത്രപ്രസിദ്ധമാണ്. ഈ ദിവസങ്ങളിൽ 9000 മൃഗങ്ങളും ഒട്ടേറെ മനുഷ്യരും കൊളോസിയത്തിൽ പിടഞ്ഞുമരിച്ചു.

മതപീഡനകാലത്ത് ക്രൈസ്തവരെ വന്യമൃഗങ്ങൾക്കിരയായി നൽകിയിരുന്നു. അവരെ സ്റ്റേജിന്റെ നടുവിൽ നിറുത്തി സിംഹത്തിന്റെയും കടുവയുടെയും കൂടുകൾ തുറന്നുവിടും. നിമിഷനേരംകൊണ്ട് അവ മനുഷ്യരുടെ പച്ചമാംസം ഭക്ഷണമാക്കും. മൃഗങ്ങൾ മനുഷ്യരെ കടിച്ചുകീറി കൊലപ്പെടുത്തുന്നതു കണ്ടുരസിച്ച് ആനന്ദിക്കുവാൻ പതിനായിരക്കണക്കിനാളുകൾ കൊളോസിയത്തിൽ തിങ്ങിനിറയും. ക്രിസ്തുവർഷം 399-ൽ കൊറോണിയോസ് ചക്രവർത്തി ഗ്ലാഡിയേറ്റർ വിനോദങ്ങൾ നിർത്തലാക്കുവാൻ ശ്രമമാരംഭിച്ചു. എ.ഡി. 404-ൽ ഇത് പൂർണ്ണമായും നിറുത്തൽ ചെയ്തു. വമ്പിച്ച ജനാവലിയുടെ മുമ്പിൽ അടിമകളെയും കുറ്റവാളികളെയും തമ്മിൽ പൊരുതിച്ചു നടത്തിയിരുന്ന ഈ ക്രൂരവിനോദം കണ്ടുരസിക്കുവാൻ ആവേശത്തോടെ മുൻനിരയിൽ ഇരിപ്പിടങ്ങൾ സ്വന്തമാക്കിയവർക്കു നിരാശ പകർന്നുകൊണ്ട് 1948-ൽ ഇറ്റലിയിൽ വധശിക്ഷ നിറുത്തൽ ചെയ്തു. ഇതിന്റെ പ്രതീകമായി കൊളോസിയം നിലകൊള്ളുന്നു. വധശിക്ഷ നിറുത്തലാക്കാൻ ഒരു കാരണമുണ്ട്. ഒരിക്കൽ ടെലിമാക്കസ് എന്നൊരു സന്ന്യാസി കൊളോസിയത്തിൽ അരങ്ങേറിയ ഈ കാഴ്ച കണ്ടു സഹികെട്ട് അങ്കത്തട്ടിലേക്കു പാഞ്ഞുവന്ന് പൊരുതിക്കൊണ്ടിരിക്കുന്നവരെ പിടിച്ചുമാറ്റാൻ ശ്രമിച്ചു. അക്രമാസക്തരായ കാണികൾ ടെലിമാക്കസിനെ കല്ലെറിഞ്ഞു കൊന്നു. ഈ രംഗം നേരിൽക്കണ്ട ചക്രവർത്തി കൊറോണിയോസ് അന്നുതന്നെ മല്ലയുദ്ധം നിയമവിരുദ്ധമായി പ്രഖ്യാപിക്കുകയും ക്രൂരവിനോദങ്ങൾ ഇനിമേൽ പാടില്ലെന്നു വിളംബരം ചെയ്യുകയും ചെയ്തു.

ആദിമക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിച്ച പുണ്യസ്ഥലമായി കൊളോസിയത്തെ ബനഡിക്ട് 16-ാമൻ മാർപാപ്പാ അംഗീകരിച്ചിട്ടുണ്ട്. റോമൻകത്തോലിക്കാസഭയുമായി ഇതിനു ബന്ധമുള്ളതിനാൽ ദുഃഖവെള്ളിയാഴ്ചകളിൽ കൊളോസിയത്തിന്റെ ചുറ്റുമുള്ള പ്രദേശങ്ങളിൽ മാർപാപ്പാ നയിക്കുന്ന കുരിശിന്റെ വഴി നടത്തിയിരുന്നു. ലോകത്തിലെ ഏറ്റവും ജനപ്രിയ വിനോദസഞ്ചാരകേന്ദ്രമായ ഈ സ്ഥലത്ത് വർഷം 75 ലക്ഷം സന്ദർശകർ വന്നുപോകുന്നു. 5 സെന്റ് യൂറോനാണയത്തിന്റെ മൂല്യമുള്ള ഇറ്റാലിയൻ നാണയത്തിൽ കൊളോസിയം ചിത്രീകരിച്ചിട്ടുണ്ട്. ലോകത്തിലെ പുതിയ ഏഴ് അദ്ഭുതങ്ങളിൽ ഒന്നായി ഇതിനെ അംഗീകരിച്ചിരിക്കുന്നു. നരഹത്യകളുടെ ഗന്ധം മാറാത്ത, അവസാനമില്ലാത്ത ഓർമ്മകളുമായി കൊളോസിയത്തിന്റെ അവശിഷ്ടങ്ങൾ പൊട്ടിപ്പൊളിഞ്ഞ നിലയിൽ ഇപ്പോഴും തലയുയർത്തി നിൽക്കുന്നു. ഈ ചാവുനിലത്തിലെ ഓരോ മണൽത്തരിക്കും ശാപംപേറിയ നിരവധി കഥകൾ പറയുവാനുണ്ടാകും. 2000-ൽ പുറത്തിറങ്ങിയ ഗ്ലാഡിയേറ്റർ എന്ന സിനിമയിൽ ഇതിന്റെ ഭീകരാവസ്ഥ ചിത്രീകരിച്ചിട്ടുണ്ട്. □



പാട്ടിന്റെ പാലാഴി – 64

ളാക്കാട്ടൂർ പൊന്നപ്പൻ

സംഗീതാചാര്യന്മാർ

## ഇരയിമ്മൻ തമ്പി

സ്വാതിതിരുനാൾ മഹാരാജാവിന്റെ സദസ്സിലെ വിദ്വാനും പ്രഗല്ഭവാഗ്ഗേയകാരനും സമർത്ഥനായ ആട്ടക്കഥരചയിതാവുമായിരുന്നു ഇരവി വർമ്മൻ തമ്പി എന്ന ഇരയിമ്മൻ തമ്പി. മകയിരം തിരുനാൾ രവിവർമ്മയുടെ മകൾ പാറുക്കുട്ടി തങ്കച്ചിയുടെ മകനായി 1782 ൽ ഇദ്ദേഹം ജനിച്ചു. കാവ്യം, നാടകം, അലങ്കാരം, വ്യാകരണം, തർക്കശാസ്ത്രം എന്നീ വിഷയങ്ങളിൽ പണ്ഡിതനായിരുന്നതിനാൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ പ്രത്യേക ബഹുമാനത്തിനു പാത്രമായിരുന്നു.



'ഓമനത്തിങ്കൾകിടാവോ' എന്ന താരാട്ട് കേൾക്കാത്ത മലയാളികൾ ഉണ്ടാകുമോ? ഈ ഗാനം ഇരയിമ്മൻ തമ്പി രചിച്ചത് സ്വാതിതിരുനാളിനെ ഉറക്കാനായിരുന്നു. 28 സംസ്കൃതകീർത്തനങ്ങൾ, 5 മലയാള കീർത്തനങ്ങൾ, 5 വർണ്ണങ്ങൾ, 22 പദങ്ങൾ എന്നിവ കൂടാതെ ദക്ഷയാഗം, കീചകവധം, ഉത്തരാസ്വയംവരം എന്നീ ആട്ടക്കഥകളും അദ്ദേഹം രചിച്ചു. കഥകളി ആചാര്യന്മാർക്കും സംഘങ്ങൾക്കും പ്രേക്ഷകർക്കും ഹരം പകർന്നുകൊണ്ട് ലോകമൊട്ടുക്ക് അവതരിപ്പിച്ചുവരുന്ന കഥകളാണിവ. പ്രചാരത്തിലിരിക്കുന്ന പല തിരുവാതിരപ്പാട്ടുകളും ഊഞ്ഞാൽപ്പാട്ടുകളും തമ്പിയുടേതാണ്. ഇദ്ദേഹത്തിന്റെ ആട്ടക്കഥകളിലെ പദങ്ങൾ പലതും സംഗീതപ്രേമികളായ വീട്ടമ്മമാർ പോലും പാടിയിരുന്നു. 'പ്രാണനാഥനെനിക്കു നൽകിയ' എന്ന പദവും 'കരുണ ചെയ്വാനെന്തു താമസം കൃഷ്ണാ' എന്ന കീർത്തനവും 'അടിമലരിണ തന്നെ' എന്ന കൃതിയും 'പാഹിമാം ഗിരിതനയെ' 'പരദേവതേ' എന്നീ ഗാനങ്ങളും പ്രസിദ്ധങ്ങളാണ്. 'നവരാത്രി പ്രബന്ധം' എന്നൊരു കൃതിയും അദ്ദേഹം രചിച്ചിട്ടുണ്ട്. തമിഴ് രീതിയിൽ തുടക്കവും ദീർഘമായ ഒരു ഗാനമാണ്. പത്മനാഭപുരത്തുനിന്ന് സരസ്വതീദേവിയെ ആനപ്പുറത്തെഴുന്നള്ളിച്ച് പുഷ്യരഥത്തിൽ പൂജപ്പുരവരെ എതിരേൽക്കുന്ന ചടങ്ങുകളാണ് ഗാനത്തിന്റെ ഉള്ളടക്കം. 1856 ൽ ഇരയിമ്മൻതമ്പി അന്തരിച്ചു. കവയിത്രിയായ കുട്ടിക്കുഞ്ഞു തങ്കച്ചി ഇദ്ദേഹത്തിന്റെ മകളാണ്. 1820 ൽ ജനിച്ച് 1904 ൽ അന്തരിച്ച അവർ തിരുവാതിരപ്പാട്ടിൽ അഗ്രഗണ്യയായിരുന്നു. □

# സഭയുടെ പ്രസാദമുഖം

**കല്യാൺ, താമരശ്ശേരി രൂപതകളുടെ ഇടയനായിരുന്ന, ഈയിടെ കാലം ചെയ്ത മാർ പോൾ ചിറ്റിലപ്പിള്ളിയെ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അനുസ്മരിക്കുന്നു.**



**മാർ ജോസഫ് കല്ലറങ്ങാട്ട്**

പ്രിയങ്കരനായ മാർ പോൾ ചിറ്റിലപ്പിള്ളിപ്പിതാവ് നമ്മോടു യാത്രപറഞ്ഞ് തിരുസന്നിധിയിലേക്കു പോയിരിക്കുകയാണ്. കാനൻനിയമത്തിൽ ഡോക്ടർ ബിരുദമുള്ള പിതാവ് റോമിലെ പഠനത്തിനുശേഷം നാട്ടിൽ തിരിച്ചുവന്ന് പല മേഖലകളിലും സ്തുത്യർഹമായ സേവനം ചെയ്തു. വടവാതൂർ സെമിനാരിയിൽ അധ്യാപകനായിരുന്നു. തൃശൂർ അതിരൂപതയുടെ വികാരി ജനറാൾ ആയിരുന്നു. അതോടൊപ്പം ഇടവകകളിലും മിഷൻ പ്രദേശങ്ങളിലുമൊക്കെ അദ്ദേഹം സേവനം ചെയ്തു. ഇറ്റാലിയൻ ഭാഷ പിതാവിന് വലിയ ഇഷ്ടമായിരുന്നു.

1988 മുതൽ കല്യാൺ രൂപതയുടെ പ്രഥമ മേലധ്യക്ഷനായി ഏവർക്കും സ്വീകാര്യമായ ശുശ്രൂഷകളാണ് പിതാവ് അർപ്പിച്ചത്. തുടർന്ന് 1997 മുതൽ താമരശേരി രൂപതാധ്യക്ഷൻ എന്ന നിലയിലുള്ള ഇടപെടലും പ്രവർത്തനങ്ങളും നേതൃത്വവുമെല്ലാം സീറോ മലബാർ സഭാമക്കൾക്കേവർക്കും സുപരിചിതമായ കാര്യങ്ങളാണ്. 2010 മുതൽ അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽനിന്നു വിരമിച്ച് പ്രാർത്ഥനയിലും വായനയിലും ഗ്രന്ഥരചനയിലുമായി നാളുകൾ മുമ്പോട്ടുകൊണ്ടുപോവുകയായിരുന്നു.

ഉന്നതനായ അജപാലകനും നല്ല ഒരു കാനോനിസ്റ്റും ലിറ്റർജിസ്റ്റും മനുഷ്യസ്നേഹിയുമായിരുന്നു ചിറ്റിലപ്പിള്ളി പിതാവ്. സീറോ മലബാർ സഭയുടെ ആരാധനക്രമഗ്രന്ഥങ്ങൾ പലതും (വലിയ ആഴ്ചക്രമങ്ങൾ, പൊന്തിഫിക്കാൽ ക്രമങ്ങൾ, തിരുപ്പട്ട ശുശ്രൂഷകൾ, പ്രവേശക കൂദാശകൾ) സഭയുടെ ഉപയോഗത്തിനായി ക്രമപ്പെടുത്തിത്തന്നത് അദ്ദേഹം ലിറ്റർജി കമ്മീഷന്റെ ചെയർമാനായിരുന്ന കാലഘട്ടത്തിലാണ്. ആ കാലഘട്ടത്തിൽത്തന്നെ അദ്ദേഹം തിയഡോറിന്റെ കുർബാനക്രമം, നെസ്തോറിയസിന്റെ കർമ്മക്രമം, യാമപ്രാർത്ഥനകളുടെ നവീകരണം, പരിശുദ്ധകുർബാനയുടെ നവീകരണം, സങ്കീർത്തനങ്ങളുടെ വിവർത്തനം തുടങ്ങിയ കാര്യങ്ങളിലും വളരെയേറെ അധ്വാനിച്ചിട്ടുണ്ട്.

സഭയുടെ ഐക്യത്തിനായി ഉപവസിച്ചുപ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു പിതാവായിരുന്നു മാർ പോൾ ചിറ്റിലപ്പിള്ളി. സീറോ മലബാർ സഭയിലെ എല്ലാ മക്കളും തമ്മിലുള്ള ഗാഢമായ സ്നേഹത്തിനും ഐക്യത്തിനും വേണ്ടിയുള്ള പ്രാർത്ഥനകളിലൂടെയാണ് അദ്ദേഹം ഈ നാളുകളിലെല്ലാം കടന്നുപൊയ്ക്കൊണ്ടിരുന്നത്. സീറോ മലബാർ സഭയെക്കുറിച്ചാണ് ചിറ്റിലപ്പിള്ളിപ്പിതാവ് നിരന്തരമായി പഠിച്ചുകൊണ്ടിരുന്നതും പഠിപ്പിച്ചുകൊണ്ടിരുന്നതും. സീറോ മലബാർ സഭയുടെ പ്രസാദാത്മകമായ മുഖമായിരുന്നു അദ്ദേഹത്തിന്റേത്.



**മാർ പോൾ ചിറ്റിലപ്പിള്ളി**

മികച്ച മദ്ധ്യസ്ഥപാടവവും നയചാതുരിയും അദ്ദേഹത്തെ വേറിട്ടു നിർത്തിയ ഒരു സ്വഭാവത്തിന്റെ ഉടമയാക്കി. അല്മായനേതൃത്വം, കുടുംബക്കൂട്ടായ്മകൾ, ഭക്തസംഘടനകൾ, കാർഷികരംഗം തുടങ്ങിയവയെ പിതാവിന്റെ ഇഷ്ടപ്പെട്ട ഇടങ്ങളായിരുന്നു.

തൃശൂർ തനിമയുള്ള അദ്ദേഹത്തിന്റെ വാക്കുകളും ശൈലികളും ഏറെ ഇമ്പകരമായിരുന്നു. പൈതൃകപിൻതുടർച്ചയിൽ ഏറെ തത്പരനായിരുന്നു; അതു സഭയുടേതായാലും ദേശത്തിന്റേതായാലും. പൊതുവേദികളിലൊക്കെ അദ്ദേഹം നല്കിയിരുന്ന ഒരു കാഴ്ചപ്പാട് അത്തരത്തിലുള്ളതായിരുന്നു. അവിരാമമായ സത്യാന്വേഷണത്തിന്റേതായ ഒരു ജീവിതം. സഭയിലെ വിശുദ്ധരോടും വാഴ്ത്തപ്പെട്ടവരോടുമെല്ലാം അദ്ദേഹത്തിനു വളരെ അടുപ്പവും വാത്സല്യവുമുണ്ടായിരുന്നു. എന്നും ക്രിസ്തീയമൂല്യങ്ങളിൽ ഉറപ്പോടും ജീവിതവിശുദ്ധിയിൽ വെടിപ്പോടുംകൂടി ജീവിച്ച ഒരു കർമ്മയോഗിയായിരുന്നു പിതാവ്. കഴിഞ്ഞ മാസം കൂടിയ ഓൺലൈൻ സിനഡിൽ അദ്ദേഹം പറഞ്ഞ വാക്കുകളിൽ നമുക്കു വേണ്ട വഴിവിളക്കുകൾ ഉണ്ടായിരുന്നു.

അനേകർക്കു മാർഗദർശിയും പിതൃതുല്യനുമായിരുന്നു ചിറ്റിലപ്പിള്ളിപ്പിതാവ്. വാത്സല്യത്തിന്റെ ഒരിക്കലും മായാത്ത കൈയൊപ്പു ചാർത്തിക്കൊണ്ട് അദ്ദേഹം വിടപറഞ്ഞിരിക്കുന്നു. എല്ലാവരോടും - പിതാക്കന്മാരോടും അച്ചന്മാരോടും അല്മായ സഹോദരങ്ങളോടും - വളരെയേറെ വാത്സല്യം പുലർത്തിയിരുന്നു. അദ്ദേഹം കല്യാൺ രൂപതയെ സ്നേഹിച്ചു. താമരശേരി രൂപതയെ സ്നേഹിച്ചു. വൈദികവിദ്യാർത്ഥികളോട് അദ്ദേഹത്തിനു വലിയ അടുപ്പമായിരുന്നു. സെമിനാരിക്കാർക്കുവേണ്ടിയുള്ള കമ്മീഷനിൽ അംഗമെന്ന നിലയിലും അല്ലാതെയും അദ്ദേഹം മേജർ സെമിനാരികളിൽ ക്രമമായിത്തന്നെ എത്തുകയും വൈദികവിദ്യാർത്ഥികളോടും അധ്യാപകരായ അച്ചന്മാരോടും സംസാരിക്കുകയും വേണ്ട നേതൃത്വവും തിരുത്തലുകളുമെല്ലാം നല്കുകയും ചെയ്തിരുന്നു.

അദ്ദേഹം എപ്പോഴും കൂടെയുള്ളവരെ പ്രോത്സാഹിപ്പിച്ചിരുന്നു. യാതൊരു അകൽച്ചയുമില്ലാതെ ആർക്കും അദ്ദേഹത്തോടു സംസാരിക്കാമായിരുന്നു. നല്ലൊരു ഫലിതപ്രിയൻ. നല്ലൊരു മനുഷ്യസ്നേഹി. വിശാല മലബാറിനെ അദ്ദേഹം വളരെയേറെ സ്നേഹിച്ചു.

അദ്ദേഹം എന്നോടു സംസാരിച്ചിട്ടുള്ള പല അവസരങ്ങളിലും തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട രണ്ടു പ്രാർത്ഥനകളായി, മരിച്ചവർക്കുവേണ്ടിയുള്ള ശുശ്രൂഷയിലെ 'വിടവാങ്ങുന്നേൻ....' എന്ന പ്രാർത്ഥനയും ഒപ്പീസുകളിലെ, 'കൈക്കൊള്ളണമേ, ഹൃദയംഗമമാം....' എന്ന പ്രാർത്ഥനയും ഓർമിക്കുമായിരുന്നു. അതുപോലെതന്നെ വൈദികരുടെയും പിതാക്കന്മാരുടെയും സംസ്കാരശുശ്രൂഷകളിൽ മൃതശരീരം വഹിച്ചുകൊണ്ട് ബലിപീഠത്തോടും ദൈവാലയത്തോടും സഭയോടും ജനങ്ങളോടും യാത്ര പറയുന്ന പ്രാർത്ഥനയും അദ്ദേഹത്തിനു വളരെ പ്രിയപ്പെട്ടതായിരുന്നു.

പിതാവ് അർപ്പിച്ച ജീവിതബലി ദൈവത്തിനു സ്വീകാര്യമായിരിക്കട്ടെ.



*പാലാ ചെറുപുഷ്പം ട്രസ്റ്റ് ഹോസ്പിറ്റലിൽ എസ്.എച്ച്. സ്കൂൾ ഓഫ് മെഡിക്കൽ സയൻസിന്റെ പാരാമെഡിക്കൽ കോളേജ് ഉദ്ഘാടനം ബഹു.ജോസ് കെ മാണി എം.പി.യും ബഹു. മാണി സി കാപ്പൻ എം.എൽ.എ.യും ചേർന്നു നിർവഹിക്കുന്നു. പാലാ നഗരസഭ ചെയർപേഴ്സൺ മേരി ഡൊമിനിക്, ഡോ. സണ്ണി മാത്യു ചെറുപുഷ്പം ഹോസ്പിറ്റൽ എന്നിവർ സമീപം.*

# സുറിയാനിസഭയുടെ സ്വാതന്ത്ര്യസമരനേതാവ്

4–ാം പേജ് തുടർച്ച

വരാപ്പുഴ പള്ളിക്കാരായ അറുപതു സുറിയാനിക്കുടുംബങ്ങൾക്കു മിഷണറിമാരിൽനിന്നു തടസ്സങ്ങളും നിസ്സഹകരണവുമുണ്ടായപ്പോഴാണ് സെന്റ് ജോർജിന്റെ പേരിൽ വരാപ്പുഴ പുത്തൻപള്ളി പണിയുവാൻ പാറേമ്മാക്കൽ ഗോവർണദോർ നടപടിയെടുത്തത്. റോമിൽ പഠിച്ചു മടങ്ങിയെത്തിയ ഞാറയ്ക്കൽ ഇടവകക്കാരായ ശങ്കുരിക്കൽ ഗീവർഗീസ് കത്തനാരെയും പുത്തനങ്ങാടി പൗലോസ് കത്തനാരെയും മല്പാന്മാരാക്കി അങ്കമാലി സെമിനാരിയിൽ നിയമിക്കുകയും ചെയ്തു. ടിപ്പുവിന്റെ ആക്രമണമുണ്ടാവുകയും ഒട്ടേറെ പള്ളികൾ തകർക്കപ്പെടുകയും ചെയ്തതോടെ ഗോവർണദോർ തന്റെ ആസ്ഥാനം വടയാറിലേക്കു മാറ്റി. ടിപ്പുവിന്റെ പിന്മാറ്റത്തോടെ തകർക്കപ്പെട്ട പള്ളികൾ പുനരുദ്ധരിക്കുന്നതിനും ഗോവർണദോരച്ചൻ നേതൃത്വം നൽകി.

എന്നാൽ, പാറേമ്മാക്കലച്ചൻ ചരിത്രത്താളുകളിൽ സ്ഥാനം നേടിയത് തന്റെ ഭരണനടപടികളുടെ ഫലമായൊന്നുമായിരുന്നില്ല; മറിച്ച്, തന്റെ യാത്രാനുഭവങ്ങൾ മുഴുവൻ കൃത്യമായി ദിവസം പറഞ്ഞ് എഴുതിയ 'വർത്തമാനപ്പുസ്തകം' എന്ന മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യഗ്രന്ഥത്തിലൂടെയാണ്. പതിനെട്ടാം നൂറ്റാണ്ടിലെ ഗദ്യഭാഷാശൈലിയിലെഴുതിയ ഈ 'ഡയറി' ഒരൊന്നാന്തരം ചരിത്രരേഖയാണ്. കരിയാറ്റിൽ മല്പാനും പാറേമ്മാക്കലച്ചനും കൂടി റോമിലേക്കു ലിസ്ബൺ വഴി യാത്ര ചെയ്തതിന്റെയും അവരുടെ മടക്കയാത്രയുടെയും ഒരു വാങ്മയചിത്രമാണ് വർത്തമാനപ്പുസ്തകം. ഭാരതീയഭാഷകളിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയും പാറേമ്മാക്കലച്ചന്റേതുതന്നെയാണ്. കൈരളിയുടെ കണ്ഠത്തിലെ കനകാഭരണമാണ് വർത്തമാനപ്പുസ്തകമെന്നായിരുന്നു പില്ക്കാലത്തു മലയാളസാഹിത്യചരിത്രമെഴുതിയ ഒരു മഹാകവി പറഞ്ഞുവച്ചത്. സുറിയാനിക്കാർക്കെതിരേ നിരന്തരമായി 'യുദ്ധം' ചെയ്ത മിഷണറിമാർക്ക് അച്ചൻ തന്റെ വർത്തമാനപ്പുസ്തകത്തിൽക്കൂടി നൽകിയ മറുപടിയും അതിൽ കലർത്തിയ ശക്തമായ പരിഹാസവും നർമ്മവും അച്ചന്റെ സാഹിത്യനൈപുണ്യത്തിന്റെയും ഭാഷാവിജ്ഞാനത്തിന്റെയും നേർസാക്ഷ്യമെന്നു പറയുവാനും രണ്ടാമതൊന്നാലോചിക്കേണ്ടതില്ല.

റോമായാത്രയും സാഹസികമായ ജീവിതശൈലിയും കഠിനാദ്ധ്വാനവും ഗോവർണദോർ പദവിയുടെ സമ്മർദ്ദങ്ങളുമെല്ലാം ചേർന്നാവണം അച്ചന്റെ ആരോഗ്യനില വഷളാക്കിയത്. അനാരോഗ്യംമൂലം അച്ചൻ വടയാറിൽനിന്ന് രാമപുരം പള്ളിയിലേക്കു താമസം മാറ്റിയെങ്കിലും വാതകോപശല്യങ്ങൾ അച്ചനെ വല്ലാതെ തളർത്തി. 1799 മാർച്ച് 20 ന് രാമപുരം പള്ളിമേടയിൽ അന്തരിച്ച അച്ചനെ പിറ്റേന്ന് രാമപുരം പള്ളിയിൽ വിശ്വാസികളുടെ വൻസാന്നിധ്യത്തിലാണ് കബറടക്കിയത്.

എല്ലാ അർത്ഥത്തിലും പാറേമ്മാക്കലച്ചൻ ധീരനും നിർഭയനുമായിരുന്നു. സ്വന്തം നിലപാടുകളിൽ ഉറച്ചുനില്ക്കുന്നതായിരുന്നു അച്ചന്റെ രീതിയും ശൈലിയും. അനീതിയോ അന്യായമോ ആരു ചെയ്താലും അച്ചൻ അതു സഹിക്കുമായിരുന്നില്ല. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമായിട്ടാണല്ലോ ഗോവർണദോരച്ചൻ റോമിൽപ്പോകാൻ ധൈര്യപ്പെട്ടത്. ഭാഷയുടെ പരിമിതികളോ സാമ്പത്തികപ്രയാസങ്ങളോ ഒന്നും തന്റെ റോമായാത്രയ്ക്കു തടസ്സമാകുവാൻ അച്ചൻ സമ്മതിച്ചതുമില്ല. സ്വന്തം സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ മീനച്ചിൽ മണ്ണിന്റെ ധൈര്യവും സാഹസികതയും അച്ചൻ ചാലിച്ചുചേർക്കുകയായിരുന്നു. എട്ടുവർഷമാണ് കരയിലും കടലിലുമായി അച്ചൻ കഴിച്ചുകൂട്ടിയത്. താൻ പോയ യാത്രയെക്കുറിച്ചുള്ള 'വർത്തമാനം' അപാരമായ സാഹിത്യഭംഗിയോടെ 'പുസ്തക'മാക്കുകയും ചെയ്തു. മലയാളസാഹിത്യം നിലനില്ക്കുന്ന കാലത്തോളം വർത്തമാനപ്പുസ്തകവും ഓർമ്മിക്കപ്പെടുകതന്നെ ചെയ്യും.



*സംസ്ഥാന സർക്കാരിന്റെ സ്കൂൾ പാഠ്യപദ്ധതിയിൽ മലയാള അക്ഷരമാല ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് മാണി സി. കാപ്പൻ എം.എൽ.എ.യ്ക്കു മാതൃഭാഷാ പോഷകസന്നദ്ധ സമിതിക്കുവേണ്ടി ഫാ. ഡോ. തോമസ് മൂലയിൽ നിവേദനം സമർപ്പിക്കുന്നു. സമിതി സെക്രട്ടറി ഡോ. ജോസ് ജെയിംസ് സമീപം.*

നോവൽ



# ഇടം

ജോർജ് പുളിക്കാട്

## അദ്ധ്യായം 3

“മാത്തന്റെ മകൾ. ജില്ലാ കളക്ടർ. സ്ഥാനത്തെ ഞാൻ മാനിക്കുന്നു. പറയ്, വന്നതെന്തിനാണ്?'' പുഴക്കര വക്കച്ചൻ ചോദിച്ചു.

“പരിഹാസം വളരെയിഷ്ടപ്പെട്ടു. കായൽപുറമ്പോക്ക് കയ്യേറിയാണ് താങ്കൾ ഇവിടെ വീടു പണിതിരിക്കുന്നതെന്നു കൃത്യമായി തെളിയിക്കപ്പെട്ടിരിക്കുന്നു. ഇതു പൊളിച്ചുനീക്കി താമസക്കാരെ കുടിയൊഴിപ്പിച്ച് ഭൂമി പിടിച്ചെടുത്ത് സർക്കാരിൽ ചേർക്കാൻ ഹൈക്കോടതിയുടെ ഉത്തരവുണ്ട്. എത്രയും പെട്ടെന്ന് വീടു വിട്ടുപോകണമെന്ന് അറിയിക്കാനാ വന്നത്.”

വക്കച്ചന്റെ മുഖമിരുണ്ടു. കണ്ണുകൾ കത്തി.

“ഞാനും എന്റെ കുടുംബവും ഒരിടത്തേക്കും ഇറങ്ങിമാറാൻ തീരുമാനിച്ചിട്ടില്ല. ഈ രാജ്യത്ത് ഹൈക്കോടതിക്കു മുകളിൽ സുപ്രീം കോടതികൂടിയുണ്ട്. കേസവിടെയാ. തീരുമാനം വരുംവരെ ഒരുത്തരും ഇവിടെയൊന്നും ചെരണ്ടുകേല.”

“നിയമം ശരിക്കും പഠിച്ചിട്ടാ ഞാനിങ്ങോട്ടെത്തിയത്. പറയാനുള്ളതു പറഞ്ഞു. ഇനി കാര്യം നടപ്പാക്കുകയേയുള്ളൂ.'' അത്രയും പറഞ്ഞ് കളക്ടർ സലോമി പിൻതിരിഞ്ഞ് കാറിനു നേർക്കു നടന്നു. മറ്റുള്ളവരും സലോമിയെ അനുഗമിച്ചു. ഔദ്യോഗികവാഹനങ്ങളിൽ കയറി അവർ മടങ്ങി. ഓഫീസിൽ തിരികെയെത്തിയ കളക്ടർക്ക് ഉടനെതന്നെ മന്ത്രിയുടെ വീഡിയോ കോൺഫെറൻസിൽ പങ്കെടുക്കേണ്ടിവന്നു. ജില്ലയിലെ പകർച്ചവ്യാധിനിയന്ത്രണപരിപാടികൾ സംബന്ധിച്ചായിരുന്നു ആരോഗ്യമന്ത്രിയുടെ കോൺഫെറൻസ്. അത് ഒന്നരമണിക്കൂർ ദീർഘിച്ചു. ഉച്ചഭക്ഷണം കഴിച്ചത് മൂന്നുമണി കഴിഞ്ഞാണ്. തിരക്കൊഴിഞ്ഞ സമയത്ത് എ.ഡി.എം. സുരേഷ് കുമാർ സലോമിയെ കാണാനെത്തി.

“സാർ, ഇരിക്ക്.'' എതിർവശത്തെ കസേര ചൂണ്ടി കളക്ടർ പറഞ്ഞു. എ.ഡി.എം. കസേരയിൽ കടന്നിരുന്നു. എന്തോ ഒരു വൈക്ലബ്യം സുരേഷ്കുമാറിന്റെ മുഖത്തുണ്ടായിരുന്നു.

“ആ വക്കച്ചനെ സാർ നേരിട്ടുചെന്നുകണ്ട് പറയേണ്ട കാര്യമില്ലായിരുന്നു. അയാൾ എത്ര മോശമായിട്ടാണു സംസാരിച്ചത്? മാനനഷ്ടത്തിനു കേസുകൊടുക്കാനുള്ള കാരണമുണ്ട്.”

“ഒന്നും വേണ്ട. ഞാനതങ്ങു ക്ഷമിച്ചു.”

“അച്ഛനെക്കുറിച്ച് അങ്ങനെയൊക്കെ പറഞ്ഞപ്പോൾ വിഷമം തോന്നിയില്ലേ?”

വേദന പുരണ്ട ഒരു പുഞ്ചിരി സലോമിയുടെ മുഖത്തുണ്ടായി.

“ഇന്ന്, ഞാൻ ചുമതലയേറ്റ ദിവസം ചില പത്രങ്ങൾവരെ എന്നെ അപമാനിക്കുന്ന തരത്തിൽ വാർത്തയിട്ടു. ഒരു പത്രത്തിൽ വന്ന തലക്കെട്ട് വളരെ ക്രൂരമായിരുന്നു. ‘കാലൻ മാത്തന്റെ’ മകൾ ഇനി ജില്ല ഭരിക്കും’ എന്ന്. ഇതിനൊന്നും ഞാൻ പ്രതികരിക്കാൻ പോകുന്നില്ല. സാറിനറിയാവുന്നതുപോലെ വലിയ ഒരു പാരമ്പര്യത്തിൽനിന്നു വന്നവളല്ല, ഞാൻ.”

“ക്ഷമ നല്ലതൊക്കെയാണ്. പക്ഷേ, ഇതിങ്ങനെ വളർത്തിവിട്ടാൽ സാറിനിനിയും പല ബുദ്ധിമുട്ടുകളുമുണ്ടാകും. തുടക്കത്തിലേ ഇതു നിർത്തിക്കണം. സാർ.”

“എ.ഡി.എം. അതു തൽക്കാലം വിട്ടുകള. വേറെന്തുണ്ട് പറയാൻ?”

“ഞാൻ സാറിനെ ഉപദേശിക്കുകയാണെന്നു ധരിക്കരുത്. പ്രായവും അനുഭവപരിചയവുമുള്ളതുകൊണ്ട് പറയുന്നു എന്നു മാത്രം.”

“കാര്യത്തിലേക്കു കടക്ക്.”



“എന്തൊക്കെയായാലും പെട്ടെന്ന് പുഴക്കര വക്കച്ചനെ ഇറക്കിവിട്ട് വീടു പൊളിച്ചുനീക്കുന്നതു ബുദ്ധിയല്ല. ഞാനാദ്യം പറഞ്ഞതുപോലെ അയാൾക്കു വലിയ കണക്ഷൻസുണ്ട്. പണത്തിനും കണക്കില്ല. വാശി കയറിയാൽ എങ്ങനെ പ്രതികരിക്കുമെന്നു പറയാനാവില്ല.”

“നിയമം നടപ്പാക്കേണ്ടന്നാണോ എ.ഡി.എം. പറയുന്നത്?”

“അല്ല. സമയമെടുത്തു ചെയ്താൽ മതി. അടിയന്തരപ്രാധാന്യം കൊടുക്കരുത്. പല കാര്യത്തിലും കോടതിതീരുമാനങ്ങൾ നമ്മുടെ ജില്ലയിൽ നടപ്പാക്കാതെ കിടപ്പുണ്ട്. നമുക്ക് ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ തീരുമാനം എന്താകുമെന്നുകൂടി ഒന്നു കണ്ടിട്ടാകാം.”

‘‘അതു പെട്ടെന്നുണ്ടാകുമോ?”

“ഉണ്ടാകും. സാറിന്ന് നേരിട്ടു ചെന്നു പറഞ്ഞ സ്ഥിതിക്ക് വക്കച്ചനു ചൂടുപിടിക്കും. വീടു സംരക്ഷിക്കാൻ ചെയ്യാവുന്നതെല്ലാം അയാൾ ചെയ്യും.”

“സാർ, എനിക്ക് അയാളോട് ഒരുവിധ വൈരാഗ്യങ്ങളുമില്ല. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ നോക്കി പ്രവർത്തിക്കാൻ പാടില്ലാത്ത പദവിയിലാണ് ഞാനിരിക്കുന്നത്. എടുത്തുചാട്ടമോ ധൃതിയോ ഇക്കാര്യത്തിലില്ല. കാര്യങ്ങൾ പഠിച്ചിട്ടു തീരുമാനിക്കാം.”

“മതി സാർ. അതാണു നമുക്കു നല്ലത്.” അങ്ങനെ പറഞ്ഞ് എ.ഡി.എം. കളക്ടറുടെ മുറിവിട്ടിറങ്ങി.

തല്ലിനും കൊല്ലിനും സകല വൃത്തികേടുകൾക്കും പുഴക്കര വക്കച്ചന്റെയൊപ്പം നിന്ന കാലൻ മാത്തനെ ഇല്ലാതാക്കിയതും വക്കച്ചൻതന്നെയാണെന്നു സകലരും മനസ്സിലാക്കിവച്ചിരിക്കുന്നതാണ്. മാത്തന്റെ മകൾ സലോമി തന്നോടു പ്രതികാരം ചെയ്തേക്കുമെന്ന് വക്കച്ചൻ ഭയക്കുന്നുമുണ്ട്. അതുകൊണ്ടാണ് ഉയർന്ന പോലീസുദ്യോഗസ്ഥരുടെ മുമ്പിൽവച്ച് വക്കച്ചൻ സലോമിയെ അപമാനിച്ചത്. വ്യക്തിപരമായ യാതൊരു ഇഷ്ടാനിഷ്ടങ്ങളും ഔദ്യോഗികരംഗത്തു പ്രകടിപ്പിക്കാൻ സലോമി ആഗ്രഹിക്കുന്നില്ല. പുഴക്കര വക്കച്ചനെ കുടിയൊഴിപ്പിക്കുന്നതു പെട്ടെന്നു വേണ്ടെന്ന് കളക്ടർ തീരുമാനിച്ചു.

ചില ഫയലുകൾ പരിശോധിക്കുകയായിരുന്ന കളക്ടർക്കരുകിലേക്ക് അറ്റൻഡർ അജയൻ കയറിച്ചെന്നു.

“എക്സ്ക്യൂസ് മീ മേഡം.” അമിതവിനയത്തോടെ തൊഴുതു നിൽക്കുകയാണ് അജയൻ.

“എന്താ അജയാ” കളക്ടർ ചോദിച്ചു.

“മേഡം. പ്രായം ചെന്ന ഒരാൾ കുറച്ചുനേരമായി പുറത്തുകാത്തിരിപ്പുണ്ട്.”

‘‘എന്തിനാണെന്നു ചോദിച്ചില്ലേ?”

“ചോദിച്ചു. മേഡത്തെ ഒന്നു കണ്ടാൽ മതിയെന്ന്.”

“എങ്കിൽ കയറിവരാൻ പറയ്.”

അറ്റൻഡർ പുറത്തേക്കു പോയി. പെട്ടെന്നുതന്നെ എഴുപത്തഞ്ചിനുമേൽ പ്രായം തോന്നുന്നു, തടിച്ച ശരീരമുള്ള, ജൂബയും മുണ്ടും ധരിച്ച ഒരാൾ കടന്നുവന്നു. അയാൾ സലോമിക്കു മുമ്പിൽ വന്നു കൈകൂപ്പി നിന്നു.

“അച്ചായൻ അങ്ങോട്ടിരിക്ക്.” കളക്ടർ കസേര ചൂണ്ടിപ്പറഞ്ഞു.

വൃദ്ധൻ കസേരയിൽ കടന്നിരുന്നു.

“ആരാ? എന്താ?”

“ഞാൻ തോമസ്. കാഞ്ഞിരപ്പള്ളീലാ വീട്. മോൾക്ക് എന്നെ പരിചയമില്ലെങ്കിലും കഴിഞ്ഞ പതിന്നാലുവർഷമായി എനിക്കു മോളെ അറിയാം. കൊച്ചിന്റെ ഇതുവരെയുള്ള പഠനച്ചെലവും ജീവിതച്ചെലവും വഹിച്ച സ്പോൺസറാ ഞാൻ. സിസ്റ്റർമാർ അതു പറഞ്ഞിട്ടുണ്ടാവില്ല.”

“ഇല്ല. എനിക്കങ്ങനെയൊരു കാര്യം അറിയില്ലായിരുന്നു.'' സലോമി അതിശയിച്ചു.

“സിസ്റ്റർ കരോളിൻ, സലോമി മോൾക്കുവേണ്ടി സഹായം ചോദിച്ചപ്പോൾ, പൂവർ ഹോമിൽ എത്തിച്ചേർന്ന സാഹചര്യവും വിശദമായി പറഞ്ഞിരുന്നു. ഒരുകാലത്ത് നാടിനെ വിറപ്പിച്ച കൊടുംക്രിമിനലിന്റെ മകളാണെന്നും സിസ്റ്റർ അറിയിച്ചു.”

“എന്നിട്ടും അച്ചായൻ എന്നെ സഹായിക്കാമെന്നു വച്ചല്ലോ?”

വൃദ്ധൻ പ്രത്യേകഭാവത്തിൽ പുഞ്ചിരിച്ചു.

“നാട്ടുകാർക്കും വീട്ടുകാർക്കും ലോകർക്കു മുഴുവനും മാത്തൻ കാലനായിരുന്നെങ്കിലും എനിക്കാ മനുഷ്യൻ ദൈവമായിരുന്നു. അയാൾ കാരണമാ ഞാനിപ്പോൾ ജീവനോടെയിരിക്കുന്നതു തന്നെ.”

“എനിക്കൊന്നും മനസ്സിലാകുന്നില്ല.” സലോമിക്ക് ഉദ്വേഗമായി.

“പറയാം. പതിനാറുവർഷം മുമ്പ് ഒരു തിങ്കളാഴ്ച. രാവിലെ ഭാര്യവീട്ടിൽ പോയി തിരികെ വരുമ്പോൾ എന്റെ കാർ വലിയ ഒരപകടത്തിൽപ്പെട്ടു. ഞാനും ഭാര്യയും കാറിൽ കുടുങ്ങി. തലപൊട്ടി രക്തം ചീറ്റിയൊഴുകുന്ന ഞാനും രോഗിയായ ഭാര്യയും നിലവിളിച്ചത് ആരും കണ്ടില്ല, കേട്ടില്ല. അതുവഴിവന്ന വാഹനങ്ങളിലെ മനുഷ്യർ ഞങ്ങളെ തിരിഞ്ഞുനോക്കിയില്ല. അപ്പോഴാണ് വീപ്പകളിൽ കള്ളു കയറ്റിയ പിക്കപ്വാൻ ചീറിപ്പാഞ്ഞു വന്നത്. ഡ്രൈവർ വാൻ നിർത്തി. ഞങ്ങളുടെയടുത്തേക്ക് അയാൾ ഓടിവന്നു. ആറടിയോളം ഉയരവും തടിയുമുള്ള ഭീകരരൂപിയായ മനുഷ്യൻ! ഒരുവിധത്തിൽ ഞങ്ങൾ രണ്ടിനെയും അയാൾ പുറത്തിറക്കി. പിന്നെ ചുമന്ന് വാനിലെത്തിച്ചു. വാൻ അടുത്തുള്ള ഹോസ്പിറ്റലിലേക്കു വിട്ടു. കാഷ്വാലിറ്റിയുടെ മുമ്പിലേക്ക് വാഹനം ഇരച്ചെത്തിനിന്നു. ഞങ്ങളെ പുറത്തിറക്കിയിട്ട് ഒന്നും പറയാതെ വാഹനത്തിൽ കയറി അയാൾ ഓടിച്ചുപോയി. ആ നേരത്തെങ്കിലും ഹോസ്പിറ്റലിലെത്തിയിരുന്നില്ലെങ്കിൽ നിശ്ചയമായും ഞാൻ മരിക്കുമായിരുന്നെന്ന് ഡോക്ടർ പിന്നീടു പറഞ്ഞു.”

“അത് എന്റെ അപ്പനായിരുന്നെന്ന് എങ്ങനെയറിഞ്ഞു.”

“മൂന്നുമാസം കഴിഞ്ഞ് കേരളത്തെ പിടിച്ചുലച്ച ഒരു കൊലപാതകം നടന്നു. കൊല്ലപ്പെട്ട മാത്തന്റെ ഫോട്ടോ പത്രത്തിൽ കണ്ടപ്പോഴാണ് എന്നെ സഹായിച്ചയാളെ തിരിച്ചറിഞ്ഞത്. മോളേ, മാത്തന്റെ മകളായിപ്പോയതിൽ ദുഃഖിക്കരുത്. ലജ്ജിക്കരുത്. അപ്പനെ ഒരിക്കലും തള്ളിപ്പറയരുത്. മാത്തൻ തെമ്മാടിയായിരുന്നെങ്കിലും കരളലിവുള്ളവനായിരുന്നു.”

കളക്ടർ സലോമിയുടെ മിഴികൾ നിറഞ്ഞുവന്നു. അപ്പനെയോർത്ത് അവൾക്കു രോമഹർഷമുണ്ടായി.

“മോളേ, ഒരിക്കൽ ഒരു നന്മ ചെയ്തതിന്റെ അവകാശം പറയാനോ, പ്രത്യുപകാരം ചോദിക്കാനോ ഒന്നും വന്നതല്ല ഞാൻ. ഇനിയൊരിക്കലും ഇങ്ങോട്ടു വരികയോ, ഫോണിൽ വിളിക്കുകയോ ചെയ്യില്ല. മക്കളില്ലാത്ത ഒരാളാ ഞാൻ. ബൈബിളിൽ പറഞ്ഞിരിക്കുന്നപോലെ ഫലം തരാത്ത അത്തിവൃക്ഷം. ശപിക്കപ്പെട്ട ഒരു ജന്മം.”

“അയ്യോ, അച്ചായൻ അങ്ങനെയൊന്നും പറയരുത്. എന്നെ മകളായി കരുതിക്കൂടേ. എന്റെ അപ്പനെക്കുറിച്ച് ഇതുവരെ ഒരാളും നല്ലതുപറഞ്ഞു കേട്ടിട്ടില്ല. എനിക്കൊന്നറിയാം: എന്നെ ഒത്തിരിയിഷ്ടമായിരുന്നു. മരിക്കുന്നതുവരെ.”

“നമുക്കാർക്കും ഒരാളെയും വിധിക്കാനോ വിലയിരുത്താനോ ആവില്ല. സമയം കളയുന്നില്ല. ഞാനിങ്ങട്ടെ.” പറഞ്ഞ് തോമസ് എഴുന്നേറ്റു.

കളക്ടർ സലോമി വാതിൽക്കൽ വരെ അയാളെ അനുഗമിച്ച് യാത്രയാക്കി.

അറ്റൻഡർ അജയൻ വീണ്ടും കയറിവന്നു.

“മേഡം, എസ്.പി. കാണാൻ വന്നിട്ടുണ്ട്.” അവൾ അറിയിച്ചു.

“വരാൻ പറയ്.” കളക്ടർ പറഞ്ഞു.

താമസിയാതെ എസ്.പി. വല്ലാത്തൊരു മുഖഭാവത്തോടെ മുമ്പിലെത്തി.

(തുടരും)



കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം അർക്കദിയാക്കോൻ തീർത്ഥാടന ദൈവാലയത്തിൽ ദൈവമാതാവിന്റെ ജനനത്തിരുനാളിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വി. കുർബാനയർപ്പിക്കുന്നു. സഹകാർമ്മികരായ ഫാ. തോമസ് തയ്യിൽ, ആർച്ചുപ്രീസ്റ്റ് റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ എന്നിവർ സമീപം.

## ലീജിയൻ ഹോം സിസ്റ്റേഴ്സിന് രൂപതാപദവി

പാലാ: ലീജിയൻ ഹോം സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന ഭക്തസമൂഹത്തെ രൂപതാപദവിയിലുള്ള സമർപ്പിതസമൂഹമായി പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രഖ്യാപിച്ചു.

1962 ൽ പാലാ കത്തീഡ്രൽ ഇടവകക്കാരനായിരുന്ന ഫാ. ആഗസ്തി ചിലമ്പിക്കുന്നേൽ പാലാ രൂപതയുടെ പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിന്റെ ആശീർവാദത്തോടെ സ്ഥാപിച്ചതാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന സമർപ്പിതസമൂഹം. അല്മായപ്രേഷിതത്വം, ദൈവമാതൃഭക്തി പ്രോത്സാഹനം, ഇടവകകളിൽ വിശ്വാസപരിശീലനം, ഭക്തസംഘടനകളുടെ പ്രവർത്തനത്തിനു പ്രോത്സാഹനം, ഭവനസന്ദർശനം തുടങ്ങിയ പ്രേഷിതപ്രവർത്തനങ്ങളാണ് ഈ സമൂഹത്തിന്റെ പ്രത്യേകസിദ്ധിയായിട്ടുള്ളത്.

1976 ൽ മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഈ സമൂഹത്തിന്റെ നിയമാവലിയും ക്രമചട്ടങ്ങളും അംഗീകരിച്ചു. ഇതുവരെ ഒരു ഭക്തസമൂഹമെന്ന നിലയിൽ പ്രവർത്തിച്ചിരുന്ന ഈ സമർപ്പിതസമൂഹത്തെ റോമിലുള്ള പൗരസ്ത്യ തിരുസംഘത്തിന്റെയും സീറോമലബാർ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെയും അനുമതിയോടെ കാനൻനിയമപ്രകാരം രൂപതാപദവിയിലുള്ള ഒരു സമർപ്പിതസമൂഹമായി മാർ ജോസഫ് കല്ലറങ്ങാട്ട് സെപ്റ്റംബർ 8 മുതൽ ഉയർത്തിയിരിക്കുകയാണ്. പാലാ രൂപതയിൽ പാലാ, നെല്ലിയാനി, മലപ്പുറം (ആയാംകുടി), തോടനാൽ, രാമപുരം, മല്ലികശേരി എന്നീ ഇടവകകളിലും കാഞ്ഞിരപ്പള്ളി രൂപതയിൽ എലിക്കുളം ഇടവകയിലും ശാഖാഭവനങ്ങളുണ്ട്.



സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേരി ഇമ്മാക്കുലേറ്റ് എന്ന ഭക്തസമൂഹത്തെ രൂപതാപദവിയിലുള്ള സമർപ്പിതസമൂഹമായി പ്രഖ്യാപിക്കുന്ന ഡിക്രി പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഡയറക്ട്രസ് ജനറൽ സിസ്റ്റർ ഗ്രേസിക്കുട്ടി ജോസഫിനു നൽകുന്നു. റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ, രൂപത ചാൻസലർ റവ. ഡോ. ജോസ് കാക്കല്ലിൽ, ജനറൽ കൗൺസിലർമാരായ സി. റോസ്മി, സി. നിർമ്മല, സി. മരീന തുടങ്ങിയവർ സമീപം.




'കടൽനദി' എന്നു വിശേഷാൽ പേരുള്ള നദിയാണ് ആമസോൺ. ഈ പേരിട്ടത് പതിനാറാം നൂറ്റാണ്ടിൽ സ്പാനിഷ് പര്യവേക്ഷകനായ ഫ്രാൻസിസ്കോ ഡി ഓറെല്ലാനാ.

പെറുവിലെ ആൻഡീസ് പർവതനിരകളിൽനിന്ന് ആരംഭിച്ച് കിഴക്കോട്ടൊഴുകി ബ്രസീലിന്റെ വടക്കുകിഴക്കു തീരത്ത് അറ്റ്ലാന്റിക് സമുദ്രത്തിൽ പതിക്കുന്നു. ചെറുതും വലുതുമായ ഉദ്ദേശ്യം 1100 പോഷകനദികൾ ചേർന്നൊഴുകുന്ന മഹാനദിയാണിത്. ഏതാണ്ട് മൂന്നിൽ രണ്ടു ഭാഗവും ബ്രസീലിലൂടെ ഒഴുകുന്നു. ആമസോണിനെക്കൂടാതെ പെറു, കൊളംബിയ, ഇക്വഡോർ, ബൊളീവിയ, വെനസ്വല എന്നീ രാജ്യങ്ങളിലൂടെയും ആമസോൺ യാത്രചെയ്യുന്നുണ്ട്.

ലോകത്തിൽ ഏറ്റവും കൂടുതൽ വെള്ളമൊഴുകുന്ന നദിയാണിത്. ഭൂമിയിൽ ഏറ്റവുമധികം നദീതടമുള്ള നദികൂടിയാണിത്. വെള്ളത്തിന്റെ കാര്യത്തിൽ നൈലിനെ വെല്ലാൻ ആമസോണിനു നിഷ്പ്രയാസം സാധിക്കുന്നു. ലോകത്തിലെ ആകെ നദീജലത്തിന്റെ ഏകദേശം അഞ്ചിലൊരു ഭാഗവും ആമസോണിന്റെ സംഭാവനതന്നെ. അതായത്, ആമസോൺ നദി ഒരുനിമിഷം (സെക്കന്റ്) അറ്റ്ലാന്റിക് സമുദ്രത്തിലേക്ക് ഒഴുക്കിവിടുന്ന വെള്ളത്തിന്റെ അളവ് സുമാർ 22 കോടി ലിറ്റർ ആണത്രേ. ആമസോൺ നദി വെള്ളമെത്തിക്കുന്ന ഭൂപ്രദേശം 75 ലക്ഷം ചതുരശ്രകിലോമീറ്റർ. മറ്റൊരു വിധത്തിൽ വിശദമാക്കിയാൽ തെക്കേ അമേരിക്കയുടെ നാല്പതു ശതമാനത്തോളം.

ആമസോൺ നദിയുടെ തീരങ്ങളിലാണ് ലോകത്തിലെ ഏറ്റവും വലിയ മഴക്കാടുകൾ വളരുന്നത്. ഈ നദിയിൽ രണ്ടായിരത്തിലധികം ഇനം മീനുകൾ കാണപ്പെടുന്നുണ്ട്. നീളത്തിന്റെ കാര്യത്തിൽ ഗിന്നസ് ബുക്കിൽ നൈൽ പേരെടുത്താലും വെള്ളമൊഴുക്കിന്റെ കാര്യത്തിലും മത്സ്യശേഖരത്തിന്റെയും ഇതര ജീവികളുടെ സാന്നിദ്ധ്യത്തിന്റെയും കാര്യത്തിലും ആമസോൺ നദിയും ആമസോൺ കാടുകളും റിക്കാർഡുകളുടെ കിരീടം ചൂടി നില്ക്കുന്നു!

# വെടിപ്പാകുമോ കേരളം?

1–ാം പേജ് തുടർച്ച

നമ്മുടെ ജലാശയങ്ങൾ പൂർണമായും മലിനപ്പെട്ടിരിക്കുന്നു. ഈ മലിനജലമാണ് മണ്ണിലൂടെ കിണറ്റിലെത്തി കുടിവെള്ളമായി നമ്മുടെ അടുക്കളയിൽ എത്തിച്ചേരുന്നത്. അതു കുടിക്കുന്നവർക്ക് രോഗങ്ങൾ വന്നില്ലെങ്കിലല്ലേ അദ്ഭുതമുള്ളൂ. പകർച്ചപ്പനിയും എലിപ്പനിയും ഡെങ്കിപ്പനിയും ചിക്കുൻഗുനിയയുമെല്ലാം നാടിനെ വിറപ്പിച്ചിട്ടും പ്രശ്നത്തിന്റെ ഗൗരവം തിരിച്ചറിയാൻ നമുക്കു കഴിഞ്ഞിട്ടില്ല. പുതിയ പുതിയ രോഗങ്ങൾ നമ്മെ പിടികൂടുമ്പോഴും ജൈവമാലിന്യങ്ങളും ഖരമാലിന്യങ്ങളും അലക്ഷ്യമായി വലിച്ചെറിഞ്ഞ് കൊതുകിനും ഈച്ചയ്ക്കും എലിക്കും പെരുകാനുള്ള സാഹചര്യം നാം സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു.

ജൈവമാലിന്യം, അജൈവമാലിന്യം, ഖരമാലിന്യം എന്നിവയാണ് പൊതുവേയുള്ള മാലിന്യങ്ങൾ. ഇവ സംസ്കരിക്കുന്നതിനു പരിസ്ഥിതിസൗഹൃദമായ സംവിധാനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. വീട്ടിലെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനു ബയോഗ്യാസ് പ്ലാന്റ് പ്രയോജനപ്പെടുത്താം.

കടകളിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ ഉടമകൾ തന്നെ സംസ്കരിക്കാൻ വേണ്ട നിർദ്ദേശം സർക്കാർ കൊടുക്കണം. വീഴ്ച വരുത്തുന്നവരുടെ ലൈസൻസ് റദ്ദാക്കണം. പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് പുതുക്കുന്നവയ്ക്കും മാലിന്യസംസ്കരണസംവിധാനം നിർബന്ധമാക്കണം.

കേരള സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് 2100 കോടിയുടെ ഖരമാലിന്യസംസ്കരണപദ്ധതി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിക്കുകയുണ്ടായി. ഇത് ശുഭപ്രതീക്ഷ നൽകുന്നു. ലോകബാങ്കിന്റെ വിഹിതം 1470 കോടി രൂപയും കേരള സർക്കാരിന്റെ വിഹിതം 630 കോടി രൂപയുമാണ് ഇതിനായി നീക്കിവയ്ക്കുന്നത്. ആറു വർഷംകൊണ്ട് പദ്ധതി പൂർത്തിയാകും. 93 മുനിസിപ്പാലിറ്റികൾക്കും 183 ഗ്രാമപഞ്ചായത്തുകൾക്കുമാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുക.

ജൈവമാലിന്യങ്ങൾ വീടുകളിലും സ്രോതസ്സുകളിലും സംസ്കരിക്കാൻ മതിയായ സൗകര്യങ്ങൾ ഇന്നില്ല. അജൈവമാലിന്യങ്ങൾ സംസ്കരിക്കാനും സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

ഉറവിടമാലിന്യസംസ്കരണപദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നഗരമാലിന്യത്തിന്റെ അളവ് വളരെ കൂടുതലായതിനാൽ അവയ്ക്കൊന്നും ശാശ്വതപരിഹാരമായിട്ടില്ല. അനുദിനം വർദ്ധിച്ചുവരുന്ന ഇലക്ട്രോണിക്മാലിന്യങ്ങളുടെ അവസ്ഥ ഭീതിജനകമാണ്. കാഡ്മിയം, മെർക്കുറി എന്നിവ മണ്ണിലെത്തിയാൽ അതു വലിയ ദോഷം ചെയ്യും. അതുകൊണ്ടുതന്നെ അവ ശരിയായ വിധത്തിൽ സംസ്കരിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ മാലിന്യങ്ങളുടെ 80 ശതമാനവും ആരോഗ്യപ്രശ്നങ്ങൾക്കും പാരിസ്ഥിതിപ്രശ്നങ്ങൾക്കും വഴിതെളിക്കുന്ന വിധത്തിലാണ് ഇപ്പോൾ നീക്കം ചെയ്യപ്പെടുന്നത്.

മാലിന്യനിർമാർജനപ്രവർത്തനങ്ങളെ ജനപങ്കാളിത്തത്തോടുകൂടി പുനഃക്രമീകരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പഞ്ചായത്തുതലത്തിൽ മാലിന്യസംസ്കരണത്തിനു സൗകര്യം ഉണ്ടാക്കണം. എല്ലാ ദിവസവും മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കാനുള്ള സംവിധാനം തദ്ദേശസ്ഥാപനങ്ങളിൽ ഉണ്ടാകണം. റീസൈക്കിൾ ചെയ്യാവുന്ന അജൈവമാലിന്യങ്ങൾ അങ്ങനെ ചെയ്യണം.

പ്രധാന കവലകളിലെല്ലാം മാലിന്യം നിക്ഷേപിക്കുന്നതിനുള്ള വീപ്പകൾ വയ്ക്കണം. പേപ്പർ, പ്ലാസ്റ്റിക്, ജൈവമാലിന്യം തുടങ്ങിയവ വേർതിരിച്ചു ശേഖരിക്കാനുള്ള സംവിധാനം വേണം. മാലിന്യങ്ങൾ റോഡരികിൽ തള്ളുന്നവരിൽനിന്ന് കനത്ത പിഴ ഈടാക്കുകയും ചെയ്യണം.

മാലിന്യസംസ്കരണത്തിൽ ഗുരുതര വീഴ്ച വരുത്തിയതിന് തിരുവനന്തപുരം കോർപറേഷന് സംസ്ഥാനമലിനീകരണ നിയന്ത്രണബോർഡ് കഴിഞ്ഞവർഷം പിഴയിട്ടത് 14 കോടി രൂപയാണ്. ഖരമാലിന്യങ്ങൾ വൻഭീഷണി ഉയർത്തിയിട്ടും അവ സംസ്കരിക്കാനുള്ള സ്ഥലംപോലും കോർപ്പറേഷൻ കണ്ടെത്തിയില്ലെന്ന് മലിനീകരണനിയന്ത്രണബോർഡ് കുറ്റപ്പെടുത്തി. ഏപ്രിലിൽ നോട്ടീസ് നൽകിയിട്ടും കോർപ്പറേഷൻ അനങ്ങിയതേയില്ല. തുടർന്നാണ് പിഴയിട്ടത്.

മാലിന്യം സംസ്കരിച്ച് വൈദ്യുതി ഉണ്ടാക്കാനുള്ള പദ്ധതിയാണ് വിഴിഞ്ഞത്ത് സർക്കാർ നടപ്പാക്കാൻ പോകുന്നത്. 650 കോടിയുടെ പദ്ധതിയാണിത്. തലസ്ഥാനത്തെ മാലിന്യപ്രശ്നത്തിന് അതോടെ പരിഹാരമാകുമെന്നാണ് സർക്കാർ ഇപ്പോൾ പറയുന്നത്.

ഇനിവരുന്ന തലമുറയ്ക്കു വസിക്കുവാൻ പാകത്തിൽ ഈ മണ്ണിനെ സംരക്ഷിക്കാൻ, പ്രകൃതിയെ മാലിന്യമുക്തമാക്കാൻ സർക്കാരിനു മാത്രമല്ല നമുക്ക് ഓരോരുത്തർക്കും ബാധ്യതയുണ്ട്.

□

# മനുഷ്യത്വം മരിച്ചിട്ടില്ല



റോബിൻ താന്നിമലയിൽ

ഉപഭോഗസംസ്കാരത്തിന്റെയും നാഗരികതയുടെയും പിന്നാലെ പരക്കംപായുന്ന ആധുനികാനന്തരസമൂഹത്തിലാണ് നാമിന്നു ജീവിക്കുന്നത്. സ്വാർഥതാത്പര്യങ്ങളും സുഖലോലുപതയും മുഖമുദ്രയാക്കി ജീവിക്കുന്ന സമൂഹമെന്നു പൊതുവേ മുദ്രകുത്തപ്പെട്ടിട്ടുണ്ടെങ്കിലും മനുഷ്യത്വം



നഷ്ടപ്പെടാത്ത ഒട്ടനവധി മുഖങ്ങൾ നമുക്കു കണ്ടുമുട്ടുവാൻ സാധിക്കുന്നുണ്ട്.

അന്യന്റെ കഷ്ടപ്പാടുകൾ കണ്ട് അവരെ സഹായിക്കുന്നതും അപകടം സംഭവിച്ചു വഴിയരികിൽ കിടക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതും അന്ധനായ കാൽനടയാത്രക്കാരനെ കൈപിടിച്ചു നടത്തി ബസിൽ കയറ്റിവിടുന്നതുമെല്ലാം ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും മനുഷ്യത്വം മരിച്ചിട്ടില്ല എന്നതിന്റെ തെളിവുകളാണ്.

ഈയിടെയുണ്ടായ കരിപ്പൂർ വിമാനാപകടത്തിലും പെട്ടിമുടി ദുരന്തത്തിലുമെല്ലാം മനുഷ്യത്വത്തിന്റെ വിവിധ മുഖങ്ങളെ നാം ദർശിച്ചതാണ്. ഒരാളുടെയെങ്കിലും ജീവൻ രക്ഷിക്കാനായാൽ അത്രയുമായില്ലേ എന്നു കരുതിക്കൊണ്ട് രക്ഷാപ്രവർത്തനത്തിൽ നിരവധി പേരാണ് പങ്കുചേർന്നത്. സ്വന്തം ജീവന്റെ സുരക്ഷിതത്വംപോലും വകവയ്ക്കാതെ, മറ്റുള്ളവർക്കായി, അവരുടെ ജീവന്റെ സംരക്ഷണത്തിനായി സ്വജീവിതം ഉഴിഞ്ഞുവച്ചവരാണ് ഇവർ. കരിപ്പൂർ വിമാനാപകടസ്ഥലത്തെ രക്ഷാപ്രവർത്തനവേളയിൽ, ഒരു വ്യക്തിയോടു മാധ്യമപ്രവർത്തകൻ ചോദിച്ചു: "കൊറോണ പടർന്നുപിടിക്കുന്ന ഈ സാഹചര്യത്തിൽ എന്തു ധൈര്യത്തിലാണ് താങ്കൾ രക്ഷാപ്രവർത്തനത്തിലേർപ്പെടുന്നത്?" അയാൾ പറഞ്ഞതിങ്ങനെ:

"മനുഷ്യൻ ജീവനോടെയുണ്ടെങ്കിലല്ലേ ചങ്ങാതീ രോഗത്തിനു വരാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നമ്മള് ശ്രദ്ധിക്കുന്നത് ഈ മനുഷ്യന്മാരെ രക്ഷിക്കാനാണ്. ഇനി ഞമ്മക്ക് കൊറോണ വന്നാല് അത് അപ്പോ നോക്കാം..."

എന്തൊരു ആത്മവിശ്വാസമാണ്, ആ വാക്കുകൾക്ക്, ആ മനുഷ്യന്!

വിമാനാപകടമുണ്ടായ നിമിഷം ആദ്യം രക്ഷാപ്രവർത്തനത്തിലേർപ്പെട്ടത് സമീപവാസികളായ നാട്ടുകാർതന്നെയാണ്. ഒട്ടും വൈകാതെ അവർ രക്ഷാപ്രവർത്തനത്തിലേർപ്പെടുകയും നിരവധി ജീവനുകളെ രക്ഷപ്പെടുത്തി തങ്ങളുടെ സ്വന്തം വാഹനത്തിൽ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തു.

പെട്ടിമുടിയിലും മനുഷ്യത്വത്തിന്റെ ഈ മുഖം നാം കണ്ടതാണ്. അധികാരികൾ എത്തിയപ്പോഴേക്കും നിരവധി ജീവനുകളെ നാട്ടുകാർ രക്ഷിച്ചിരുന്നു.

ഇവിടെ വേർതിരിവുകളൊന്നുംതന്നെയില്ല. മനുഷ്യത്വമെന്ന മാനവികമൂല്യത്തെ ഉയർത്തിപ്പിടിക്കുകയാണിവർ. സമൂഹത്തിൽ നടമാടിയ പല പ്രശ്നങ്ങളെയും കൂട്ടായ പരിശ്രമത്തിലൂടെ അതിജീവിച്ചവരാണ് നാം മലയാളികൾ.

കൊറോണയെന്ന മഹാമാരി അനുദിനം വേട്ടയാടുന്ന ഈ സാഹചര്യത്തിൽ സ്വജീവൻ പോലും വകവയ്ക്കാതെ പോരാടുന്ന ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ, പോലീസുകാർ തുടങ്ങിയവരെല്ലാംതന്നെ മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയാണു ചെയ്യുന്നത്. സംഹാരരൂപിയായ മഹാമാരിയുടെ മുമ്പിൽ, സ്വജീവൻ പകരം വയ്ക്കാൻ സന്നദ്ധരായി അനേകംപേർ ഇന്നും രംഗത്തുണ്ട്.

കഴിഞ്ഞ വർഷങ്ങളിൽ പ്രളയമുണ്ടായപ്പോൾ സഹായവുമായി നിരവധിപേർ കടന്നുവന്നു. അനേകായിരം ജീവനുകളെയാണ് അന്നു രക്ഷപ്പെടുത്തിയത്. ഉപജീവനമാർഗ്ഗമായ ബോട്ടുമായി പാഞ്ഞെത്തി രക്ഷാപ്രവർത്തനത്തിലേർപ്പെട്ട മത്സ്യബന്ധനത്തൊഴിലാളികളുടെ മനസ്സ് നാം കാണാതെ പോകരുത്.

പ്രകൃതിയിലുണ്ടാകുന്ന, സമൂഹത്തിലുണ്ടാകുന്ന ഇത്തരം മഹാദുരന്തങ്ങളെ ഒരുമയോടെ അതിജീവിക്കുന്ന മനുഷ്യത്വത്തിന്റെ ചിത്രങ്ങളാണിവയൊക്കെ. മാനവികമൂല്യങ്ങൾക്കും മനുഷ്യത്വത്തിനും പ്രാധാന്യം നൽകിക്കൊണ്ട് അപരന്റെ ദുരിതങ്ങളെ കണ്ടെത്തി അവ പരിഹരിക്കുന്നവരായി മാറുമ്പോഴാണ് നാം യഥാർത്ഥ മനുഷ്യരാകുന്നത്.

■



കെ.സി.എസ്.എൽ. സംസ്ഥാനതല പ്രവർത്തനവർഷവും ഓൺലൈൻ പാഠ്യപദ്ധതിയും കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ചെയർമാനും കെ.സി.എസ്.എൽ. രക്ഷാധികാരിയുമായ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മാവേലിക്കര ബിഷപ്സ് ഹൗസിൽ ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ട്രഷറർ മനോജ് ചാക്കോ, സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, ജന. ഓർഗനൈസർ സിറിയക് നരിതൂക്കിൽ, മാവേലിക്കര രൂപത ഡയറക്ടർ ഫാ. ജോസഫ് പടിപ്പുര, സംസ്ഥാന വൈസ് പ്രസിഡന്റ് മിനി ബാബു എന്നിവർ സമീപം.

# കുടുംബനവീകരണധ്യാനം

പാലാ: രൂപത ജീസസ് യൂത്തിന്റെ ഫാമിലി മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 30 ഞായറാഴ്ച ആരംഭിച്ച 'ഫമിലിയാ 20' ഓൺലൈൻ ധ്യാനം അടുത്ത അഞ്ചു ഞായറാഴ്ചകളിൽ തുടരും. രാത്രി 8.30 മുതൽ 10 വരെയാണ് ധ്യാനസമയം.

പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഫാ. ഡൊമിനിക് വെച്ചൂർ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. കുര്യൻ മറ്റം, അഡ്വ. ജോബി വടക്കേരിൽ, ടോം മൈക്കിൾ - സീനു തോമസ് ദമ്പതികൾ, ജിന്റോ മാത്യു - നീതു ജിന്റോ ദമ്പതികൾ എന്നിവർ ക്ലാസ്സുകൾ നയിക്കും. 'വിശ്വാസവും കുടുംബജീവിതവും' എന്നതാണ് വിഷയം. ബിലാസ് ജോസഫ്, ക്ലിജോ കണിയാംപടി എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കുന്നു: ഫോൺ:9645395997, 9645529452.

# 'എന്റെ ശക്തി യേശുവിലാണ്'

## ഫുട്ബോൾതാരം ഡേവിഡ് അലാബയുടെ വിശ്വാസസാക്ഷ്യം

ലിസ്ബൺ: പോർച്ചുഗലിലെ ലിസ്ബണിൽ നടന്ന യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ ഫൈനലിലെ വിജയത്തിനുശേഷം മഹത്വം ക്രിസ്തുവിനു നൽകി ജർമൻ ഫുട്ബോൾ ക്ലബായ ബയേൺ മ്യൂണിക് താരം ഡേവിഡ് അലാബയുടെ വിശ്വാസസാക്ഷ്യം. കിരീടനേട്ടത്തിനു "Meine Kraft liegt in Jesus" അഥവാ 'എന്റെ ശക്തി യേശുവിലാണ്' എന്നെഴുതിയ ടിഷർട്ട് അണിഞ്ഞാണ് ക്രിസ്തുവിലുള്ള തന്റെ വിശ്വാസം ഒരിക്കൽക്കൂടി അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നത്. മഹത്വം ക്രിസ്തുവിനു നൽകിയുള്ള ടി ഷർട്ടു ധരിച്ചു ട്രോഫിയുമായി മുട്ടുകുത്തി ഇരുകൈകളും ആകാശത്തിലേക്കുയർത്തി ദൈവത്തിനു നന്ദി പറയുന്ന താരത്തിന്റെ ചിത്രം സാമൂഹികമാധ്യമങ്ങളിൽ ഇതിനോടകം വൈറലായിട്ടുണ്ട്.



ഓസ്ട്രിയയുടെ ദേശീയ ഫുട്ബോൾ താരമായ ഡേവിഡ് ബയേൺ മ്യൂണിക്കിനുവേണ്ടി നിരവധി തവണ ബൂട്ട് അണിഞ്ഞിട്ടുണ്ട്. തന്റെ വിശ്വാസത്തെ പൊതുസമൂഹത്തിൽ വിളിച്ചു പറയാൻ ഒരിക്കലും മടി കാണിക്കാത്ത ഉത്തമക്രൈസ്തവവിശ്വാസിയാണ് അലാബ. 'ബോളില്ലാത്ത ഫുട്ബോൾ മത്സരംപോലെയാണ് ദൈവമില്ലാത്ത ജീവിതമെന്ന്' വർഷങ്ങൾക്കുമുൻപ് അദ്ദേഹം ട്വീറ്റ് ചെയ്തത് ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. 2013 ലെ യുറോപ്യൻ ചാമ്പ്യൻസ് ലീഗ് കിരീടധാരണ സമയത്തും 'എന്റെ ശക്തി യേശുവിലാണ്' എന്നെഴുതിയ ടീ ഷർട്ടാണ് ഡേവിഡ് അണിഞ്ഞിരുന്നത്.




## സെപ്റ്റംബർ 20
### ഏലിയാ സ്ലീവാ മൂശക്കാലം മൂന്നാം ഞായർ



നിയ 8: 11-20
ഏശയ്യാ 33: 13-24
ഫിലി 2: 1-11
മത്താ 4: 12-17

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# ദൈവരാജ്യത്തിന്റെ വഴികൾ

**ഏ**ലിയാക്കാലം, സ്ലീവാക്കാലം, മൂശക്കാലം എന്നിങ്ങനെ മൂന്നു കാലങ്ങളെ ചേർത്തിണക്കി ആചരിക്കുന്ന ഒരു ആരാധനാക്രമവത്സരത്തിലാണ് നാമിപ്പോൾ. ആദ്യമൂന്നാഴ്ചകൾ ഏലിയാക്കാലവും സെപ്തംബർ 14 ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനുശേഷം വരുന്ന നാലാഴ്ചകൾ സ്ലീവാക്കാലവും തുടർന്നുവരുന്ന നാലാഴ്ചകൾ മൂശക്കാലവും. ഈ വർഷം സെപ്തംബർ 14 നുശേഷം വരുന്ന ആദ്യഞായറാഴ്ചയായതിനാൽ സെപ്തംബർ 20 സ്ലീവാ ഒന്നാം ഞായറാണ്. സ്ലീവാ കേന്ദ്രീകൃതമായ മനുഷ്യജീവിതവും സ്ലീവായിലൂടെ യാഥാർഥ്യമായ രക്ഷയും സംസ്ഥാപിതമായ സ്വർഗരാജ്യവും വരാനിരിക്കുന്ന നിത്യമഹത്ത്വവും ആരാധനസമൂഹം ധ്യാനവിഷയമാക്കുന്നു.

വി. സ്ലീവായുടെ തിരുനാൾ സഭയിലെ വലിയ ഒരു തിരുനാളായി പൗരസ്ത്യസഭകളും പാശ്ചാത്യസഭയും വളരെ പ്രാചീനകാലംമുതൽ ആചരിച്ചിരുന്നതാണ്. സ്ലീവായുടെ മഹത്ത്വം പ്രഘോഷിക്കുന്നതിനൊപ്പം സഭയുടെ ചരിത്രത്തിലെ ഏതാനും സംഭവങ്ങൾ അനുസ്മരിക്കുന്ന ഒരു തിരുനാളുകൂടിയാണിത്. ഒന്നാമതായി, വിശുദ്ധ ഹെലേന ഈശോയുടെ കുരിശ് കണ്ടെത്തിയതും ഈശോയുടെ തിരുക്കല്ലറയുടെ മുകളിലായി കോൺസ്റ്റന്റൈൻ ചക്രവർത്തി പണികഴിപ്പിച്ച ദൈവാലയത്തിന്റെ പ്രതിഷ്ഠയും ഈശോയുടെ കുരിശ് പരസ്യവണക്കത്തിനായി ആ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചതും അനുസ്മരിക്കുന്നു. എ.ഡി. 614-ൽ ജറുസലേംദൈവാലയം പേർഷ്യൻ ആക്രമണത്തിനിരയാവുകയും ജറുസലേമിലെ പാത്രിയാർക്കീസും ജനങ്ങളുമെല്ലാം ബന്ദികളാക്കപ്പെട്ട് പേർഷ്യയിലേക്കു കൊണ്ടുപോകപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സംഭവത്തിനുശേഷം എ.ഡി. 629-ൽ ജസ്റ്റീനിയൻചക്രവർത്തിയുടെ നേതൃത്വത്തിൽ പേർഷ്യയിൽനിന്നു പാത്രിയാർക്കീസിനെയും ജനത്തെയും വിമോചിപ്പിച്ചുകൊണ്ടുവരുകയും വീണ്ടും സ്ലീവാ ജറൂസലേംദൈവാലയത്തിൽ പരസ്യവണക്കത്തിനായി പുനഃപ്രതിഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. ഇത് 629 സെപ്തംബർ 14 നായിരുന്നു. ഇപ്രകാരം രണ്ടു പ്രാവശ്യം ഈശോയുടെ കുരിശ് ജറുസലെം ദൈവാലയത്തിൽ പരസ്യവണക്കത്തിനായി പ്രതിഷ്ഠിച്ചതിനെ അനുസ്മരിക്കുന്ന തിരുനാളാണ് കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. കുരിശാണ് രക്ഷയുടെ അടയാളം. കുരിശിലൂടെയാണ് മനുഷ്യരക്ഷ യാഥാർത്ഥ്യമായത്. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നമ്മുടെ കർത്താവിന്റെ മഹത്ത്വത്തിന്റെ പ്രഘോഷണമാണ്.



നിയമാവർത്തനപ്പുസ്തകത്തിൽനിന്നുള്ള വായന ദൈവത്തിന്റെ മഹത്തരമായ പ്രവൃത്തികൾ അനുസ്മരിച്ചുകൊണ്ട് ഇസ്രായേൽമക്കൾ ജീവിക്കണം എന്ന ഓർമപ്പെടുത്തലാണ്. സംരക്ഷണം നല്കി രക്ഷിക്കുന്ന ദൈവത്തെ മറന്നുജീവിക്കരുത് എന്ന ആഹ്വാനവുമാണ്. സമൃദ്ധിയിലെത്തിക്കഴിയുമ്പോൾ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് ദൈവത്തെ മറന്നുജീവിക്കരുതെന്നും. ജീവിതത്തിൽ നേട്ടങ്ങൾ ഉണ്ടാകുമ്പോൾ അതു തന്റെ ശക്തിയും തന്റെ കരങ്ങളുടെ ബലവുമാണ് എന്നു പറയരുത്. മറിച്ച്, നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ സ്മരിക്കണം. മരുഭൂമിയിലെ ചില കഷ്ടപ്പാടുകൾ ഒരു രൂപീകരണത്തിന്റെ കാലമായിരുന്നുവെന്ന് തിരുവചനം ഓർമിപ്പിക്കുന്നു: "നിങ്ങളെ എളിമപ്പെടുത്താനും പരീക്ഷിക്കാനും അവസാനം നന്മ കൊണ്ട് അനുഗ്രഹിക്കാനുമായിരുന്നു അത്"(4,16).

ഏശയ്യാപ്രവാചകന്റെ പുസ്തകം അടിമത്തത്തിൽനിന്നുമുള്ള വിമോചനത്തെയും തുടർന്നുള്ള അവസ്ഥയെയും കുറിച്ചാണ് വിവരിക്കുന്നത്. എണ്ണിയവൻ എവിടെ? കപ്പം തൂക്കിനോക്കിയവൻ എവിടെ? ദുർഗ്രഹഭാഷ സംസാരിക്കുന്നവൻ എവിടെ? വിക്കിവിക്കി സംസാരിക്കുന്നവൻ എവിടെ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഇസ്രായേലിനെ അടിമയാക്കിയിരുന്ന ജനതയെ ഉദ്ദേശിച്ചാണ്. അടിമകളാക്കിയിരുന്നവർ ചെയ്തിരുന്ന പ്രവൃത്തികളാണ് മുകളിൽ പ്രസ്താവിച്ചത്. കർത്താവ് ന്യായാധിപനായും രാജാവായും വാഴുന്ന അവസ്ഥയാണ് പ്രവാചകൻ മുന്നിൽ കാണുന്നത്. മിശിഹായിലൂടെ യാഥാർഥ്യമാകുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള ഒരു പ്രവചനം കൂടിയായിരുന്നു ഇത്.

'മാനസാന്തരപ്പെടുവിൻ' സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഘോഷിച്ചുകൊണ്ട് തന്റെ പരസ്യജീവിതം ആരംഭിക്കുന്ന ഈശോയെയാണ് സുവിശേഷത്തിൽ കാണുന്നത്. ഏശയ്യാപ്രവാചകൻ മുൻകൂട്ടി പ്രവചിച്ച വിമോചനത്തിന്റെ വാർത്ത, കർത്താവ് ന്യായാധിപനും രാജാവുമായി വാഴുന്ന സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നുതന്നെയാണ് ഈശോയുടെ പ്രസംഗം. ആ സ്വർഗരാജ്യസ്ഥാപനത്തിനുവേണ്ടി അടിമത്തത്തിൽ കഴിഞ്ഞിരുന്നവർ വാളും പരിചയുമെടുക്കുവാനല്ല; മറിച്ച്, മാനസാന്തരത്തിലേക്കു വരുവാനുള്ള ആഹ്വാനമാണ് ഈശോ നല്കുന്നത്. വെട്ടിപ്പിടിച്ചുകൊണ്ട് രാജ്യം സ്ഥാപിക്കുകയല്ല, വിട്ടുകൊടുത്തുകൊണ്ട് രാജ്യം സ്ഥാപിക്കുകയാണ് അവിടന്ന് ലക്ഷ്യംവയ്ക്കുന്നത്. അതിന്റെ ക്ലൈമാക്സായിരുന്നു കാൽവരിയിൽ നിറവേറിയത്. അതുകൊണ്ടാണ് സ്ലീവാ കർത്താവിന്റെ മഹത്ത്വപൂർണമായ രാജകീയസിംഹാസനം ആയത്.

ഈശോയുടെ രാജ്യം സ്ഥാപിക്കൽ എപ്രകാരമാണു യാഥാർഥ്യമായത് എന്നാണ് പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ പറയുന്നത്: ദൈവവുമായുള്ള സമാനത മുറുകെപ്പിടിക്കേണ്ട കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു; മരണംവരെ - കുരിശുമരണം വരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ഇതായിരുന്നു ഈശോയുടെ സ്വർഗരാജ്യസ്ഥാപനം. അത് എല്ലാ നാവുകളും ഈശോമിശിഹായിലൂടെ ദൈവമഹത്ത്വം ഏറ്റുപറയുന്നതിനാണ്. ഈ ഏറ്റുപറച്ചിൽ നടക്കേണ്ടത് എങ്ങനെയാണെന്ന് പൗലോസ്ശ്ലീഹാ ഫിലിപ്പിയിലെ സഭയെ ഓർമിപ്പിക്കുന്നു. മാത്സര്യവും വ്യർഥാഭിമാനവും ഉപേക്ഷിച്ച് മിശിഹായുടെ മനോഭാവം സ്വീകരിക്കലാണത്. അതായത്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതുവിൻ, സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ; മറിച്ച്, മറ്റുള്ളവരുടെ താത്പര്യവും പരിഗണിക്കണം (ഫിലി. 2,6). അപ്പോൾ ഈശോ പ്രഘോഷിച്ച ദൈവരാജ്യം നമ്മുടെയിടയിൽ സംജാതമാകും. ■



## ആരോഗ്യവീഥി



ഡോ. ജിബിൻ കെ. തോമസ്

# ടോയ്‌ലറ്റിലെ ഫോൺ ഉപയോഗം

ആളുകളുടെ മൊബൈൽ ഫോണുപയോഗം വർദ്ധിച്ചുവർദ്ധിച്ച് ടോയ്‌ലറ്റിൽവരെ എത്തിയിരിക്കുകയാണ്. ടോയ്‌ലറ്റിരുന്ന് ഗെയിം മുതൽ ചാറ്റിങ്ങുവരെ പലരും ചെയ്യുന്നുണ്ട്. പലർക്കും ടോയ്‌ലറ്റ് ഒരു ബ്രേക്ക് എടുക്കാനോ മറ്റിടപെടലുകൾ ഇല്ലാതെ സമയം ചെലവിടാനോ ഉള്ള സ്ഥലമായി മാറിയിരിക്കുന്നു.

നൂറുകണക്കിനു സൂക്ഷ്മജീവികൾ, കുമിളുകൾ, യീസ്റ്റ് എന്നിവകൂടാതെ മലത്തിന്റെ അംശവും കാണപ്പെടുന്ന സ്ഥലമാണ് ടോയ്‌ലറ്റ്. ടോയ്‌ലറ്റ്‌വാതിൽ, ലോക്ക്, ടാപ്, ഫ്ളഷ്, ഹാൻഡ്‌വാഷ് തുടങ്ങിയവയിലെല്ലാം ബാക്ടീരിയയുണ്ട്. സോപ്പിട്ടു കൈ കഴുകിയാലും ചില ബാക്ടീരിയകൾ നശിച്ചെന്നു വരില്ല. ടോയ്‌ലറ്റിലെ ഫോണുപയോഗം അവിടെ കൂടുതൽ സമയം ചെലവിടാൻ പ്രേരിപ്പിക്കും. ഇതുവഴി ചില രോഗങ്ങളും കടന്നുകൂടാം.

**അർശസ്**

30 മിനിറ്റിൽ കൂടുതൽ ടോയ്‌ലറ്റിൽ ഇരുന്നാൽ അർശസ്, രക്തധമനികളിലും മലദ്വാരത്തിലും വീക്കം എന്നിവയുണ്ടാകാം. മലാശയത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിനാൽ അർശസ് വഷളാകാനും സാധ്യതയുണ്ട്. ഞരമ്പുകളുടെയും അരക്കെട്ടിന്റെയും പ്രശ്നങ്ങൾക്കും ഇതു കാരണമാകും.

**അർശസുള്ളവർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ**

- നാരുകൾ ധാരാളമടങ്ങിയ ഭക്ഷണം പതിവാക്കുക
- ദിവസേന കൃത്യമായ വ്യായാമം ചെയ്യുക
- മലദ്വാരം വൃത്തിയായി സൂക്ഷിക്കുക
- വീക്കം കുറയ്ക്കാൻ ഐസ്പാക്ക് (Ice pack) ഉപയോഗിക്കുക
- ആവശ്യത്തിനു വെള്ളം കുടിക്കുക (കുറഞ്ഞത് മൂന്നു ലിറ്റർ)
- അനുയോജ്യമായ രീതിയിലിരുന്ന് മലവിസർജനം നടത്തുക
- പരുപരുത്ത ടോയ്‌ലറ്റ് പേപ്പർ ഉപയോഗിക്കാതിരിക്കുക
- മലദ്വാരത്തിൽ മാന്തുകയും ചൊറിയുകയും ചെയ്യരുത്
- ബലംപിടിച്ച് ബുദ്ധിമുട്ടി മലവിസർജനം ചെയ്യരുത്
- അമിതഭാരം ഉയർത്തുന്നത് ഒഴിവാക്കുക

ടോയ്‌ലറ്റിൽ ചെലവിടുന്ന സമയം കൂടുതലാണോ എന്നറിയാൻ ഒരു സ്വയംപരിശോധന നടത്താവുന്നതാണ്. ആദ്യദിവസം ഫോണുമായി ടോയ്‌ലറ്റിൽ പോകുക. പിന്നീട് ഫോണില്ലാതെയും പോകുക. രണ്ടു സമയവും തമ്മിലുള്ള വ്യത്യാസം നമ്മൾ വെറുതേ കളയുന്ന സമയമാണ്. പത്തു മിനിറ്റിൽ അധികം ടോയ്‌ലറ്റിൽ ഇരിക്കാതിരിക്കുന്നതാവും ഉത്തമം.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ജനറൽ & ലാപ്രോസ്കോപിക് സർജറി വിഭാഗം കൺസൾട്ടന്റാണ്.*

## കെ.സി.എസ്.എൽ. അധ്യാപക അവാർഡ് ജേതാക്കൾ



ജോസ് ജോസഫ്



സി. മോളി ദേവസി FMM

കെ.സി.എസ്.എൽ. സംസ്ഥാനസമിതിയുടെ ഷെവലിയർ പി. റ്റി. തോമസ് അവാർഡിനർഹനായ ജോസ് ജോസഫും (ചങ്ങനാശേരി അതിരൂപത) ബെസ്റ്റ് ആനിമേറ്റർ അവാർഡിനർഹയായ സി. മോളി ദേവസിയും (കൊച്ചി രൂപത)

# നെഞ്ചിടിപ്പിന്റെ ദിനരാത്രങ്ങൾ



പ്രിൻസ്‌രാജ്

ജനാധിപത്യസംവിധാനത്തിലെ ഉത്സവം എന്നാണല്ലോ പൊതുതിരഞ്ഞെടുപ്പിന്റെ വിശേഷണം. ഉത്സവം എന്നാൽ സന്തോഷം നിറഞ്ഞ, ആഘോഷം തുളുമ്പുന്ന സന്ദർഭം. ഒത്തുചേരലിന്റെ വേദി. എന്നാൽ, രാഷ്ട്രീയപ്പാർട്ടികളെ സംബന്ധിച്ചു തിരഞ്ഞെടുപ്പ് അത്തരമൊന്നാണോ എന്നതു ചിന്ത്യം. പ്രത്യേകിച്ചും കേരളംപോലെ പ്രബുദ്ധമായ ഒരു സംസ്ഥാനത്ത്. ഇതാ മറ്റൊരു തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്. ത്രിതലപഞ്ചായത്തുകൾ, കോർപറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലേക്ക് അടുത്ത ഭരണസമിതിയെ നിശ്ചയിക്കുന്ന തിരഞ്ഞെടുപ്പ്. അതിനുശേഷം ഏതാനും മാസങ്ങൾ കഴിഞ്ഞാൽ മറ്റൊരു പൊതുതിരഞ്ഞെടുപ്പെത്തും: നിയമസഭാ തിരഞ്ഞെടുപ്പ്. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽനിന്നുള്ള പ്രതിനിധികളെ കണ്ടെത്തുന്നതിനുള്ള തിരഞ്ഞെടുപ്പ്. ഇതിനർത്ഥം, ചുരുക്കിപ്പറഞ്ഞാൽ അടുത്ത ആറു മാസത്തിനകം കേരളം രണ്ടു പൊതുതിരഞ്ഞെടുപ്പുകളെയാണ് അഭിമുഖീകരിക്കാൻ പോകുന്നത്.

ഇപ്രാവശ്യത്തെ തിരഞ്ഞെടുപ്പിന് മുമ്പെങ്ങുമില്ലാതിരുന്ന ഒരു പ്രത്യേകതയുണ്ട്. ലോകത്തെ മുഴുവൻ ഗ്രസിച്ച കൊവിഡ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പാകും അത്. ആരോഗ്യവിദഗ്ധരുടെ വിലയിരുത്തൽ കണക്കിലെടുത്താൽ ഇനിയും നിരവധി മാസങ്ങൾ, അല്ലെങ്കിൽ ഏതാനും വർഷങ്ങൾതന്നെ വേണ്ടിവന്നേക്കാം സമൂഹം പൂർണമായും കൊവിഡ് മുക്തമാകാൻ. വരാൻപോകുന്ന തദ്ദേശ-നിയമസഭാതിരഞ്ഞെടുപ്പുകൾ കൊവിഡ് ഭീതിക്കിടെയാകും നടക്കുക എന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. തിരഞ്ഞെടുപ്പുകമ്മീഷനും സർക്കാരും ആ സാഹചര്യം മുന്നിൽ കണ്ടുകൊണ്ടുതന്നെയാണു മുന്നോട്ടുപോകുന്നത് എന്നു വ്യക്തം. നിയമസഭാതിരഞ്ഞെടുപ്പിന് ഏതാനും മാസങ്ങൾ മുമ്പു നടക്കുന്നതാകയാൽ തദ്ദേശസ്വയംഭരണസ്ഥാപനതിരഞ്ഞെടുപ്പിനെ സെമിഫൈനൽ ആയാണ് രാഷ്ട്രീയപ്പാർട്ടികൾ കാണുന്നത്. തദ്ദേശതിരഞ്ഞെടുപ്പിൽ മേൽക്കൈ നേടുന്നവർ സംസ്ഥാനം ഭരിക്കും എന്ന നിരവധി തവണത്തെ അനുഭവമാണ് അതിനു നിദാനം.



സമീപകാലത്തെ രണ്ടനുഭവങ്ങൾതന്നെ എടുക്കാം. 2010 ലെ തിരഞ്ഞെടുപ്പിൽ യുഡിഎഫിനായിരുന്നു ഭൂരിപക്ഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ജയം. പിന്നാലെയെത്തിയ 2011 ലെ നിയമസഭാതിരഞ്ഞെടുപ്പിലും വിജയം യുഡിഎഫിനുതന്നെയായിരുന്നു. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയുമായി. 2015 ലെ തദ്ദേശതിരഞ്ഞെടുപ്പിൽ വിജയം എൽഡിഎഫ് പക്ഷത്തേക്കു മാറി. 2016 ൽ നടന്ന നിയമസഭാതിരഞ്ഞെടുപ്പിലും വെന്നിക്കൊടി പാറിച്ചത് ഇടതുമുന്നണി തന്നെ. പിണറായി വിജയൻ മുഖ്യമന്ത്രിക്കസേരയിൽ. ചരിത്രം ഇതായിരിക്കേ, തദ്ദേശതിരഞ്ഞെടുപ്പിനായി ഇടതുവലതുമുന്നണികൾ അരയും തലയും മുറുക്കി ഇറങ്ങും എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതേസമയം, ഇരുമുന്നണികളുടെയും നെഞ്ചിടിപ്പു കൂട്ടുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ബിജെപിയെ സംബന്ധിച്ച് അവർ കേരളത്തിൽ കാര്യമായ പ്രതീക്ഷ ഒരു തിരഞ്ഞെടുപ്പിലും വച്ചുപുലർത്താത്തതുകൊണ്ടു ഫലത്തെക്കുറിച്ചു വ്യാകുലത ഉണ്ടാവാൻ തരമില്ല. കിട്ടുന്നതെന്തോ, അതു ലാഭം. സിപിഎം, കോൺഗ്രസ്, മുസ്ലീംലീഗ്, സിപിഐ, കേരളകോൺഗ്രസ് വിഭാഗങ്ങൾ, ആർഎസ്പി എന്നീ മുഖ്യധാരാപാർട്ടികളെ സംബന്ധിച്ചു മികച്ച പ്രകടനം കാഴ്ചവയ്ക്കുക എന്നത് അഭിമാനപ്രശ്നമാണ്. സംസ്ഥാനഭരണത്തിന്റെ വിലയിരുത്തൽ ഉണ്ടാകുമെന്ന് എല്ലാ തിരഞ്ഞെടുപ്പുവേളയിലും പ്രതിപക്ഷം ആവേശപൂർവ്വം പറഞ്ഞിട്ടുണ്ട് കേരളത്തിൽ. എന്നാൽ, ഇപ്രാവശ്യം അത്തരമൊരു പ്രഖ്യാപനം യുഡിഎഫിന്റെ ഭാഗത്തുനിന്ന് ഇതുവരെ ഉണ്ടായിട്ടില്ല. ഇടതുമുന്നണിയും അതിനു തുനിഞ്ഞിട്ടില്ല. ജനവിധി സംബന്ധിച്ച് എല്ലാവർക്കും വ്യക്തതക്കുറവുണ്ട് എന്നു സാരം. കൂടാതെ, 2015 ലെ രാഷ്ട്രീയ-സാമൂഹികപരിസ്ഥിതിയല്ല ഇപ്പോൾ കേരളത്തിലുള്ളത്. ഒരു പടികൂടി കടന്നു വിലയിരുത്തിയാൽ യുഡിഎഫ് 2015 ൽ ഏതു സ്ഥിതിയിലായിരുന്നോ അതിനോട് ഏറെക്കുറെ സാമ്യമുള്ള സ്ഥിതിവിശേഷമാണു ഭരണപക്ഷത്തെ സംബന്ധിച്ചു നിലവിലുള്ളത്. ഈ യാഥാർത്ഥ്യം ഇടതുപക്ഷത്തിന്റെ നെഞ്ചിടിപ്പു കൂട്ടാൻ പര്യാപ്തമാണ്. അതേ മാനദണ്ഡം വച്ചു യുഡിഎഫിന്റെ നിലവിലെ സ്ഥിതി പരിശോധിച്ചാൽ മറ്റൊരു കാര്യം വ്യക്തമാകും. 2015 ൽ യുഡിഎഫ് സർക്കാരിനെതിരേ ഇടതുമുന്നണി ഒറ്റക്കെട്ടായിരുന്നു. എണ്ണയിട്ട യന്ത്രംപോലെയാണ് അവർ പ്രവർത്തിച്ചത്. അത്രമാത്രം കെട്ടുറപ്പ് യുഡിഎഫിൽ ഇല്ല. മുന്നണിക്കുള്ളിലെ പ്രശ്നങ്ങൾതന്നെ ഒരു കെട്ടുണ്ട്, പരിഹരിക്കാൻ. ഈ സ്ഥിതിവിശേഷം യുഡിഎഫിന്റെ നെഞ്ചിടിപ്പു വർദ്ധിപ്പിക്കുന്നതാണ്. അതേസമയം, ഇടതുമുന്നണിക്കു നേരിയ പ്രതീക്ഷ പകരുകയും ചെയ്യുന്നു. എങ്കിലും ആർക്കു മേൽക്കൈ കിട്ടും എന്നുറപ്പിച്ചു പറയാൻ കഴിയുന്ന സാഹചര്യം ഇപ്പോഴും ഉരുത്തിരിഞ്ഞിട്ടില്ല.

ഇടതുമുന്നണിക്കു ഗംഭീര വിജയം സമ്മാനിച്ച തിരഞ്ഞെടുപ്പായിരുന്നു 2015 ലെ തദ്ദേശതിരഞ്ഞെടുപ്പ്. 14 ജില്ലാപഞ്ചായത്തുകളിൽ ഏഴെണ്ണംവീതം ഇടതുമുന്നണിയും യുഡിഎഫും വിജയിച്ചു. ആകെയുള്ള 152 ബ്ലോക്കു പഞ്ചായത്തുകളിൽ 92 ലും വിജയം ഇടതിനായിരുന്നു. യുഡിഎഫിനു ഭരണം പിടിക്കാനായത് 60 ഇടങ്ങളിലും. ഗ്രാമപഞ്ചായത്തിലേക്കു വന്നാൽ ആകെയുള്ള 941 ൽ 577 ഇടങ്ങളിലും ഇടതുമുന്നണിയാണ് അധികാരത്തിലെത്തിയത്. യുഡിഎഫിന് 347, ബിജെപിക്ക് 12, മറ്റുള്ളവർക്ക് 5 പഞ്ചായത്തുകൾ വീതം അധികാരം ലഭിച്ചു. തിരഞ്ഞെടുപ്പു നടന്ന 85 മുനിസിപ്പാലിറ്റികളിൽ 45 ഇടങ്ങളിൽ അധികാരമുറപ്പിക്കാൻ ഇടതുമുന്നണിക്കു സാധിച്ചു. 40 എണ്ണം യുഡിഎഫ് ഭരണത്തിലുമായി. സംസ്ഥാനത്തെ ആറു കോർപറേഷനുകളിൽ അഞ്ചും ഇടതുമുന്നണിഭരണത്തിലാകുന്ന കാഴ്ചയാണ് 2015 ൽ കണ്ടത്. ബാക്കി ഒന്നു നേടി യുഡിഎഫും. സംസ്ഥാന-ദേശീയവിഷയങ്ങൾ ഒരുപാടുണ്ടെങ്കിലും തദ്ദേശതിരഞ്ഞെടുപ്പിൽ തികച്ചും പ്രാദേശികമായ വിഷയങ്ങളാണു വിജയം ആർക്ക് എന്നതിൽ നിർണായകമാവുക യെന്നാണു പൊതുവിലുള്ള വിലയിരുത്തൽ. അതു സംസ്ഥാനം ഭരിക്കുന്ന ഇടതുമുന്നണിക്കും കേന്ദ്രം ഭരിക്കുന്ന ബിജെപിക്കും ആശ്വാസമേകുന്ന ഘടകമാണ്.

തിരഞ്ഞെടുപ്പിനോടനുബന്ധിച്ചു രാഷ്ട്രീയപ്പാർട്ടികളുടെ തയ്യാറെടുപ്പു സംബന്ധിച്ച് എല്ലാ പ്രാവശ്യവും ഉയരുന്ന ഒരു സ്ഥിരം പല്ലവിയുണ്ട്: കോൺഗ്രസിന് ഉത്സാഹക്കുറവും ഉദാസീനതയും, സിപിഎമ്മിനു കാലേകൂട്ടിയുള്ള ആസൂത്രണവും പരിപാടികളും. ഇത്തവണയും ഈ പല്ലവി ആവർത്തിക്കുകയുണ്ടായി. ഒരു വർഷം മുമ്പേ സിപിഎം തിരഞ്ഞെടുപ്പൊരുക്കങ്ങൾ തുടങ്ങിയിരുന്നു. കൃത്യമായി പറഞ്ഞാൽ 2019 ഡിസംബർ മൂന്നാം വാരം. അന്നു ചേർന്ന സംസ്ഥാന കമ്മിറ്റി 2020 ലെ തദ്ദേശതിരഞ്ഞെടുപ്പു ചർച്ച ചെയ്തു.

മുൻകാലകണക്കുകളും ഫലവും എന്തുതന്നെയായാലും ഇപ്പോൾ സാഹചര്യം തികച്ചും വിഭിന്നമാണ്. കൊവിഡ്‌വ്യാപനവും സാമ്പത്തികസ്തംഭനാവസ്ഥയുമാണ് അതിനു കാരണം. അതുകൊണ്ടുതന്നെ പ്രവചനാതീതം എന്നു വിലയിരുത്തുന്നതാവും ഉചിതം. ക്രാഷ് എൻട്രി കണക്കെ രണ്ട് ഉപതിരഞ്ഞെടുപ്പുകൾകൂടി ഇതിനിടയ്ക്കു വന്നുപെട്ടിരിക്കുന്നു. കുട്ടനാട്, ചവറ നിയമസഭാമണ്ഡലങ്ങളിലേക്കുള്ളത്. ആറുമാസംപോലും കാലാവധിയില്ലാത്ത നിയമസഭയിലേക്ക് എന്തിനിപ്പോൾ തിരഞ്ഞെടുപ്പ് എന്ന ന്യായമായ ചോദ്യം സജീവം. തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനോടും ഏതു ഭരണഘടനാസ്ഥാപനത്തോടും പൗരനു നിർദ്ദയമായി ചോദ്യം ചോദിക്കാനുള്ള സാഹചര്യമാണ് ജനാധിപത്യം. തിരഞ്ഞെടുപ്പുഫലം പ്രവചനാതീതമാകുക എന്നതു ശക്തമായ ജനാധിപത്യസംവിധാനത്തിന്റെ മറ്റൊരു സവിശേഷതയും. □



ചിരിപൊരി താവളം



Deepanalam Weekly

RNI No : 16998/68
Vol. 53 No. 19 Date of Publication 10 September 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

ലിത്തോസ് പാവിംഗ് ടൈൽസ്
നിങ്ങളുടെ മുറ്റം
കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും



LITHOS PAVING TILES
ISO 9001:2015





Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008



ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

KTS PRODUCTS

ISO 9001-2008
Certified Company

കുന്നേൽ കോക്കനെട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ



അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.com